# സുന്നി അഫ്കാർ

2011 ജനുവരി 05 | 30 മുഹർറം 1432 | പുസ്തകം 01 ലക്കം 17


**15/വികെ മുഹമ്മദ്കുട്ടി ഫൈസി**
കനിഞ്ഞുകിട്ടിയ
ഖുർആൻ സൗഭാഗ്യം

**22/ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനി**
ഖാസി ഇയാളി(റ)ന്റെ ബുദ്ധിശക്തി

തട്ടിപ്പു പ്രളയത്തിൽ
മുങ്ങുന്ന കേരളം





08
ശുഐബ് നഫീസ് വാരാമ്പറ്റ

കേരളം കുടിയൻമാരുടെ
നാട്; സഭയും





12
പിണങ്ങോട് അബൂബക്ർ

തുഹ്ഫത്തുൽ മുജാഹിദീൻ
കേരള ചരിത്രത്തിന്റെ
കനലും കാതലും





18
മഹ്മൂദ് പനങ്ങാങ്ങര

**26/പി മുഹമ്മദ് റഹ്മാനി മഞ്ചേരി**
അത്‌ലസുസീറത്തുന്നബവിയ്യ

**28/ബഷീർ കാട്ടുമുണ്ട**
വേണ്ടാത്തതിനു പോകരുത് മകളേ...

**30/ജലീൽ ഫൈസി പുല്ലങ്കോട്**
പ്രതിഫലങ്ങളുടെ അനന്ത സാധ്യതകൾ

വായനക്കാരുടെ എഴുത്തുകൾ
എഡിറ്റോറിയൽ
കവിത
വാർത്തകൾ
വിചാരപഥം



**വില 5 രൂപ**
സമസ്താലയം, ചേളാരി
തേഞ്ഞിപ്പലം - 673 636
മലപ്പുറം ജില്ല, കേരള
ഫോൺ: 0494 2400938
sunniafkar@gmail.com

**മാനേജിങ് ഡയറക്ടർ : പാണക്കാട് സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ**

**ചീഫ് എഡിറ്റർ**
പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ
**എക്സിക്യൂട്ടീവ് എഡിറ്റർ**
പിപി മുഹമ്മദ് ഫൈസി
**എഡിറ്റർ**
വേങ്ങൂർ സ്വലാഹുദ്ദീൻ റഹ്മാനി

**എക്സിക്യൂട്ടീവ് ഡയറക്ടർ**
ഹാജി കെ മമ്മദ് ഫൈസി
**ജനറൽ മാനേജർ**
അബ്ദുസ്സമദ് പൂക്കോട്ടൂർ
**പബ്ലിഷർ**
എംപിഎം അസ്സൻ ശരീഫ് കുരിക്കൾ

**സർക്കുലേഷൻ**
സിപി ഇഖ്ബാൽ
**കവർ**
ശംസീർ
**ലേ-ഔട്ട്**
ഹമീദ് മേൽമുറി

## വായനക്കാരുടെ എഴുത്തുകൾ

കത്തുകൾ ഇ-മെയിലും ചെയ്യാം: editorsunniafkar@gmail.com



# കേരളം മൊബൈലുകളുടെ ഡബ്ബിംഗ് യാഡാകുന്നു

**അബ്ദുൽ ഹമീദ് ചേലേമ്പ്ര**
പുല്ലിപ്പറമ്പ്, മലപ്പുറം

**ക**ത്തി പോലും ഇത്രമാത്രം ദുരന്തങ്ങൾ ലോകത്ത് വരുത്തിവെച്ചിട്ടില്ല. ഹിരോഷിമയിലും നാഗസാക്കിയിലും വീണുപൊട്ടിയ ആറ്റംബോംബുകൾ ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഇന്നും ദുരന്തമാകുന്നുണ്ട്. ലോകത്ത് നടന്ന രണ്ട് മഹായുദ്ധങ്ങളോ വിവിധ രാജ്യങ്ങൾ തമ്മിൽ നടന്ന യുദ്ധങ്ങളോ കുറെ പ്രദേശങ്ങളെ വേട്ടയാടിയിരുന്നുവെന്ന് പറയുന്നതും ശരിയാണ്.

പഴയകാലത്ത് 'മലപ്പുറം കത്തി' യായിരുന്നത്രെ ഏറ്റവും മാരകം. അങ്ങനെ ഒരു ധാരണ കേരളം മുഴുക്കെയുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. ഒരിക്കൽ തിരുവനന്തപുരത്ത് ഒരു ഉന്നതോദ്യോഗസ്ഥൻ മലപ്പുറത്തു നിന്ന് വന്ന തന്റെ കീഴ് ഉദ്യോഗസ്ഥനോട് ചോദിച്ചു: "നീ മലപ്പുറത്ത് നിന്നല്ലേ വരുന്നത്? നിന്റെ അരയിൽ കത്തിയുണ്ടോ?" ഉടനെ വന്ന കീഴ് ഉദ്യോഗസ്ഥന്റെ ഉപ്പേരി:

"മലപ്പുറത്തുകാർ കത്തി കൊണ്ടു നടക്കുന്നത് കൃഷി ആവശ്യത്തിനാണ്. ചിലപ്പോൾ അത് ഇങ്ങനെയും (കയ്യിൽ കത്തി പിടിക്കുന്നതും വയറിന് നേരെ കുത്താൻ ഒരുങ്ങുന്നതും ആംഗ്യത്തിലൂടെ കാണിച്ച്) ഉപയോഗിക്കും." അവിടെ കൂടിയിരുന്നവർ പൊട്ടിച്ചിരിയാണ് മറുപടി നൽകിയത്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ സമാധാനം കളിയാടുന്ന പ്രദേശമാണ് മലപ്പുറം എന്ന് ഏവരാലും അംഗീകരിക്കപ്പെട്ട കാര്യമാണ്. ഒരു പുതിയ തരം കത്തി കുറച്ചു മുമ്പ് രംഗപ്രവേശം ചെയ്തിരുന്നു. 'എസ് കത്തി.' ആ കത്തി കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നതല്ല എന്നത് നമുക്കൊക്കെ അറിയാം.

കത്തിയേക്കാളും തോക്കിനേ

ക്കാളും ബോംബിനെക്കാളും ദുരുപയോഗം ചെയ്യപ്പെടുന്നത് ഇപ്പോൾ മൊബൈൽ ഫോണുകളാണ്. ഒരു മൊബൈൽ ഫോണെങ്കിലും കൈവശംവെക്കാത്ത ആളുകൾ കുറവാണ്. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സകല ഗുണഫലങ്ങളും എത്ര ചെറുതാക്കാമോ അതായി മാറിക്കൊണ്ടിരിക്കുകയാണ് മൊബൈൽ ഫോണുകൾ. സ്കൂളുകളിലും കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏതാണ്ടെല്ലാ മേഖലകളിലും ഒരു വിവര കൈമാറ്റ ഉപകരണമെന്നതിനപ്പുറം ഇത് വളർന്നുകൊണ്ടിരിക്കുന്നു. കുറച്ച് മുമ്പ് മീഞ്ചന്തയിൽ ട്രെയിൻ തട്ടി രണ്ടു എട്ടാം ക്ലാസ് വിദ്യാർത്ഥികൾ മരിച്ചു. അവരുടെ കൈയ്യിലെ മൊബൈൽ ഫോണായിരുന്നുവത്രെ ദുരന്തത്തിന് കാരണം. ഇയർഫോണിലൂടെ പാട്ടാസ്വദിച്ച് ട്രാക്കിലൂടെ നടന്നിരുന്ന കുട്ടികൾ ട്രെയിൻ വരുന്നത് കണ്ടില്ല-അവർ അന്ധരായിരുന്നില്ലെങ്കിലും. പൊതുകിണറിന്റെ കരയിലിരുന്ന് സംസാരിച്ചു കൊണ്ടിരുന്ന യുവാവ് കിണറ്റിൽ വീണു മരിച്ചതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കടലുണ്ടിയിൽ റെയിൽപാളം മുറിച്ചു കടന്ന യുവതി ട്രെയിൻ തട്ടി മരിച്ചതും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു. പരിസരം മറന്നുള്ള സമൂഹത്തിന്റെ ഈ പോക്ക് എങ്ങോട്ടാണ്?

2014-ൽ ഇന്ത്യയിൽ മൊബൈൽ ഫോൺ ഉപഭോക്താക്കളുടെ എണ്ണം 100 കോടിയാകുമത്രെ. ഇന്ത്യയുടെ ജനസംഖ്യയിൽ 97 ശതമാനം പേർക്കും ഫോൺ! 2009-ൽ വെറും 52.5 കോടിയായിരുന്നു മൊബൈൽ ഫോൺ വരിക്കാരുടെ എണ്ണം. 2010-ൽ അത് 77 കോടിയായി ഉയർന്നു. നമ്മുടെ മുന്നിൽ ചൈന മാത്രം -88 കോടി.

ഇരട്ട സിം ഇടാവുന്ന സെറ്റുകൾ ഇന്ന് ലഭ്യവുമാണ്. ഇവയിൽ ക്യാമറ, വീഡിയോ പ്ലെയർ, റെക്കോഡർ എന്നിങ്ങനെ സകല മൾട്ടിമീഡിയ സൗകര്യങ്ങളും ഉറപ്പ്. എല്ലാവരും പുതുപുത്തൻ വാങ്ങിക്കൊണ്ടിരിക്കുന്നു. മൊബൈൽ ടവറുകളും വർധിച്ചുകൊണ്ടിരിക്കുന്നു. അവ പരിസ്ഥിതിക്ക് വരുത്തുന്ന ആഘാതം എത്രമാത്രമാണെന്ന് ശരിയായ പഠനത്തിലൂടെ പുറത്തുവരാനിരിക്കുകയാണ്.

രാജ്യത്തെ പുതുതലമുറ ഫോണുകളായ മൈക്രോ മാക്സ്, സ്പൈസ്, സെൽ, കാർബൺ, റേ തുടങ്ങിയവ കുറഞ്ഞ ചെലവിൽ അത്യാധുനിക സൗകര്യങ്ങളാണ് നൽകുന്നത്. ഇവയിൽ കള്ളനോട്ട് കണ്ടുപിടിക്കൽ, കൊതുകുനശീകരണം വരെ ഉണ്ടത്രെ. ഇന്ത്യയിൽ പ്രതിമാസം ഇറങ്ങുന്ന എട്ടുകോടി മൊബൈൽ സെറ്റുകളിൽ അധികവും വിറ്റഴിയുന്നത് ഗ്രാമ-അർദ്ധ നഗര പ്രദേശങ്ങളിലാണ്. ഇവയിൽ ഇന്ററാക്ടീവ് വോയ്സ് ബ്ലോഗ്, ഇന്ററാക്ടീവ് വോയ്സ് ചാറ്റ്, വെബ്ഡിസൈൻ എന്നിവയും ലഭ്യമാണ്. പോരെ പൂരം!

കമ്പനികളുടെ വരുമാനത്തിന്റെ 10 ശതമാനം മാത്രമാണ് ഡാറ്റാ സർവീസിലൂടെ ലഭിക്കുന്നത്. 85 ശതമാനവും എസ്.എം.എസിലൂടെയാണ്. റിയാലിറ്റി ഷോകൾ വ്യാപകമാകുന്നതിന്റെ ഗുട്ടൻസ് ഇപ്പോൾ പിടികിട്ടിയല്ലോ? ഗ്രാമങ്ങളിലെ ചെറുപ്പക്കാർ 5-6 മണിക്കൂർ മൊബൈലിനു മുന്നിൽ ചെലവഴിക്കുന്നുണ്ട്. ഇതിൽ കൂടുതൽ സമയം പാട്ടുകേൾക്കാനാണ് ഉപയോഗിക്കുന്നത്. പാട്ടു കേൾക്കാൻ ഇയർ ഫോണുകളുണ്ട്. ആരെയും ശല്യപ്പെടുത്താതെ ഗാനങ്ങളാസ്വദിക്കാം.

മിസ്ഡ് കോളിലൂടെ വശീകരിച്ച് പീഡനം നടത്തുന്നത് മൊബൈൽ തരംഗത്തോടൊപ്പം വ്യാപകമാകുന്നു. സോഷ്യൽ നെറ്റ്വർക്കിംഗ് സംവിധാനം യുവാക്കളാണ് കൂടുതലും ഉപയോഗിക്കുന്നതെന്ന് നോക്കിയ നടത്തിയ ഒരു പഠനത്തിൽ വ്യക്തമായിരുന്നു. ഗ്രാമീണ ഉപഭോക്താക്കൾക്ക് ആരോഗ്യ-സാമ്പത്തിക സേവനങ്ങൾ മൊബൈൽ കമ്പനികൾ ഒരുക്കുന്നത് മനസ്സിലാക്കാം. കത്തിപോലുള്ള മാരക ഉപകരണങ്ങൾ ഇത്രമാത്രം ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ല എന്ന് തീർത്തു പറയാൻ സാധിക്കും.

സ്റ്റാറ്റസ് സിംബലായി കൊണ്ടു നടക്കുന്ന മൊബൈൽ ഫോണുകളുടെ ദുരുപയോഗം നിരവധി കുടുംബങ്ങളെ അനാഥമാക്കികഴിഞ്ഞു. കുടുംബബന്ധങ്ങളെ ശിഥിലമാക്കി, കുട്ടികളുടെ പഠനനിലവാരം താഴ്ത്തി, സമൂഹത്തിൽ അരുതായ്മകൾ വ്യാപകമായി, മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു സമൂഹം മെല്ലെമെല്ലെ ഇല്ലാതായി കൊണ്ടിരിക്കുന്നു. അനുവദനീയം, നിഷിദ്ധം എന്നിവയുടെ അതിർവരമ്പുകൾ മാഞ്ഞുതുടങ്ങി. എല്ലാം ഹലാൽ എന്ന നില വന്നുകൊണ്ടിരിക്കുന്നു.

അമ്പലപ്പുഴയിൽ മൂന്നു വിദ്യാർത്ഥിനികൾ ആത്മഹത്യ ചെയ്യാനിടയായ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ലഭ്യമായതോടെയാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ മൊബൈൽ ഫോണുകൾ സ്കൂളിൽ നിരോധിച്ചത്. ആരംഭശൂരത്വം പ്രകടമാക്കിയെന്നല്ലാതെ ഇന്നെല്ലാം പഴയപടി തന്നെ. അധ്യാപകർ കർശനമായി നിയമം നടപ്പാക്കുന്നില്ലെന്ന് രക്ഷിതാക്കളും രക്ഷിതാക്കൾ അലംഭാവം കാണിക്കുകയാണെന്ന് അധ്യാപകരും കുറ്റപ്പെടുത്തുന്നു. അധ്യാപകർ പിടിച്ചെടുക്കുന്ന മൊബൈൽ ഫോണുകളിൽ അശ്ലീല വീഡിയോ ചിത്രങ്ങളും കണ്ടത്രെ. ഏഴാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്ന് പിടിച്ചെടുത്ത മൊബൈൽ ഫോണുകളിൽ വരെ നീലച്ചിത്രങ്ങളായിരുന്നു! കുട്ടികളെ പുറത്താക്കാൻ തീരുമാനിച്ചാൽ രക്ഷിതാക്കളും രാഷ്ട്രീയക്കാരും ഇടപെടുന്നു.

ചൈനീസ് മൊബൈലുകൾക്ക് വില കുറവാണ്. അവരുടെ ഡമ്പിംഗ് യാഡ് ആയി ഇന്ത്യ, പ്രത്യേകിച്ച് കേരളം മാറുന്ന ദിനങ്ങൾ വിദൂരമല്ലെന്ന് നാം തിരിച്ചറിയണം. കുട്ടികളുടെ വഴിവിട്ട പോക്കിന് ഒരു കാരണമായി മൊബൈൽ ഫോൺ മാറുന്നില്ലേ? ഗൗരവമായ ഒരു ചിന്ത ഇക്കാര്യത്തിലുണ്ടാകുന്നില്ലെന്ന കാര്യം ഞെട്ടിപ്പിക്കുന്നതാണ്.

സുന്നി അഫ്കാർ
വാരിക
**വരിസംഖ്യ**
**ഒരു വർഷം 250/-**
**ആറു മാസം 125/-**

# വിജ്ഞാനത്തിന്റെ മഹത്വം

**ഫൗസിയ എൻ മണ്ണിൽപിലാക്കൽ**
കൂരിയാട്, മലപ്പുറം

**സാം**സ്ക്കാരികമായി മനുഷ്യൻ അനുദിനം കുതിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനാൽതന്നെ സമൂഹത്തിൽ വിജ്ഞാനമെന്ന അമൂല്യസമ്പത്തിന്റെ പ്രാധാന്യമേറിക്കൊണ്ടിരിക്കുന്നു. വൈജ്ഞാനികമായി ഉയർന്നവരോട് ഇടപഴകാനും ലോകത്തിന്റെ കുതിപ്പ് മനസ്സിലാക്കാനും, അതിനപ്പുറം സാധാരണ ജീവിതം നയിക്കാൻ വരെ വിജ്ഞാനം അത്യന്താപേക്ഷിതമാണ്. ഇന്ന് ഈ മേഖലയിൽ കടുത്ത മത്സരമാണ് നടന്നുകൊണ്ടിരിക്കുന്നത്.

വിജ്ഞാന സമ്പാദനത്തെ വളരെയേറെ പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്ലാം. വായിക്കുക (ഇഖ്റഅ്) എന്ന തിരുവചനം കൊണ്ടാരംഭിക്കുന്ന വിശുദ്ധ ഖുർആൻ നമ്മോട് വായിച്ച് അറിവ് നേടാനാണ് ആഹ്വാനം ചെയ്യുന്നത്. "വിജ്ഞാനം സത്യവിശ്വാസിയുടെ കളഞ്ഞുപോയ സമ്പത്താണ്. അതെവിടെ കണ്ടാലും പൊറുക്കിയെടുക്കുക" എന്ന തിരുനബിയുടെ വചനം എത്ര അർത്ഥവത്താണ്! അതിനാൽ നാം ഓരോരുത്തരും വിജ്ഞാനസമ്പാദനത്തിന് മുന്നിട്ടിറങ്ങണം. "പിരിമുറുക്കം ലഘൂകരിക്കുന്ന പ്രക്രിയയാണ് പഠനം" എന്നാണ് ഗാർഡനർ മർഫി പറഞ്ഞിട്ടുള്ളത്. ഒരു മനുഷ്യൻ ജനനം മുതൽ മരണം വരെ വിദ്യാർത്ഥിയാണ്, അഥവാ വിദ്യ അർത്ഥിക്കുന്നവനാണ്. അറിവ്, നന്മ, ഭക്തി എന്നിവയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. മനുഷ്യന് സാമൂഹിക ജീവിതം നയിക്കാൻ വിജ്ഞാനം നേടൽ നിർബന്ധമാണ്.

വിജ്ഞാനം കർമങ്ങളുടെ അടിത്തറയും സാരഥിയും അവയെ ശരിപ്പെടുത്തുന്നതുമാണ്. കർമങ്ങളില്ലാത്ത വിജ്ഞാനം നിഷ്ഫലമായത് പോലെ വിജ്ഞാനമില്ലാത്ത കർമ്മങ്ങളും നിഷ്ഫലമായിരിക്കും. കർമവും വിജ്ഞാനവും പരസ്പരം പൂരകങ്ങളാണ്.

"നിശ്ചയം പണ്ഡിതന്മാർ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ. നിങ്ങളിൽനിന്ന് സത്യവിശ്വാസം കൈക്കൊണ്ടവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പദവികൾ നൽകി ഉയർത്തുന്നതാണ് (വിശുദ്ധ ഖുർആൻ)

തിരുമേനി(സ): "വിജ്ഞാനം തേടി ഒരാൾ ഒരു വഴിയിൽ പ്രവേശിച്ചാൽ സ്വർഗത്തിലേക്കുള്ള ഒരു മാർഗ്ഗം അവന് അല്ലാഹു സുഗമമാക്കികൊടുക്കുന്നതാണ്." വിദ്യാർത്ഥിക്കുവേണ്ടി മലക്കുകൾ ചിറക് വിരിച്ചുകൊടുക്കും. ആകാശ ഭൂമിയിലുള്ള സർവ്വരും സമുദ്രങ്ങളിലുള്ള മത്സ്യങ്ങൾ വരെ പൊറുക്കലിനെ തേടുന്നതാണ്. നിശ്ചയം പണ്ഡിതന്മാർ അമ്പിയാക്കളുടെ അനന്തരാവകാശികളാണ്. ദീനാറോ ദിർഹമോ അവർ വിട്ടേച്ചുപോയിട്ടില്ല, ഇവിടെ അവർ ഉപേക്ഷിച്ചുപോയത് വിജ്ഞാനം മാത്രമാണ്. അത് കൊണ്ട് ആർ വിജ്ഞാനമാർജിച്ചുവോ അവന് സമ്പൂർണ്ണ സൗഭാഗ്യമാണ് കൈവരിക്കാൻ കഴിഞ്ഞത്.

ഖുർആനിൽനിന്ന് ഒരു ആയത്ത് പഠിക്കുന്നത് നൂറ് റക്അത്ത് നിസ്കരിക്കുന്നതിനേക്കാൾ പുണ്യമുള്ളതും അതുപോലെ ഇൽമിന്റെ ഒരധ്യായം പഠിക്കുന്നത് ആയിരം റക്അത്ത് നമസ്കരിക്കുന്നതിനേക്കാൾ ഉത്തമമാണെന്നുമാണ് തിരുനബി പഠിപ്പിക്കുന്നത്.

മതപരമായി പഠിക്കാനായി അനുശാസിക്കപ്പെട്ടവ ഫർള് ഐനും, ഫർള് കിഫായയുമാണ്. ശരീഅത്ത് നിയമം ബാധകമായ ഓരോ മനുഷ്യനും നിർബന്ധമായും പഠിച്ചിരിക്കേണ്ടവയാണ് ഫർള്ഐൻ. ഇവ നമുക്ക് പരിശോധിക്കാം:

അഹ്ലുസുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ കാര്യങ്ങൾ:- പുത്തനാശയങ്ങളും തെറ്റിദ്ധാരണകളും മറ്റും നടമാടുന്ന ഇക്കാലത്ത് നന്മയേത്, തിൻമയേത് എന്ന് വേർത്തിരിച്ചറിയാനും അതനുസരിച്ചു പ്രവർത്തിക്കാനും ഈ വിജ്ഞാനം അനിവാര്യമാണ്.

നോമ്പ്, നിസ്കാരം, ഹജ്ജ്, സകാത്ത് മുതലായ ആരാധനാകർമ്മങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ അറിവ്.

കാര്യങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കൽ, പടച്ചവനെ പേടിക്കൽ, വിധികളിലുള്ള സംതൃപ്തി തുടങ്ങി ഹൃദയവുമായി ബന്ധപ്പെടുന്ന അറിവ്.

സൽസ്വഭാവം, ദുസ്സ്വഭാവം ഇവ വേർതിരിച്ചറിയാനുള്ള അറിവ്. സൽസ്വഭാവം ജീവിതത്തിൽ പകർത്തുകയും, വിരോധിക്കപ്പെട്ട കാര്യങ്ങൾ അറയുകയും അവ ജീവിതത്തിൽ നിന്നകറ്റി ജീവിതം നയിക്കുകയും ചെയ്യുക.

ഒരു മുസ്ലിം അറിയേണ്ടതും അല്ലാത്തതുമായ ധാരാളം കാര്യങ്ങളുണ്ട്. അല്ലാഹുവും റസൂലും കൽപിച്ചത് ജീവിതത്തിൽ പകർത്തുകയും വിരോധിച്ചത് വെടിയുകയും ചെയ്തു ഉത്തമ സമുദായമായി തീരുവാൻ നാം പ്രയത്നിക്കേണ്ടതുണ്ട്.

# പങ്കുവെപ്പിന്റെ ശാസ്ത്രം

**എല്ലാ** വഴികളെയും അവഗണിച്ച് ഒറ്റക്ക് കഴിഞ്ഞുകൂടുക മനുഷ്യന് സാധ്യമല്ല. പരസ്പര സഹകരണത്തിന്റെയും ആശ്രയത്വത്തിന്റെയും പങ്കാളിത്തത്തിന്റെയും സാധ്യതകൾ അടിക്കടി കൂടിവരുന്ന ലോകത്ത് വിശേഷിച്ചും. എത്ര മാറിനിൽക്കാൻ ശ്രമിച്ചാലും നേരിട്ടോ അല്ലാതെയോ നമ്മൾ മറ്റുള്ളവരെ ആശ്രയിച്ചുകൊണ്ടേയിരിക്കുന്നു.

മനുഷ്യൻ മാത്രമല്ല ഇങ്ങനെ. എല്ലാ പടപ്പുകളുടെയും നിലനിൽപ്പിന് പങ്കുവെപ്പിന്റെ ഒരു ശാസ്ത്രമുണ്ട്. 'ശാഖകൾ പരസ്പരം ഒട്ടിനിൽക്കരുതെന്ന് കരുതി അകറ്റി നട്ടു മരങ്ങളെ നാം/നാം തന്നെ അറിയാതെ മണ്ണിനടിയിൽ കെട്ടിപ്പിടിച്ചു വേരുകളെ'ന്ന് ഒരു കവിതയുണ്ട്.

ആദ്യമനുഷ്യൻ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾതന്നെ കൂടെ ഒരാളില്ലാത്തതിന്റെ ബുദ്ധിമുട്ട് പറഞ്ഞു അല്ലാഹുവിനോട്. ജീവിതത്തിനു തന്നെ പങ്കാളിയായി ഒരു സ്ത്രീയെ പടച്ചുകൊടുത്തു അല്ലാഹു. ഇന്നും നമ്മുടെ ഭാര്യമാരെ കുറിച്ച് നമ്മൾ അതേ വാക്കിലും അർത്ഥത്തിലും ജീവിതപങ്കാളിയെന്ന് വിളിച്ചുപോരുന്നു.

തന്റെ സഹോദരന്റേതെന്നുകൂടി അർത്ഥമുണ്ടെങ്കിലേ വിശ്വാസിക്ക് സ്വന്തമെന്ന് പറയാൻ കഴിയൂ. തനിക്ക് മാത്രമായി ഒന്നും വിശ്വാസി കരുതിവെക്കുന്നില്ല. കുടുംബക്കാർക്കിടയിൽ, പരിചയക്കാർക്കിടയിൽ, മുന്നിൽ കാണുന്നവർക്കിടയിൽ.... അങ്ങനെയങ്ങനെ എല്ലാവർക്കുമിടയിൽ നമ്മുടേതെന്നു പറയുന്നതൊക്കെ നാം പങ്കുവെക്കുന്നു.

> ഭക്ഷണം, വാസ്ത്രം പാർപ്പിടം, ഇരിപ്പിടം എല്ലാം പങ്കുവെപ്പിനുള്ളതാണ്. 'ഇരിപ്പടങ്ങളിൽ നിങ്ങൾ അയവ് വരുത്തുക. അല്ലാഹു നിങ്ങൾക്ക് അയവ് വരുത്തുമെന്ന്' കൽപ്പിക്കപ്പെട്ടവരാണ് വിശ്വാസികൾ

എന്റെ ജീവിതം എന്റേതു മാത്രമല്ലെന്ന ബോധമുണ്ടാകുമ്പോൾ അത് എല്ലാവർക്കുമുള്ളതായിത്തീരുന്നു. നമ്മൾ മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നതിലാണ് പങ്കുവെപ്പിന്റെ മധുരമുള്ളത്. 'സ്വന്തത്തിന് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നതു വരെ നിങ്ങൾ ഒരാളും വിശ്വാസികളാകുകയില്ലെ'ന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഇരിപ്പിടം... എല്ലാം പങ്കുവെപ്പിനുള്ളതാണ്. യാത്രയിൽ ഇടക്കുവെച്ച് കയറിവരുന്ന സഹോദരനെ ഉള്ള സൗകര്യംവെച്ചിരുത്തി നമ്മൾ നമ്മുടെ ഇരിപ്പിടം വീതംവെച്ചു കൊടുക്കുന്നു. ഇനി ഒരാൾക്കും ഒഴിവില്ലെന്നു കരുതി വിശാലപ്പെടുത്തിയിരിക്കുന്നത് വിശ്വാസമല്ല. 'ഇരിപ്പിടങ്ങളിൽ നിങ്ങൾ അയവ് വരുത്തുക, അല്ലാഹു നിങ്ങൾക്ക് അയവ് വരുത്തു'മെന്ന് കൽപ്പിക്കപ്പെട്ടവരാണ് വിശ്വാസികൾ.

അരച്ചാൺ വയറിന്റെ കാര്യത്തിലും പങ്കുവെപ്പിന്റെ മെത്തഡോളജി പറയുന്നുണ്ട് മതം. ജീവൻ നിലനിർത്താൻമാത്രം കഴിച്ച് ബാക്കി സഹജീവികൾക്ക് ആവശ്യമെങ്കിൽ നിർബന്ധമായും കൊടുക്കാൻ ബാധ്യസ്ഥനാണ് വിശ്വാസി.

പറയാതെ കയറിവരുന്ന വീട്ടിലെ അതിഥികൾക്ക് ഉള്ളത് വെച്ചുവിളമ്പിക്കൊടുക്കുന്നു നാം. 'രണ്ടാളുകൾക്ക് തികയുന്നതാണ് ഒരാളുടെ ഭക്ഷണം, എട്ടു പേർക്ക് തികയും നാലു പേരുടെ ഭക്ഷണമെ'ന്ന് തിരുനബി(സ) പറഞ്ഞിട്ടുണ്ട്.

-എഡിറ്റർ



# തട്ടിപ്പു പ്രളയത്തിൽ മുങ്ങുന്ന കേരളം

പ്രധാന സ്റ്റോറി

**▸▸ശുഐബ് നഫീസ് വാരാമ്പറ്റ**

'**പു**കയില്ലാത്ത അടുപ്പുകൾ ആലുവക്കാർ കൊണ്ടുപോയപ്പോൾ പഠിപ്പും പരീക്ഷയുമില്ലാത്ത ജോലി ഞങ്ങളും കൊണ്ടോയി എന്നങ്ങ് കരുതിക്കളെ', ചുരത്തിന് താഴെ വോട്ട് ചെയ്യുന്ന ആരോ വെച്ച പ്രാദേശിക പാരക്ക് ചുരത്തിന് മുകളിലെ റേഷനരി വാങ്ങുന്നയാൾ പറഞ്ഞ മറുപടി ബസിൽ കൂട്ടച്ചിരി പടർത്തി. കുറ്റ്യാടി ച്ചുരം വഴി വയനാട്ടിലെത്തുന്നതിന് പതിനെട്ടാം പടി കയറി സന്നിധാനത്തിലെത്തുന്നതിനെക്കാൾ വലിയ കായികാധ്വാനം ആവശ്യമാണ്. നേരത്തോട് നേരംവെച്ച് ഏതാനും ചില പത്തായം ബസുകൾ മാത്രമേ ആ വഴിക്ക് വരികയുള്ളൂ. പെരുമഴയത്ത് ബസിൽ മീൻ കയറും; പൊരിവെയിലത്ത് വെന്തുരുകുകയും ചെയ്യും. അതിനിടയിൽ നല്ല നെടുനീളൻ മാമല സവാരി.

വയനാട്ടിൽ നാലാൾ കൂടുന്നേടത്തൊക്കെ ഇപ്പോൾ ചർച്ച നിയമന തട്ടിപ്പാണ്. എന്താണീ സാധനം എന്നറിയാത്തവർ പലയിടത്ത് നിന്നും കേട്ടും കട്ടും കവർന്നും അത്യുഗ്രൻ രാഷ്ട്രീയ നിരീക്ഷണങ്ങൾ നടത്തി ആൾക്കൂട്ടങ്ങളെ കുലുക്കുന്ന കാഴ്ചകൾ കാണേണ്ടതു തന്നെയാണ്. ഒന്നാം പേജിലെ ലീഡ് ലൈനും വാർത്താകേന്ദ്രവും ചുരത്തിന് മുകളിലേതാകുന്നത് അപൂർവ്വ ദൃക്കായതിനാൽ നാലാൾ കട്ടാലെന്താ എന്ന നിലപാടിൽ പെട്ട് ആവേശപ്പെടുന്നവരും ഇല്ലാതില്ല. കഴിഞ്ഞ പി.എസ്.സി. ടെസ്റ്റിൽ ഏഴ് സ്ഥാനത്തിന്റെ മാറ്റത്തിൽ നിയമനം നിഷേധിക്കപ്പെട്ട സുഹൃത്ത് ശിലീഫ് മോനെ കഴിഞ്ഞ ലീവിന് നാട്ടിൽ പോയപ്പോൾ കണ്ടു; പക്ഷേ സാധാരണപോലെ മുഷ്ടിചുരുട്ടി ചുമലിൽ സ്നേഹക്കുത്ത് തന്നി

ല്ല, ഊഷ്മളമായി ചിരിച്ചില്ല. ഞാൻ, കാരണം ചോദിച്ചതുമില്ല. കൊതിച്ചത് വിധിക്കുന്നില്ലെങ്കിൽ വിധി നീതീനമഃ അത്ര തന്നെ. അവനു കിട്ടേണ്ട തസ്തികയാവാം അഭിലാഷ് മുതലാളി 23 ലക്ഷത്തിന് മറിച്ചു വിറ്റത്. എന്തു ചന്തം!

ഒറീസയിൽ നടന്ന അഴിമതിയുടെ പേരിൽ നെടുമങ്ങാട്ട് പ്രതിഷേധ പ്രകടനം നടത്തിയ മനുഷ്യനാണ് ഇന്നീ നാടിന്റെ റവന്യൂ മന്ത്രി. അഴിമതി എന്നു കേട്ടാൽ വഴിമാറി നടന്നിരുന്ന പണ്ടത്തെ സദാചാരം വക്കുകൾ ചിതറിയ നിലയിൽ ലാമിനേഷൻ ചെയ്ത് തിരുവനന്തപുരത്തെ സർക്കാർ വക മ്യൂസിയത്തിലുണ്ട്. കൊല്ലവർഷം അധികം മുമ്പല്ലാത്തയൊരിക്കൽ 'ബസിന്റെ കായി' കൈക്കൂലി പറ്റിയതിന്റെ പേരിൽ വില്ലേജ് ആഫീസറെ ഇലക്ട്രിക് പോസ്റ്റിൽ കെട്ടിയിട്ട് മുഷ്ടിചിതറുവോളം തല്ലിത്തകർത്ത വിപ്ലവയൗവനങ്ങളുടെ ചെമ്പടസംഘമാണ് പുതിയ നിയമനനികൃഷ്ടതയുടെ പിന്നിലെന്ന 'ന്യൂസ്‌ലീക്ക്സ്' വെളിപ്പെടുത്തൽ അവരിലുണ്ടാക്കിയ അങ്കലാപ്പ് ചെറുതൊന്നുമല്ല. രണ്ടു കൊല്ലം മുമ്പ് 'പൊറുക്കപ്പെട്ട' നന്തി മുതലാളിയും ദേശാഭിമാനിക്ക് വേണ്ടി ജയരാജൻ തകിടംമറിച്ച രണ്ടു കോടി ബോണ്ടയും സാന്റിയാഗോ മാർട്ടിനും ഭൂട്ടാൻ ലോട്ടറിയുമൊക്കെ അരങ്ങ് കവർന്ന കമ്മ്യൂണിസ്റ്റ് കാട്ടപ്പക്കാതലിന് പുതിയ വാർത്തകൾ ഒട്ടും ശുഭോദർക്കമല്ലതാനും. അല്ലെങ്കിലും ഇപ്പോഴത്തെ അണ്ഡകടാഹക്കാറ്റ് തന്നെ ഇടതുപക്ഷ രാഷ്ട്രീയത്തിന് വൈറസും ബാക്ടീരിയയും പകർത്തുന്ന സാംക്രമണ സംഹാരമാണ്. ഇന്ത്യയിലും ചൈനയിലും വെനിസ്വലയിലും ക്യൂബയിലും പിന്നെ വയനാട്ടിലുമെല്ലാം അങ്ങനെ തന്നെ. താത്വികാധിഷ്ഠിതമായി അവർ നേരിടുന്ന കാലഹരണ ഭീഷണി മറച്ചുപിടിക്കാനും മാധ്യമ-ബൗദ്ധിക തിരസ്ക്കരണത്തിൽനിന്ന് രക്ഷപ്പെടാനും വേണ്ടി വിവാദങ്ങൾ ഉണ്ടാക്കിയെങ്കിലും വാർത്തകളിൽ നിറഞ്ഞു നിൽക്കുക എന്ന നാശംപിടിച്ച നിലപാടാണ് പുതിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ. സമാധാനത്തിന്റെ രാജ്യാന്തരീയ സന്ദേശങ്ങൾ പരിഗണിച്ച് ഈ വർഷത്തെ നൊബേൽ പുരസ്ക്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ട ചൈനയിലെ ജനാധിപത്യ നേതാവ് 'ലിയോ സിയാവ്'യെ ഭരണകൂടം തുറുങ്കിലടച്ചതും സമ്മാനദാനച്ചടങ്ങ് ബഹിഷ്ക്കരിക്കാൻ ഭരണകൂടം മാധ്യമങ്ങളെ നിർബന്ധിച്ചതും ലിയോക്കു പകരമായി സമ്മാനം വാങ്ങുന്നത് തടയാൻ ലിയോ സിയാവന്റെ സ്നേഹപാതിയെ വീട്ടു തടങ്കലിലാക്കിയതും ലോക കമ്മ്യൂണിസത്തെ കഴിഞ്ഞ വാരത്തിൽ ഏറെ വിമർശനവിധേയമാക്കിയിരുന്നു. ആയിടക്ക് തന്നെ, ഇന്ത്യയിൽ ഏറ്റവുമധികം ബലാൽക്കാര ലൈംഗിക സഹജീവനത്തിന് കുട്ടികൾ വിധേയമാവുന്നത് ഇടതു ഭരിക്കുന്ന ബാംഗാളിലാണെന്ന കണ്ടെത്തലുമായി 'വോയിസ്' മാഗസിൻ പുറത്തിറങ്ങിയതും അവർക്ക് ഇരുട്ടിലെ ഇരട്ട പ്രഹരമായി ഭവിക്കുകയായിരുന്നു. അപ്പോൾ പിന്നെ ബാക്കി ദുൻയാവും വിട്ട് വയനാട്ടിൽ പോവലാണ് നല്ലത് എന്നു പണ്ടേന്നൊ പണ്ടാരംപറഞ്ഞതിന്റെ പ്രായോഗിക സ്കോപായിരുന്നു ഇത്. പക്ഷേ, അവിടെയും തിരിച്ചേറു കൊണ്ടത് മാത്രം മിച്ചം; മെച്ചവും.

ലോകം തീർത്തും വിപണിയായ കാലത്ത് അഴിമതി ഒരു ബിസിനസ് ട്രിക്ക് മാത്രമാണ്. നിയമനത്തിന്റെ പഴുതും വിടവും നോക്കേണ്ട കാര്യം അതിന്റെ പിന്നിലെ മാഫിയ സംഘത്തിനില്ല എന്നതാണ് കണ്ടുവരുന്ന കാഴ്ച്ച. മറക്കു പിന്നിലെ മാഫിയക്കൂട്ടമാണ് ഇന്ന് നാടു ഭരിക്കുന്നത് എന്നത് വ്യക്തമാണ്. ഒരുകാലത്ത് വലിയ ലോകപരിജ്ഞാനമുള്ള പത്ര പാരായണക്കാരായ നാട്ടുപണ്ഡിതന്മാർ പറഞ്ഞിരുന്നു, മന്ത്രിമാരൊന്നുമല്ല സിവിൽ സർവീസ് ഉദ്യോഗസ്ഥരാണ് നാട് ഭരിക്കുന്നതെന്ന്. കുറച്ചു കാലം കഴിഞ്ഞപ്പോൾ റിഥം മാറ്റിപ്പറഞ്ഞു: ഇപ്പോൾ ലോകം ഭരിക്കുന്നത് മാധ്യമങ്ങളാണെന്ന്. ഇപ്പോഴിതാ അതും മാറിയിരിക്കുന്നു. മീഡിയാറാഡിസം എന്ന പെയ്ഡ് ജേർണലിസവും അതിന്റെ മറവിലെ ഗുണ്ടകളുമാണ് ഇന്നത്തെ ഹീറോകൾ. വാർത്തകൾ മറിച്ചൊടിക്കാനും കലർപ്പില്ലാത്ത ശുദ്ധനേരുകളുടെ കണ്ണും കാതും വെട്ടി വികലമാക്കാനും കരാർ ഏറ്റെടുത്ത ഒരു ബിനാമി, ചാനൽ പാനലിലും എഡിറ്റോറിയൽ ഡസ്ക്കിലുമുണ്ടെങ്കിൽ എത്രകോടിയും മുക്കി ഏത് കൊടിയും പൊക്കി എത്ര ആണ്ടിലോറികൾ കയറ്റിപ്പോയാലും ഒരു ചുക്കും ഭയപ്പെടാനില്ലാത്ത നാടാണിപ്പോൾ കേരളം. മാധ്യമ മാഫിയക്കാർക്ക് മുമ്പിൽ മന്ത്രിമന്നന്മാർ വരെ സർവ്വസന്ധിയും മടക്കി പൂജപുഷ്പ്പാർച്ചന നടത്തുമ്പോൾ നിയമപാലകരെ കുറ്റപ്പെടുത്തുന്നതിലർത്ഥവുമില്ല. ഓർക്കാപ്പുറത്ത് ഹെൽമറ്റ് ഇല്ലാതെ ബൈക്കെടുത്ത് മീൻ വാങ്ങാൻ പോയവനെ പിടിച്ച് കൈകാര്യം ചെയ്യുന്ന

മീഡിയാറാഡിസം എന്ന പെയ്ഡ് ജേർണലിസവും അതിന്റെ മറവിലെ ഗുണ്ടകളുമാണ് ഇന്നത്തെ ഹീറോകൾ. വാർത്തകൾ മറിച്ചൊടിക്കാനും കലർപ്പില്ലാത്ത ശുദ്ധനേരുകളുടെ കണ്ണും കാതും വെട്ടി വികലമാക്കാനും കരാർ ഏറ്റെടുത്ത ഒരു ബിനാമി, ചാനൽ പാനലിലും എഡിറ്റോറിയൽ ഡസ്ക്കിലുമുണ്ടെങ്കിൽ എത്രകോടിയും മുക്കി ഏത് കൊടിയും പൊക്കി എത്ര ആണ്ടിലോറികൾ കയറ്റിപ്പോയാലും ഒരു ചുക്കും ഭയപ്പെടാനില്ലാത്ത നാടാണിപ്പോൾ കേരളം. മാധ്യമ മാഫിയക്കാർക്ക് മുമ്പിൽ മന്ത്രിമന്നന്മാർ വരെ സർവ്വസന്ധിയും മടക്കി പൂജപുഷ്പ്പാർച്ചന നടത്തുമ്പോൾ നിയമപാലകരെ കുറ്റപ്പെടുത്തുന്നതിലർത്ഥവുമില്ല

പോലീസിന്റെ വീര്യവും ശൗര്യവും ഒന്നു നിഴലിക്കുകപോലുമില്ലല്ലോ കോടികൾ കട്ടു മുടിച്ചു തമ്പ്രാനെ കൈയ്യാമം വെച്ച് റിമാൻഡിലെടുക്കുമ്പോൾ. 'ഏമാനേ, ജോലിയുടെ ഭാഗമാണ്, കുടുംബത്തിന്റെ കഞ്ഞിയുടെ പ്രശ്നമാണ്, മാപ്പാക്കണേ' എന്ന പരിവേദന കലർന്ന ദൈന്യതയോടെയാകും അപ്പോൾ കാക്കിക്കാപട്യങ്ങൾ ക്രമം സാവധാനംവരുത്തുന്നത്.

നർമ്മനിരൂപകനും നിർമ്മാതാവുമായ ടിന്റുമോന്റെ ഒരു കിന്റൽ കഥയുണ്ട്. ഇന്ത്യക്കാരനും അമേരിക്കക്കാരനും ജപ്പാൻകാരനും ഒരു റസ്റ്റോറന്റിൽ വെച്ച് കണ്ടുമുട്ടിയത്രെ. പ്രാദേശികവും ദേശീയവുമായ അഭിമാനം പറച്ചിലിനിടെ അവരുടെ ചർച്ച പുതുതായി വിപണിയിലിറങ്ങിയ 'കള്ളനെപ്പിടി' യന്ത്രത്തെ കുറിച്ചായി. അമേരിക്കക്കാരൻ പറഞ്ഞു: ആ യന്ത്രം ഞങ്ങളുടെ നാട്ടിൽ വന്നപ്പോൾ ഒരു ദിവസം ശരാശരി നൂറ് കള്ളന്മാരെ പിടിച്ചു. ജപ്പാൻകാരൻ കേട്ടമാത്ര പറഞ്ഞു: ഞങ്ങളുടെ നാട്ടിൽ അമ്പതാളുകളെ ഒരു മണിക്കൂർ കൊണ്ട് പിടിച്ചു. രണ്ടും കേട്ട ഇന്ത്യക്കാരൻ പറഞ്ഞു: ഞങ്ങളുടെ നാട്ടിൽ ആ യന്ത്രത്തിന് ഒരു കള്ളനെയും പിടിക്കാൻ കഴിഞ്ഞില്ല. മറുപടി കേട്ടപ്പോൾ അവർ പറഞ്ഞു: കള്ളം കള്ളം. ഇന്ത്യക്കാരൻ തലതാഴ്ത്തി സംശയം തീർത്തു. കള്ളമല്ല, ഞാൻ പറഞ്ഞത് സത്യമാണ്. കാരണം, ആ യന്ത്രം നിരത്തിലിറക്കിയ ഉടനെ മന്ത്രിയുടെ ഏജന്റുമാരിൽ ആരോ ചിലർ വന്ന് അതും കട്ടുകൊണ്ടുപോയി!

ഒരു കായികമേളയുടെ പേരിൽ എഴുപത്തഞ്ച് ലക്ഷത്തിലധികം കോടി രൂപയുടെ അഴിമതി നടത്തിയ ദേശീയ കായിക മന്ത്രാലയമാണ് നമ്മുടേത് എന്ന വസ്തുത വെച്ച് നോക്കുമ്പോൾ ടിന്റുമോന് ഡോക്ടറേറ്റിന് അർഹതയുണ്ട്. കഴിഞ്ഞ വാരത്തിൽ നമ്മുടെ ദൃശ്യ, ശ്രാവ്യ, ലിഖിത മാധ്യമങ്ങളിൽ നിറഞ്ഞു നിന്ന 2 ജി സ്പെക്ട്രം അഴിമതിയുടെ പെരുക്കപ്പട്ടിക വായിക്കാൻ ചില്ലറ പാടൊന്നുമല്ല പെട്ടത്. ഒരു ലക്ഷത്തി എഴുപത്തയ്യായിരം കോടി രൂപയാണ് ടെലികോം മന്ത്രാലയവും രത്തൺ ടാറ്റയും നീരാറാഡിയയും നീർ സാംഘ്വിയും മറ്റുമൊക്കെ ചേർന്ന് ഉപ്പിലിട്ട് സൂക്ഷിച്ചത്. വലിയ തമാശ അതല്ല, സമീപ ഭാവിയിൽ സാർവ്വത്രികമാകാൻ സാധ്യതയുള്ള 4 ജിയുടെയും 3 ഡി, 4 ഡി സംവിധാനങ്ങളുടെയും സാധ്യതാപഠനങ്ങൾ നടത്തി ഖജനാവ് കൊള്ളയുടെ ഇതപര്യന്തമായ റെക്കോർഡ് സൃഷ്ടിക്കുന്ന ഒരുക്കത്തിലാണ് സത്യപ്രതിജ്ഞയും ചൊല്ലി മുഷ്ടിമടക്കി ജയ് ഭാരതും പറഞ്ഞ് അധികാരത്തിലേറിയ പലരുമിന്ന്. പിടിച്ചതിനേക്കാളും വലുത്, ഈ വിഷയത്തിൽ പയറ്റിത്തെളിഞ്ഞ വമ്പൻമാർ മാളത്തിലുണ്ടെന്ന് സുപ്രീം കോടതി തന്നെ നിരീക്ഷിച്ചതാണ്.

ഇന്ന് ജനിക്കുന്ന നവജാതപ്പൈതലിനെ കൂടി ചേർത്താലുള്ള ഇന്ത്യൻ ജനസംഖ്യയിലെ ഓരോരുത്തരും 1670 രൂപയിലധികം ബക്കറ്റിലിട്ടാൽ മാത്രമേ 2 ജി സ്പെക്ട്രം വഴി കവർച്ച ചെയ്യപ്പെട്ട തുക ശേഖരിക്കാനാകൂ എന്നാണ് കണക്ക്. ദേശീയം വിട്ട് കേരളത്തിൽ വന്നാലുള്ള കഥ വെച്ചാണ് നാം തുടങ്ങിയത്. വലിയ കോള് വന്നപ്പോൾ ചെറിയ കാറ്റ് മാഞ്ഞുപോയതുകൊണ്ടാണ് പലതും ചർച്ചക്ക് വരാത്തതിന്ന്. ലാവ്‌ലിൻ അഴിമതി തലവാചകമായ പത്രക്കടലാസുകൾക്ക് ഇപ്പോഴും പുതുമാനം നഷ്ടപ്പെട്ടിട്ടില്ല

ഇന്ന് ജനിക്കുന്ന നവജാതപ്പൈതലിനെ കൂടി ചേർത്താലുള്ള ഇന്ത്യൻ ജനസംഖ്യയിലെ ഓരോരുത്തരും 1670 രൂപയിലധികം ബക്കറ്റിലിട്ടാൽ മാത്രമേ 2 ജി സ്പെക്ട്രം വഴി കവർച്ച ചെയ്യപ്പെട്ട തുക ശേഖരിക്കാനാകൂ എന്നാണ് കണക്ക്. ദേശീയം വിട്ട് കേരളത്തിൽ വന്നാലുള്ള കഥ വെച്ചാണ് നാം തുടങ്ങിയത്. വലിയ കോള് വന്നപ്പോൾ ചെറിയ കാറ്റ് മാഞ്ഞുപോയതുകൊണ്ടാണ് പലതും ചർച്ചക്ക് വരാത്തതിന്ന്. ലാവ്‌ലിൻ അഴിമതി തലവാചകമായ പത്രക്കടലാസുകൾക്ക് ഇപ്പോഴും പുതുമാനം നഷ്ടപ്പെട്ടിട്ടില്ല.

പക്ഷേ, പന്തലിന് പുറത്തു പറയാൻ പാടില്ലാത്ത ഒരു കാതോരം സീക്രട്ടുണ്ട് ഇപ്പോഴത്തെ അഴിമതി നിയമന വിവാദങ്ങളിൽ. നമ്മുടെ നാട്ടിൽ ഏതു പ്രശ്നക്കാറ്റ് പാറിയാലും പൊങ്ങിവരുന്ന ചണ്ടിപ്പണ്ടാരങ്ങൾക്ക് സാധാരണ മുസ്‌ലിം പേരുകളായിരിക്കും അധികം. ബോംബ് നുറുക്കി ഉപ്പേരി വെക്കുന്ന കുറ്റം സമുദായത്തിന് പുറത്തുള്ള ചില ദോഷൈകദൃക്കുകൾ ജന്മാർജ്ജിത സ്വത്തായി സമുദായത്തിന് ചാർത്തിക്കളഞ്ഞതാണ്. അതു വേറെ പറയേണ്ടതാണ്, ഇതതല്ല. ചന്ദനത്തോല് ചെത്തിക്കടഞ്ഞത് മുതൽ കല്ല് കരട് കാഞ്ഞീരക്കുറ്റി വരെ നീളുന്ന നാട്ടിലെ തെറ്റു കുറ്റങ്ങൾക്ക് അരുചാരിച്ചേർന്ന് വരുന്ന പതിവു സമുദായപ്പേരുകളൊന്നും ഇവകളിലില്ല; നല്ലത് തന്നെ. വയനാട്ടിൽ നിന്ന് മാനം തെറിച്ച തലകൾ ഓരോന്നായി പൊങ്ങുമ്പോൾ ഉള്ളിലെവിടെയോ ഒരുതരം നീറ്റലും നോവലും പതഞ്ഞിരുന്നു.

ചുരുങ്ങിയത്, മുസ്‌ലിം സമുദായത്തിനവകാശപ്പെട്ട സർക്കാർ സർവീസുകൾ സാങ്കേതികത്വം കാട്ടി പൂഴ്ത്തിവെക്കുന്ന ഇടത് സർക്കാറിനോട് നട്ടെല്ല് നിവർത്തി പറയുകയെങ്കിലും ചെയ്യാമല്ലോ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും പാലോളി കമ്മിറ്റി റിപ്പോർട്ടും സച്ചാർ ശിപാർശകളും നടപ്പാക്കാനുള്ള രാഷ്ട്രീയ നീതി പാലിക്കുന്നില്ലെങ്കിൽ പോകട്ടെ, ചുരുങ്ങിയത് ഇപ്പോഴത്തെ ഈ അന്യായമായ പിൻവാതിൽനിയമനം തടയുകയെങ്കിലും ചെയ്യൂ എന്ന്. മുസ്‌ലിം മൗലികവാദികളെക്കാൾ രാജ്യത്തിന് ഭീഷണി ഹിന്ദുത്വം അസ്ഥിക്ക് പടർന്ന വർഗീയശക്തികളാണെന്ന് നാടിന്റെ നാളത്തെ പ്രധാനമന്ത്രി രാഹുൽജി പറഞ്ഞെന്നു വിക്കിലീക്സിന്റെ പരദൂഷണം ഏതോ ഒരർത്ഥത്തിൽ നടേ പറഞ്ഞതിന്റെ

ആശയഭേദമാണ്. ഈ നിയമനത്തട്ടിപ്പ് കേവലം പി.എസ്.സി. തലത്തിൽ മാത്രമല്ല, കേരളത്തിലെ മിക്ക സർവ്വകലാശാല സിൻഡിക്കേറ്റുകളിലുമുണ്ട്. പാർട്ടി ഗ്രാമവൽക്കരണവും ആശ്രിതവാൽസല്യ പ്രകടനവുമാണ് നടക്കുന്നത്. അക്ഷരനിലങ്ങളിലെ വിശുദ്ധ കാപട്യങ്ങൾകാരണം നേരിട പാടുകൾ എന്നും ചുവപ്പ് നാടകൾക്കുള്ളിലാണവിടെ. കാര്യലാഭത്തിനു വേണ്ടി റബ്ബർ സ്റ്റാമ്പുകളെ തിരുകിക്കയറ്റുന്നത് നല്ല ഒന്നാംതരം ചെറ്റത്തരം തന്നെ.

നാട്ടിൽ നടക്കുന്ന അഴിമതിക്ക് കാലാനുസാരിയായ പരിഷ്ക്കാരവും വികാസവും സംഭവിക്കുന്നുണ്ട്. 1956 കേരളം പിറന്ന വർഷമാണ്. ആ വർഷം പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഏറ്റവും വലിയ മോഷണം കന്നുകാലികളെ കവർച്ച ചെയ്യലായിരുന്നു. അന്ന് അത്തരം അഞ്ഞൂറിലധികം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു. പക്ഷേ, അമ്പതാണ്ട് വളർന്ന കേരളത്തിലിന്ന് കന്നുകാലികളെ വെറുതെ കൊടുത്താലും വേണ്ടാത്ത സ്ഥിതിയാണ്. ഇന്ന് തൽസ്ഥാനത്ത് നിൽക്കുന്ന തസ്ക്കരവൃത്തി വാഹനമോഷണമാണെന്നാണ് തോന്നുന്നത്. ഒരു കാലത്ത് കൈക്കൂലി വാങ്ങിയവന്റെ കൈവെട്ടണമെന്ന അലിഖിത നിയമം ഭാരതത്തിലുണ്ടായിരുന്നുവെന്ന് മോഹൻജദാരോ സംസ്കൃതി രേഖകൾ സൂചിപ്പിക്കുന്നുവെന്ന് ചരിത്ര നിരീക്ഷണമുണ്ട്. ഇന്നാകട്ടെ കൈക്കൂലിക്കാരാണ് ഏറ്റവും വലിയ ഗാന്ധിയന്മാർ- കള്ള് ചെത്തരുത്, കുടിക്കരുത്, കൊടുക്കരുത് എന്ന് പഠിപ്പിച്ച ഗുരുശിഷ്യൻമാർ ഇന്നീ നാട്ടിലെ ഏറ്റവും വലിയ വിദേശമദ്യ അബ്കാരികളാണെന്നപോലെ.

കൈമടക്ക്, മാമൂൽ തുടങ്ങിയ പഴയ നാട്ടുനടപ്പുകൾ ഇപ്പോൾ ഹൈടെക് സ്പ്യക്കും കോടികളുടെ കണക്കുമാണ്. അപ്പോൾ പിന്നെ അഴിമതി എന്ന വാക്ക് തന്നെ അസ്ഥാനത്തായി. ഇപ്പോൾ കുംഭകോണമെന്നാണ് ട്രെൻഡ് ലൈൻ. കൈക്കൂലിയെന്നു പറഞ്ഞുവരുന്ന ഏർപ്പാട് തന്നെ ഇപ്പോൾ ഇല്ലാതായെന്നു പറയാം. കാരണം, ഇപ്പോൾ കളികൾ ബാങ്ക് അക്കൗണ്ടുകളിലാണ്; കൈകൾക്കെല്ലാം പത്തരമാറ്റിന്റെ പരിശുദ്ധി തന്നെ. ഒരുകാലത്തെ സാമ്പത്തിക ക്രമക്കേടുകൾ വ്യക്തിപരമായിരുന്നു; ഇന്നത് സാമൂഹികമാണ്. സംഘടിത പേശീബലത്തിന്മേലാണ് കാര്യങ്ങൾ നടക്കുന്നത്. എന്നാൽ, ഇതിനെ അമർച്ച ചെയ്യാനുള്ള ശിക്ഷാ നിയമങ്ങളോ? 1860-ൽ പ്രാബല്യത്തിൽ വന്ന ഇന്ത്യൻ ശിക്ഷാനിയമങ്ങളും. പുതിയ നെറ്റ് വർക്ക് കവർച്ചകൾ നിയമത്തെ നോക്കുകുത്തിയാക്കി ആകാശത്തോളം കുതിച്ചുയരുമ്പോഴും പ്രസ്തുത നിയമത്തിലെ 91-ലധികം വകുപ്പുകൾ മ്യൂസിയ




ത്തിൽ ഓലയിലെഴുതിവെക്കാവുന്നവിധം അപ്രസക്തമായെന്ന വിമർശം നിയമകേന്ദ്രങ്ങളിൽനിന്ന് തന്നെ വരുമ്പോഴും എന്തിനും ഏതിനും ഒച്ചവെച്ച് മുണ്ടുരിയുന്ന നിയമനിർമാണസഭകൾ നിശ്ചലമാണ്. ഒരു കാര്യം കൂടിയുണ്ട്; വൻകിട കുംഭകോണങ്ങളുടെ പേരുദോഷം ഇടതിനെക്കാൾ പിടികൂടിയത് വലതുപക്ഷ രാഷ്ട്രീയത്തിന് തന്നെയാണ്.

കള്ളക്കടത്ത്, കരിഞ്ചന്ത, വ്യാജമദ്യം, വ്യാജസിഡി/വിസ, എൻ.ഒ.സി, ഡിഗ്രി മാർക്ക്ലിസ്റ്റ്, ഡോക്ടറേറ്റ് ഗൈഡൻസ്, റിയൽ എസ്റ്റേറ്റ്, വ്യാജ പാസ്പോർട്ട്, വ്യാജ രേഖാനിർമാണം, നക്ഷത്ര വേശ്യാലയങ്ങൾ, തേക്ക്-ആട്-മാഞ്ചിയം കൃഷി, ഹാക്കിംഗ്, ക്രെഡിറ്റ് കാർഡ് തിരിമറികൾ തുടങ്ങിയവയാണ് കേരളത്തിലെ ഹൈമാർജിനൽ കൊള്ളകൾ നടക്കുന്ന മേഖലകൾ. മറ്റൊരർത്ഥത്തിൽ ഇരുണ്ട കാലഘട്ടത്തിലെ മദ്യ-മദിരാക്ഷി-മണ്ണ് പ്രേരിത നെറികേടുകൾ തന്നെ. ഇപ്പോഴത്തേതിന് സാങ്കേതികതയുടെ സങ്കീർണതകൂടിയുണ്ടെന്നു മാത്രം. ഇഷ്ടപ്പെട്ട പെണ്ണ്, അത്യാധുനിക സൗകര്യങ്ങൾ, ഫ്ളാറ്റുകൾ, ലാപ്പ്, കാർ തുടങ്ങിയവ ഓഫർ ചെയ്താണ് ഇടനിലക്കാർ കാറ്റും ഗതിയും ഏകദിശാത്മകമായി കാത്തുസൂക്ഷിക്കുന്നത്. ചില ഉന്നതകേന്ദ്രങ്ങളെ ലഹരി പടർത്തി മയക്കുന്നതും നിത്യവൃത്താന്തമാണിവിടെ. നാടൻ കള്ളുകൾ, പനങ്കള്ളുകൾ, പുല്ലുവടിയിൻ, കൊട്ടുവടി, നിലംപൊത്തി, ഷക്കീല, ബിൻലാദൻ തുടങ്ങിയ പേരിലുള്ള കള്ളുകൾക്കാണത്രെ ഇപ്പോൾ ഏറെ കമ്പം. സ്ത്രീമദാലസ വിളമ്പി മാധ്യമസമുന്ന തതലങ്ങളെ ഒന്നടങ്കം വരുതിയിലാക്കുന്ന രീതിയാണ് കഴിഞ്ഞയാഴ്ച തലശ്ശേരിക്കാരനായ 'ദ പയനീർ' പത്രപ്രവർത്തകൻ ഗോപീകൃഷ്ണൻ മനോഹരമായി പുറംലോകത്തെത്തിച്ചത്. കൊച്ചിയിൽ നിന്നുള്ള സീരിയൽ നടിമാരോടൊപ്പം പൗർണ്ണമി രാവും ഹണിമൂണും കൊണ്ടാടാൻ ഓഫർ വാഗ്ദാനം ചെയ്യുന്ന രീതി കോഴിക്കോടൻ മാധ്യമ ശൃംഖലയിൽ വരെ പരന്നെത്തിയെന്നത് നിസ്സാരമല്ല. 'പെണ്ണൊരുമ്പെട്ടാൽ... അതിന്റെ ബാക്കി ഭാഗം ഭയാനകമായതിനാൽ ആരുമിതുവരെ പൂരിപ്പിച്ചിട്ടില്ല.

# കേരളം കുടിയന്മാരുടെ നാട്; സഭയും



പ്രധാന സ്റ്റോറി

**▶▶പിണങ്ങോട് അബൂബക്ര്‍**

മദ്യപാനികളുടെ നാടെന്നു കേരളത്തെ മുഖ്യമന്ത്രി അച്ചുതാനന്ദന്‍ വിശേഷിപ്പിച്ചതിനു പിന്നാലെ നിയമസഭയിലും കുടിയന്മാരുടെ സാന്നിദ്ധ്യമുണ്ടെന്ന് ആരോഗ്യമന്ത്രി ശ്രീമതിയും ഈയ്യിടെ പ്രസ്താവനയിറക്കി.

കള്ളുകുടിയനായ എഡിഎമ്മിനെ ഉപയോഗപ്പെടുത്തിയാണ് വയനാട്ടിലെ തൊഴില്‍തട്ടിപ്പിലേക്ക് നയിച്ച ഒപ്പൊപ്പിച്ചതെന്ന് അറസ്റ്റിലായ അധോമണ്ഡല ഗുമസ്ഥന്റെ മൊഴി വന്നു. സര്‍ക്കാര്‍ ഓഫീസുകളില്‍ ഇങ്ങനെയുള്ള ധാരാളം താമര(സദാവെള്ളത്തില്‍)കളുണ്ടെന്നാണ് പൊതുസംസാരം. അവര്‍ മുഖേനെയാണത്രെ മിക്ക തിരിമറികളും കൈക്കൂലികളും നിയമവിരുദ്ധ-ചട്ടവിരുദ്ധ ഇടപാടുകളും ഒപ്പിക്കുന്നത്. ഇവരെ ഉപയോഗപ്പെടുത്തുന്ന റാക്കറ്റിന് 'കിളികള്‍' എന്നാണത്രെ പറയുക.

റോഡില്‍ പൊലിയുന്ന ജീവിതങ്ങള്‍ എടുക്കുന്നതും കള്ളാണെന്ന് പോലീസ് കട്ടായം പറയുന്നു. മാധ്യമരംഗത്തെ രഹസ്യം ചോര്‍ത്തുന്നതിലും രാജ്യരഹസ്യം കൈമാറുന്നതിലും മദ്യവും പെണ്ണും പങ്കുവഹിക്കുന്നു എന്നെല്ലാവരും സമ്മതിക്കുന്നു.

അദ്നാന്‍ കസോഗിയെന്ന ആയുധ വ്യാപാരിയുടെ ഏറ്റവും വലിയ ഉപകരണം വീര്യവും വിലയും കൂടിയ മദ്യമാണെന്ന് പത്രവാര്‍ത്തകള്‍ വന്നിരുന്നു.

ഡയാന രാജകുമാരിയുടെ അപകടമരണത്തില്‍ കാമുകനും മദ്യവും ഒരുപോലെ പ്രതിചേര്‍ക്കപ്പെട്ടു. ഓണവും വിഷുവും ക്രിസ്മസും പുതുവല്‍സരപ്പുലരിയും മദ്യവിപണനത്തിന്റെ മണ്‍സൂണായി മലയാളി

പരിവർത്തിപ്പിച്ചു.

ആകാശച്ചുഴി കാരണം ധനുമാസമായിട്ടും മഴ മാറുന്നില്ല. ശീതത്തിന്റെ മാസമായ വൃശ്ചികം മഴയായി കടന്നു പോയി. 'തിരുവാതിര ഞാറ്റു വേല' ആർക്കും കൊണ്ടുപോകാനാവില്ലെന്നാശ്വസിച്ച പഴയ കർഷകൻ കാര്യമെന്തെന്നറിഞ്ഞു-എല്ലാം മാറി, അല്ല മാറ്റി.

കോഴിക്കോട്ടെ ഒരു സ്കൂളിൽ വിദ്യാർത്ഥിനികൾക്ക് കള്ളെത്തിച്ചു കൊടുക്കുന്ന വിദ്യാർത്ഥി റാക്കറ്റ് പോലീസ് കണ്ടെത്തിയത്രെ.

ഫാക്ടറികളിൽ സ്ത്രീ തൊഴിലാളികളും പുരുഷതൊഴിലാളികളും ഒന്നിച്ചാണ് മദ്യസേവ നടത്തുന്നതെന്ന് ശ്രീമതി മന്ത്രി പരിഭവംപറയുന്നു.

കള്ള് കുടിച്ചാൽ വയറ്റിൽ കിടക്കണമെന്നേ പിണറായി വിജയൻ പാർട്ടി അണികളോടാവശ്യപ്പെട്ടിരുന്നുള്ളൂ. അല്ലാതെ, അച്ചുതാനന്ദന് സിന്ദാബാദ് വിളിക്കരുതെന്ന് വ്യംഗ്യം. "കള്ളോളം നല്ലൊരു വസ്തു ഭൂലോകത്തില്ലെടിമാമീ, കള്ളൽപ്പം ഉള്ളിൽ ചെന്നാൽ ഭൂലോകം തരികിടതിത്തൈ"-ഇതാണ് കള്ളിന്റെ പാർശ്വഫലമെന്ന് പാർട്ടി സെക്രട്ടറിക്ക് അറിയാതെവരാനിടയില്ല.

മദ്യവിരുദ്ധ റാലികൾ, നിരാഹാരങ്ങൾ, കമ്മിറ്റികൾ, ധർണ്ണകൾ, മദ്യവിരുദ്ധ സമിതികൾ എന്തിന് ഗാന്ധിയന്മാർ പോലും വംശനാശം നേരിടുകയാണ്.

"കള്ള് ചെത്താനുള്ളതാണ്; കുടിക്കാനുള്ളതല്ല" എന്ന ന്യായം ബാലിശമാവുന്നത് ചെത്തിയുണ്ടാക്കിയ കള്ള് പിന്നെന്ത് ചെയ്യും എന്ന ചോദ്യം ഉയരുമ്പോഴാണല്ലോ.

ബിവറേജസ് കോർപറേഷൻ ചുമത്തുന്ന ആദായനികുതി തോമസ് ഐസക്ക് സാറിന്റെ ചുണ്ടിൽ തേനൂറുന്ന സംഗതിയാണ്. എന്നാൽ മദ്യപാനികൾ തീർക്കുന്ന ദുരന്തങ്ങൾ നിവാരണം ചെയ്യാനിറക്കുന്ന പണം കൂട്ടി നോക്കിയാൽ വരവ് "ക"യും ചെലവ് "ക"യും തമ്മിൽ ചെലവ് "ക" മികച്ചു നിൽക്കും.

മദ്യവിപത്തിന്നെതിരിൽ പറയത്തക്ക പ്രതിരോധങ്ങളോ പ്രചാരണങ്ങളോ ക്ലച്ച് പിടിച്ചുകാണുന്നില്ല. ഖദ റിട്ട് കള്ള് ഷാപ്പിൽ കയറുന്നത് പണ്ടൊക്കെ കുറച്ചിലായിരുന്നു. ഇന്നിപ്പോൾ ബാർ മുതലാളിപോലും ഇസ്തിരിയിട്ട വടിപോലെ നിർത്തിയ ഒന്നാം തരം വിദേശ നിർമ്മിത കദർ(?) ധരിച്ചാണ് കൗണ്ടറിലിരിക്കുന്നത് തന്നെ. ലോട്ടറി പരസ്യത്തിൽനിന്ന് ജഗതി ശ്രീകുമാറും അബ്കാരിയിൽനിന്ന് അച്ചുതനും മാറിയ വാർത്ത വായിച്ചപ്പോൾ തോന്നിയ ആത്മാനന്ദം ചെറുതല്ല. ഇനി സ്വർണ്ണ പരസ്യത്തിൽനിന്ന് മോഹൻലാലും കൈരളി ചാനലിൽ നിന്ന് മമ്മൂട്ടിയും മാറുന്ന നാളോർത്ത് ആശ്വാസം കൊള്ളാവുന്നതേയുള്ളൂ.

പകലുറങ്ങുന്ന അങ്ങാടികളിലധികം രാവുണരുന്നു. പുലരുവോളം കുടിച്ചു മദിച്ചു രസിച്ചു രമിച്ചു കഴിയാൻ എത്രയെത്ര നക്ഷത്രഹോട്ടലുകൾ നാടിന്റെ നാനാഭാഗത്ത് തല ഉയർത്തി നിൽക്കുന്നു.

ഈ സർക്കാർ (ഇടതുപക്ഷം) വന്നതിൽ പിന്നെ കൂടുതൽ ഊന്നൽ നൽകിയ മേഖല എന്തിനായിരുന്നു? നിയമസഭയിൽ പറഞ്ഞ ഉത്തരങ്ങൾ നോക്കിയാൽ കിട്ടുന്നത് കൂടുതൽ ബാറുകൾ, മദ്യഷാപ്പുകൾ അനുവദിച്ചു എന്നാണ്. കണക്ക് കേട്ടാൽ ഞെട്ടാൻ മാത്രമുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപന

കള്ളുകുടിയനായ എഡിഎമ്മിനെ ഉപയോഗപ്പെടുത്തിയാണ് വയനാട്ടിലെ തൊഴിൽതട്ടിപ്പിലേക്ക് നയിച്ച ഒപ്പൊപ്പിച്ചതെന്ന് അറസ്റ്റിലായ അധോമണ്ഡല ഗുമസ്ഥന്റെ മൊഴി വന്നു. സർക്കാർ ഓഫീസുകളിൽ ഇങ്ങനെയുള്ള ധാരാളം താമര(സദാവെള്ളത്തിൽ)കളുണ്ടെന്നാണ് പൊതുസംസാരം. അവർ മുഖേനെയാണത്രെ മിക്ക തിരിമറികളും കൈക്കൂലികളും നിയമവിരുദ്ധ-ചട്ടവിരുദ്ധ ഇടപാടുകളും ഒപ്പിക്കുന്നത്. ഇവരെ ഉപയോഗപ്പെടുത്തുന്ന റാക്കറ്റിന് 'കിളികൾ' എന്നാണത്രെ പറയുക



ങ്ങൾക്കായിരുന്നു കള്ള് ഷാപ്പിന് ലൈസൻസ് നൽകാനുള്ള അധികാരം. അത് പാലോളി പിൻവലിച്ചു. പഞ്ചായത്തായാൽ പെട്ടെന്നനുവദിക്കാനാവില്ല. വിഷയം പ്രാദേശികമാണ്. അങ്ങനെയങ്ങ് ലൈസൻസ് നൽകാൻ നാട്ടുകാർ വിടില്ല. ഇതറിയുന്ന മന്ത്രിയും മന്ത്രിസഭയും അതങ്ങ് എടുത്തുകളഞ്ഞു നേരിട്ടായി ഇടപാടുകൾ. ഇതിന്നെതിരിൽ നടന്നുവരുന്ന ധർണ്ണ സംബന്ധിച്ച് ഒരു കോളം വാർത്തയോ എന്തിന് ഒരു ചാനൽ ചർച്ചയോ നാളിതുവരെ നമ്മുടെ ശ്രദ്ധയിൽ പെട്ടിരുന്നോ? കേരളത്തിൽനിന്ന് ഇടക്കിടെ ചില സർവ്വെ വാർത്തകൾ പുറത്തുവരും. ചിലത് വിവാദമാവും ചിലത് ആരാലും ശ്രദ്ധിക്കപ്പെടില്ല.

തിരുവനന്തപുരത്ത് നടത്തിയ ന്യൂനപക്ഷങ്ങളുടെ സർവ്വെ വിവാദമായി. ഇനി നടത്തുമ്പോൾ പഴുതടച്ചു നടത്തണമെന്ന സന്ദേശം നൽകി എന്നർത്ഥം. അഭ്യസ്തവിദ്യരായവരുടെ വൈവാഹിക ജീവിതം 2-6 വർഷത്തിനുള്ളിൽ വല്ലാതെ ഉലയുന്നുണ്ടത്രെ? വിവാഹമോചന നിരക്കും കൂടുന്നു. അനാഥകൾ പെരുകുന്നു. വില്ലൻ വിവരമല്ല, വിശ്വാസക്കുറവ്. മദ്യം, സുഭോഗതൃഷ്ണ, പരസ്പരം ബഹുമാനിക്കാനുള്ള വിമുഖത, ഈഗോ, അഹങ്കാരം.... അങ്ങനെ നീളുന്നു.

നിയമസഭയിൽ രാവിലെ തന്നെ മദ്യപിച്ചെത്തുന്നവരുണ്ടെന്നാണ് ശ്രീമതി ടീച്ചറുടെ പരാതി. കള്ളു കുടിച്ചാലേ ചിലർക്ക് പ്രസംഗം വരൂ എന്നാണ് ഹെൽത്ത് മിനിസ്റ്റർ പറയുന്നത്.

എ.കെ. ആന്റണി സർക്കാർ ചാരായം നിരോധിച്ചപ്പോൾ കേരളത്തിലെ ആകാശം വീഴുമെന്ന് ചിലർ ആശങ്കപ്പെട്ടിരുന്നു. ചാരായ നിരോധനത്തിന്റെ ഗുണവശം തുടർപ്രവൃത്തിയിലൂടെ നിലനിർത്താൻ സർക്കാറുകൾ നീക്കം നടത്താതിരുന്നത് 'ഖജനാവിന്റെ' കനം ഓർത്താണെന്ന പരാതിക്ക് പതിരില്ല.

സർക്കാർ ഓഫീസുകളിൽ രാവിലെത്തന്നെ കള്ള് കുടിച്ച് ജീവനക്കാർ എത്തുന്നു. പള്ളിക്കൂടങ്ങളിലും വാദ്ധ്യാരും പിള്ളേരും ഒത്തുചേർന്നാണ് മദ്യസേവ.

പാൻപരാഗ്, ഹാൻസ് ആദിയായ പാക്കറ്റ് ലഹരി തൂങ്ങാത്ത ഏതെങ്കിലും കടകൾ കാണുമോ ദൈവത്തിന്റെ ഈ സ്വന്തം നാട്ടിൽ?!

കേരളം ഭ്രാന്താലയം എന്നു പറഞ്ഞപ്പോൾ പ്രതികരിക്കാത്തവർ കുടിയന്മാരുടെ നാടെന്നു കേട്ടപ്പോഴും മൗനികളായി.

കുട്ടികൾ കുടിച്ചു കുടിച്ച് കുടുംബം കുളംതോണ്ടി കേരളം മൊത്തം കുളമായാലും തെരഞ്ഞെടുപ്പുകൾ വരും പോകും, മന്ത്രിസഭകൾ ഉണ്ടാവും, ഭരണവും നടക്കും നമുക്കത് മതിയല്ലോ എന്നാണെങ്കിൽ നമോശിവ എന്നല്ലാതെന്തു പറയാൻ.

എസ്.എസ്.എൽ.സി. ബുക്കിൽ "മതമില്ല" എന്നെഴുതാൻ കോളം നിർമ്മിച്ച മേനിയിലാണ് ബേബി മന്ത്രി. ഇങ്ങനെയാണെങ്കിൽ എന്തിനാണൊരു മതം എന്നാവും. ആർക്കും എപ്പോഴും എങ്ങനെയും കുടിക്കാം, കൂത്താടാം എന്ന വിധമാണ് കാര്യങ്ങൾ.

"മദ്യം വിഷമാണ്" എന്ന് പറഞ്ഞത് രാഷ്ട്രപിതാവാണെങ്കിലും അത് അന്തകാലം. ഇത് ഇന്തകാലം. 'മദ്യം' മദ്യമാണെന്ന വിശ്വാസം അടിയുറച്ചുപോയി. മദ്യവിപത്തിന്നെതിരിൽ വിശ്വാസികളെങ്കിലും ശക്തിയായി പ്രതികരിച്ചുതുടങ്ങാൻ വൈകിക്കൂടാ.

"മദ്യപാനത്തെയും ചൂതുകളിയെയും കുറിച്ച് അവർ താങ്കളോട് ചോദിക്കുന്നു. പറയുക, അവയിൽ വലിയ ദോഷവും മനുഷ്യർക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ, അവകൊണ്ടുണ്ടാകുന്ന ദോഷം പ്രയോജനത്തെക്കാൾ വളരെ വലുതാണ്." (വി.ഖു. 2:219)

ഖജനാവിലേക്കുള്ള വരവിന്റെ ലാഭത്തേക്കാൾ എത്രയോ മടങ്ങാണ് അതു കൊണ്ട് രാജ്യത്തിനും സമൂഹത്തിനും സംഭവിക്കുന്ന ദോഷമെന്ന് ഭരണാധികാരികൾക്കാണ് മനസ്സിലാവേണ്ടത്; കുടിയന്മാർക്കും കുടിപ്പിക്കുന്നവർക്കും മനസ്സിലാവണം.

"സത്യവിശ്വാസികളേ, മദ്യം, ചൂതാട്ടം, വിഗ്രഹങ്ങൾ, പ്രശ്നം വെക്കുവാനുള്ള ഉപകരണങ്ങൾ എന്നിവ നീചവും പിശാചിന്റെ പ്രവൃത്തിയിൽ പെട്ടതും തന്നെയാകുന്നു. അതുകൊണ്ട് നിങ്ങൾ വിജയികളാവാൻ വേണ്ടി അവ വർജ്ജിക്കുക." (വി.ഖു. 5:90)



**സയ്യിദ് കോയഞ്ഞിക്കോയ തങ്ങൾ**

**കോഡൂർ, ചൊളൂർ**

**ഫോൺ: 2752711, മൊ: 9947585085**

സ്ത്രീപുരുഷ ലൈംഗിക രോഗങ്ങൾ, സീഗ്ര സ്കലനം, സന്താനമില്ലായ്മ, മെലിച്ചിൽ, മൂത്രാശയ രോഗങ്ങൾ, ശാരീരികവും മാനസികവുമായ മറ്റു രോഗങ്ങൾ വിരിപ്പിൽ മൂത്രമൊഴിക്കൽ, അപസ്മാര രോഗങ്ങൾ മുതലായവ മഹാന്മാരുടെ ഇജാസിയ്യത്ത് പ്രകാരം പാരമ്പര്യമായി ചികിത്സിക്കുന്നു.

കൂടാതെ കാലികളുടെ രോഗങ്ങൾക്കും ചികിത്സ നിർദ്ദേശിക്കുന്നു.

എല്ലാവിധ ആയുർവേദ യൂനാനി തറി മരുന്നകൾക്കും ബന്ധപ്പെടുക.

**തങ്ങൾസ് ഫാർമസി**

**ഫെയ്മസ് ബേക്കറിക്ക് സമീപം, കോട്ടപ്പടി, മലപ്പുറം**

നാലാം വയസിൽ ആരംഭിച്ച ഈ അത്യപൂർവ്വ അവസ്ഥയുടെ
പൂർണത കുട്ടിയുടെ ഏഴാം വയസോടെ മറനീക്കി
പുറത്തുവരുകയും പരക്കെ അറിയപ്പെടുകയും ചെയ്തു.
ഏഴാം വയസിൽ തന്നെ ലക്ഷണമൊത്തൊരു ഹാഫിളിനെ
പോലെ മുസ്ഹഫ് നോക്കാതെ തന്നെ ഖുർആൻ
ആദ്യാവസാനമോതി ആ ബാലൻ ചരിത്രം സൃഷ്ടിച്ചു

## ഹാഫിസ് പന്തലാൻ മമ്മുമുല്ല ഹാജി

# കനിഞ്ഞുകിട്ടിയ ഖുർആൻ സൗഭാഗ്യം

▸▸വികെ മുഹമ്മദ്കുട്ടി ഫൈസി

**പ**ഠിക്കാതെ തന്നെ വിശുദ്ധ ഖുർആൻ മനഃപാഠമായ അത്ഭുത വ്യക്തിത്വമായിരുന്നു അൽ ഹാഫിള് പന്തലാൻ മമ്മുമുല്ല ഹാജി(നഃമ). ഉറക്കത്തിലും ഇടക്കിടെയുണ്ടാകാറുള്ള അബോധാവസ്ഥയിലുമായിരുന്നു ഖുർആൻ ഓത്തിന്റെ തുടക്കം. നാലാം വയസിൽ ആരംഭിച്ച ഈ അത്യപൂർവ്വ അവസ്ഥയുടെ പൂർണത കുട്ടിയുടെ ഏഴാം വയസോടെ മറനീക്കി പുറത്തുവരുകയും പരക്കെ അറിയപ്പെടുകയും ചെയ്തു. ഏഴാം വയസിൽ തന്നെ ലക്ഷണമൊത്തൊരു ഹാഫിളിനെ പോലെ മുസ്ഹഫ് നോക്കാതെ തന്നെ ഖുർആൻ ആദ്യാവസാനമോതി ആ ബാലൻ ചരിത്രം സൃഷ്ടിച്ചു. തജ്‌വീദനുസരിച്ച് മധുരമായ പാരായണമായിരുന്നു അദ്ദേഹത്തിന്റേത്. പിന്നെ പരിശോധനയും അംഗീകാരവും മത്സരവും സമ്മാനവുമായി ആ ജൈത്രയാത്ര തുടർന്നു. ചികിത്സയും ആത്മീയ ദർശനവുമായി മുന്നേറിയപ്പോഴും തന്റെ ഹിഫ്ള് സിദ്ദിക്ക് തിളക്കം വർധിച്ചതേയുള്ളൂ.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽപ്പെട്ട കാപ്പ് എന്ന സ്ഥലത്ത് 1901 ജനുവരിയിലായിരുന്നു ഹാഫിളിന്റെ ജനനം. പന്തലാൻ ഉണ്ണീൻകുട്ടി മുല്ലയാണ് പിതാവ്. മാതാവ് ഉമ്മാച്ചു ബീവി. മലബാറിലെ പുരാതന മുസ്‌ലിം ജമാഅത്തുകളിലൊന്നാണ് കാപ്പ് മഹല്ല്. കേരളത്തിലെ മക്ക എന്ന് പേരുകേട്ട പൊന്നാനിയിൽ മതപഠനത്തിനും സേവനത്തിനും നേതൃത്വം കൊടുത്തിരുന്ന മഖ്ദൂം കുടുംബത്തിലെ താവഴികളിൽ പെട്ട പണ്ഡിതൻമാർ കാപ്പിലും ദീനീസേവനത്തിന്ന് നേതൃത്വം നൽകിയിട്ടുണ്ട്. കാപ്പിൽ



*ഹാഫിസ് പന്തലാൻ*
*മമ്മുമുല്ല ഹാജി*

മുസ്‌ലിയാരകത്ത് എന്നാണ് അവരിവിടെ അറിയപ്പെടുന്നത്. ഈ പണ്ഡിതകുടുംബവുമായി ഉറ്റബന്ധം പുലർത്തിയിരുന്ന പന്തലാൻ കുടുംബത്തിലാണ് ചരിത്രപുരുഷന്റെ പിറവി. പിതാവ് ഉണ്ണീൻകുട്ടി മുല്ല നാട്ടിലെ മതരംഗങ്ങളിൽ സജീവമായിരുന്നു. കുട്ടികളെ ഓത്തുപഠിപ്പിക്കൽ, വീടുകളിൽ ഖുർആൻ-മാല-മൗലിദ് പാരായണം, ദുആ ചെയ്യൽ തുടങ്ങിയ പഴയ മുസ്‌ലിം തറവാടുകളിൽ നിലനിന്നിരുന്ന ഇസ്‌ലാമിക ചടങ്ങുകൾക്കായി ഉണ്ണീൻകുട്ടി മുല്ല ഓടിനടക്കുകയായിരുന്നു. ഈ യാത്രയിൽ നാലു വയസുകാരൻ മമ്മുവിനെയും കൂട്ടാറുണ്ടായിരുന്നു. ഒരു ദിവസം കാപ്പിലെ ഒരു വീട്ടിൽ ഓത്തിന്ന് ചെല്ലുമ്പോൾ വീട്ടുകാരൻ തപ്പിത്തടഞ്ഞു ഖുർആൻ ഓതുകയാണ്. ഇതുകേട്ട കുട്ടി മമ്മു പറഞ്ഞു: "ബാപ്പാ, ഈ ഓത്ത് തെറ്റാണ്." അപ്പോൾ പിതാവ് പറഞ്ഞു: "എന്നാൽ, നീ ശരിക്ക് ഓതെടാ". ആ ഭാഗം ശരിയായി കുട്ടി ഓതിക്കേൾപ്പിച്ചപ്പോൾ പിതാവും വീട്ടുകാരനും അത്ഭുതപ്പെട്ടു. ഒരു നാലു വയസുകാരൻ ഖുർആൻ ഓതുകയോ? അതും മുസ്ഹഫ് നോക്കാതെ. കേട്ടവർക്ക് വിശ്വസിക്കാൻ പ്രയാസം. മമ്മു കുട്ടികൾക്കൊപ്പം കളിച്ചു നടന്നു. എന്നാൽ, അല്ലാഹു ഒരു കാര്യം നടപ്പിലാക്കാൻ നിശ്ചയിച്ചാൽ അത് നടക്കാതിരിക്കുമോ? കുട്ടിയുടെ അസാധാരണ കഴിവ് പിന്നെയും പ്രകടമായി. ആളുകൾക്ക് അത്ഭുതമായി. പണ്ഡിതൻമാർ പരിശോധിച്ച് അംഗീകരിച്ചു.

നാട്ടുസമ്പ്രദായമനുസരിച്ച് ഏഴാം വയസിൽ തന്റെ ഓത്തുപള്ളിയിൽ മറ്റു കുട്ടികളോടൊപ്പം മകനെയും ഉണ്ണീൻകുട്ടി മുല്ല അക്ഷരം പഠിപ്പിക്കാനിരുത്തി. ആദ്യദിവസം തന്നെ അറബി അക്ഷരങ്ങൾ പഠിച്ചുതീർന്നു. പിന്നീട് വിരസമായ ദിവസങ്ങൾ. മറ്റു കുട്ടികൾ ആർപ്പും വിളിയും കൂട്ടുമ്പോൾ മമ്മുവിനു തികഞ്ഞ മൗനം. ഒരിക്കൽ ഉണ്ണീൻകുട്ടി മുല്ലാ പുറത്തിറങ്ങി തിരിച്ചുവരുമ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. തന്റെ മകൻ ഓത്തുപള്ളിയിൽ നിലത്തു വീണ് ബോധരഹിതനായി ഖുർആൻ ഓതുന്നു. മറ്റു കുട്ടികൾ പേടിച്ചു ചുറ്റും കൂടി നിൽക്കുന്നു. ബോധം തെളിഞ്ഞപ്പോൾ എന്താണ് സംഭവിച്ചതെന്ന് കുട്ടികൾക്ക് ഓർമയില്ല. കേട്ടവർക്ക് അത്ഭുതമായി. ചിലർ ജിന്ന് ബാധയാണെന്ന് വിധി പറഞ്ഞു. ഉണ്ണീൻകുട്ടി മുല്ലയുടെ ഉത്കണ്ഠയും വർധിച്ചു. മകൻ മുമ്പ് ഉറക്കത്തിൽ ഓതി ഞെട്ടിയുണർന്ന സംഭവവും ഓർത്ത് ആ പിതാവ് അസ്വസ്ഥനായി.

ചെറുപ്പകാലത്തെ ചില സംഭവങ്ങൾ പിൽക്കാലത്ത് ഹാഫിള് മമ്മു മുല്ല തന്നെ അയവിറക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "എന്റെ ബാപ്പ ഉണ്ണീൻ കുട്ടി മുല്ലയാണ്. ഏഴാം വയസിൽ ബാപ്പ എന്നെ ഓത്തു പള്ളിയിൽ ചേർത്തി. അറബി അക്ഷരങ്ങൾ പഠിച്ചു. ഏതാണ്ട് നോക്കി വായിക്കാൻ സാധിക്കുന്ന സ്ഥിതിയായി. പിന്നെ ഓത്തിനു പോകാൻ മടി. ഇടക്കിടെ ബാപ്പ ശകാരിക്കും. ബാപ്പ കുടിയോത്ത് മുല്ലയാണ്. ഞാനും ഓത്തു പഠിച്ചു ബാപ്പയെ സഹായിക്കണം. എന്റെ മടി ബാപ്പാനെ നിരാശപ്പെടുത്തി. അന്ന് പലകമേൽ എഴുതിയാണ് പഠനം. ഒരു മുസ്ഹഫ് വാങ്ങാൻ പണമില്ല. ഒന്ന് നോക്കി വായിക്കണം. വിവരം കല്ലടി മൊയ്തുട്ടി സാഹിബിനോട് പറഞ്ഞു. അദ്ദേഹം അന്ന് പന്ത്രണ്ട് അണ തന്നു. അതുകൊണ്ടാണ് ആദ്യമായി മുസ്ഹഫ് വാങ്ങിയത്. ഫാതിഹ മുതൽ മുഅവ്വിദതൈനി വരെ ഞാനതിൽ നോക്കി ഓതി. ഇതൊരാവർത്തിയാണ്. ഇതോടെ നൂറ്റിപ്പതിനാലു സൂറത്തുകളും എനിക്ക് മനഃപാഠമാണെന്ന് ബോധ്യമായി. അന്നു മുതൽ ഇന്നു വരെ ഓതാൻ എനിക്ക് മുസ്ഹഫ് നോക്കേണ്ടി വന്നിട്ടില്ല." (മുല്ലാക്കയുടെ ജീവിതകാലത്ത് വി.പി. സൈത് മുഹമ്മദ് നിസാമി അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്, ചന്ദ്രിക 03/12/1983)

മമ്മു മുല്ലാക്കാന്റെ ഹിഫ്ള് വാർത്ത നാടാകെ പരന്നു. അദ്ദേഹത്തെ കാണാനും ഓത്ത് കേൾക്കാനും ജനങ്ങൾ തടിച്ചുകൂടി. പ്രശസ്ത പണ്ഡിതന്മാരുടെയും ഹാഫിള്മാരുടെയും അടുത്തേക്ക് ഉണ്ണീൻകുട്ടി മുല്ല മകനെയുമൊത്ത് യാത്ര ചെയ്തു. അവർ കുട്ടിയെ പരിശോധിച്ചു. ഹിഫ്ള് ശരിവെച്ചു. ഇതൊരു സാധാരണ ഓത്തല്ലെന്നും അത്ഭുതകരമായ സിദ്ധിയാണെന്നും അഭിപ്രായപ്പെട്ടു. മമ്മു മുല്ലാക്ക പറയുന്നു: "അക്കാലത്തെ പ്രശസ്ത പണ്ഡിതനാണ് കരിമ്പനക്കൽ

**ഒരു ദിവസം കാപ്പിലെ വീട്ടിൽ ഓത്തിന്ന് ചെല്ലുമ്പോൾ വീട്ടുകാരൻ തപ്പിത്തടഞ്ഞു ഖുർആൻ ഓതുകയാണ്. ഇതുകേട്ട കുട്ടി മമ്മു പറഞ്ഞു: "ബാപ്പാ, ഈ ഓത്ത് തെറ്റാണ്." അപ്പോൾ പിതാവ് പറഞ്ഞു: "എന്നാൽ, നീ ശരിക്ക് ഓതെടാ". ആ ഭാഗം ശരിയായി കുട്ടി ഓതികേൾപ്പിച്ചപ്പോൾ പിതാവും വീട്ടുകാരനും അത്ഭുതപ്പെട്ടു. ഒരു നാലു വയസുകാരൻ ഖുർആൻ ഓതുകയോ? അതും മുസ്ഹഫ് നോക്കാതെ. കേട്ടവർക്ക് വിശ്വസിക്കാൻ പ്രയാസം**

അഹ്മദ് മുസ്‌ലിയാർ. ബാപ്പ എന്നെ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുപോയി. "എന്റെ മോൻ ചെറുപ്പമാണ്. ഖുർആൻ ഏത് ഭാഗവും ഹൃദിസ്ഥമാണ്. ഓതി പാഠമാക്കിയിട്ടൊന്നുമില്ല." ബാപ്പ മുസ്‌ലിയാരോട് പറഞ്ഞു. മുസ്‌ലിയാർ എന്നെ ഓതിപ്പിച്ചു. മുസ്‌ലിയാർ ഓതിച്ച രംഗം ഇപ്പോഴും ഓർമ്മയുണ്ട്. ഇക്കാലത്ത് ആയത്തുകൾ താഴെ നിന്ന് മേൽപ്പോട്ട് ഓതുന്ന പതിവുണ്ടായിരുന്നു. പാണക്കാട് പൂക്കോയ തങ്ങളുടെ പിതൃവ്യൻ സയ്യിദ് അലി പൂക്കോയ തങ്ങളാണ് അങ്ങനെ ഓതുന്നത് നിരോധിച്ചത്."(ചന്ദ്രിക 03/12/1983)

പാണക്കാട് തങ്ങൻമാരോട് നല്ല ബന്ധം പുലർത്തിയിരുന്നു ഹാഫിള് മമ്മുമുല്ല. അദ്ദേഹം തന്നെ പറയുന്നു: "വരിക്കോടൻ അഹ്മദ് കുട്ടി സാഹിബിന്റെ വീട്ടിൽ പാണക്കാട് പൂക്കോയ തങ്ങളുടെ പിതൃവ്യൻ സയ്യിദ് അലി പൂക്കോയ തങ്ങൾ ഒരിക്കൽ വന്നു. ഇവിടെ ഖുർആൻ കാണാപാഠം ഓതുന്ന കുട്ടിയുണ്ടെന്ന് കേട്ടു. ആ കുട്ടിയെ ഒന്ന് കാണണം. ഞാൻ തങ്ങളുടെ മുന്നിൽ ചെന്നു. എന്നോട് അൽബഖറ സൂറത്തിൽ നിന്ന് ഓതാൻ പറഞ്ഞു. ഞാൻ ഓതികൊടുത്തു. കുറെ ഓതിയപ്പോൾ എന്നോട് നിർത്താൻ പറഞ്ഞു. അദ്ദേഹം മുസ്ഹഫ് നോക്കി. നിന്റെ ഓത്ത് ശരിയാണെന്ന് പറഞ്ഞു. മോൻ എന്റെ കൂടെ പാണക്കാട്ടേക്ക് വരണം. നിന്റെ ഖുർആൻ പാരായണം എല്ലാവരും കേൾക്കട്ടെ എന്ന് തങ്ങൾ പറഞ്ഞു. എനിക്ക് പേടിയായി. ഞാൻ വാപ്പാനെ വിട്ടു ഒരു സ്ഥലത്തും പോയിട്ടില്ല. എന്റെ വിഷമം കണ്ടപ്പോൾ നിനക്ക് വേണ്ടുന്ന സൗകര്യമെല്ലാം ഞാൻ ചെയ്തുതരാമെന്ന് പറഞ്ഞു തങ്ങൾ ആശ്വസിപ്പിച്ചു. ബാപ്പാന്റെ സമ്മതത്തോടെ തങ്ങൾപ്പാപ്പാന്റെ കാളവണ്ടിയിൽ കയറി പാണക്കാട്ടേക്ക് പോയി. മൂന്നു ദിവസം അവിടെ താമസിച്ചു. പലരുടെയും മുമ്പിൽ വച്ച് ഖുർആൻ ഓതിച്ചു. തങ്ങളുടെ കാര്യക്കാരനായ കുഞ്ഞീൻ എന്ന ആളെ എന്നെ നോക്കാനായി തങ്ങൾ നിയോഗിച്ചിരുന്നു. ഇടക്കിടെ തങ്ങൾ തന്നെ വന്നു എന്റെ കാര്യങ്ങൾ അന്വേഷിക്കും. മൂന്നു ദിവസത്തിനു ശേഷം തങ്ങൾ എന്നെ വീട്ടിൽ കൊണ്ടാക്കി. ഉമ്മയോടും ഉപ്പയോടും പറഞ്ഞു: "നിങ്ങളുടെ മകൻ അല്ലാഹുവിന്റെ കൃപയുള്ളവനാണ്. അവൻ തെറ്റുകളിലേക്ക് പോകുന്നത് സൂക്ഷിക്കണം." ഈ സംഭവത്തോടെ മലബാറിന്റെ പല ഭാഗങ്ങളിൽ നിന്നും എന്റെ പേരിൽ കമ്പിയും കത്തും വരാൻ തുടങ്ങി. മിക്ക സ്ഥലത്തും ബാപ്പയോടൊപ്പം പോയി ഖുർആൻ ഓതി."

1962-ൽ ശംസുൽ ഉലമ ഇ.കെ. അബൂബക്‌ർ മുസ്‌ലിയാർ കാപ്പിൽ പ്രസംഗത്തിനു വന്നു. പ്രസംഗത്തിനു മുമ്പ് ഹാഫിളിന്റെ ഖുർആൻ പാരായണമായിരുന്നു. സ്വരമാധുര്യം കൊണ്ടും ഭക്തിസാന്ദ്രത കൊണ്ടും സദസ്സിനെ അദ്ദേഹം കോരിത്തരിപ്പിച്ചു. മഹാനായ ശംസുൽ ഉലമ വികാരഭരിതനായിക്കൊണ്ട് എഴുന്നേറ്റു നിന്നു പറഞ്ഞു: "മുഅ്മിനുകളേ, ഇതൊരു സാധാരണ ഓത്തല്ല, റബ്ബാനിയ്യായ ഹിഫ്ള് മാത്രമാണ്". ഉടനെ തന്റെ തട്ടമെടുത്തു ഹാഫിളിന് സമ്മാനിക്കുകയും ചെയ്തു. കാപ്പിലെ ഖാസിയും ഖതീബുമായ കെ.എം. അബ്ദുൽ ഖാദർ മുസ്‌ലിയാർ, ശൈഖുനാ വി. ഉമർ മുസ്‌ലിയാർ തുടങ്ങിയവർ ഈ സംഭവം അനുസ്മരിക്കാറുണ്ട്. ഹാഫിളിന്റെ അത്ഭുതസിദ്ധിക്കുള്ള ഈ പണ്ഡിത ശ്രേഷ്ഠന്റെ സാക്ഷിപത്രം ഒരു സമുദായത്തിന്റെ കറാമത്തും അംഗീകാരവുമായി മാറുകയായിരുന്നു.

**മഹാനായ ശംസുൽ ഉലമ വികാരഭരിതനായിക്കൊണ്ട് എഴുന്നേറ്റു നിന്നു പറഞ്ഞു: "മുഅ്മിനുകളേ, ഇതൊരു സാധാരണ ഓത്തല്ല, റബ്ബാനിയ്യായ ഹിഫ്ള് മാത്രമാണ്". ഉടനെ തന്റെ തട്ടമെടുത്തു ഹാഫിളിന് സമ്മാനിക്കുകയും ചെയ്തു**

പ്രാഥമിക പഠനം സ്വന്തം പിതാവിൽനിന്ന് കരസ്ഥമാക്കിയ ഹാഫിള് പിന്നീട് വലിയ ഔപചാരിക മതപഠനത്തിനൊന്നും പോയിരുന്നില്ല. എങ്കിലും പണ്ഡിതന്മാരുമായുള്ള നിരന്തര സമ്പർക്കം അദ്ദേഹത്തെ പണ്ഡിതനാക്കി. ഖുർആൻ ആയത്തുകളുടെ അർത്ഥം പോലും മൊത്തത്തിൽ അറിയാമായിരുന്നു. 1930-40 കാലങ്ങളിൽ കാപ്പ്, തേലക്കാട് ഭാഗങ്ങളിൽ സ്കൂൾ നടത്തുകയും അധ്യാപക സേവനത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു. മദ്രാസ് എജ്യുക്കേഷണൽ ഡിപ്പാർട്ട്മെന്റ് മലബാറിലെ മൗലവി-മുസ്‌ലിയാർക്ക് വേണ്ടി നടത്തിയിരുന്ന മലപ്പുറത്തെ ട്രൈനിംഗ് സ്കൂളിൽ നിന്ന് അദ്ദേഹം ബിരുദം നേടിയിരുന്നു. 1932-ൽ ലഭിച്ച ഈ മാസ്റ്റർ സർട്ടിഫിക്കറ്റാണ് അദ്ദേഹത്തെ അധ്യാപനത്തിന് യോഗ്യനാക്കിയത്. മലബാറിലെ സമ്പന്ന തറവാട്ടിലെ യുവാക്കൾ പോലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽനിന്ന് അകലം പാലിച്ചിരുന്ന കാലത്ത് ബിരുദം നേടാനും ജോലി സമ്പാദിക്കാനും ദരിദ്രനായ ഹാഫിളിന്ന് തുണയായത് തന്റെ ഹിഫ്ള് സിദ്ധി തന്നെയായിരുന്നു.

പല പ്രത്യേകതകളും ഹാഫിള് മമ്മു മുല്ലക്കുണ്ടായിരുന്നു. ഇടക്കിടെ ബോധക്കേട്, തലതുറന്നിടാൻ പറ്റാത്ത അവസ്ഥ, രാത്രി സഞ്ചരിക്കാൻ ഭയം, ദീനീചര്യകളുടെ ചിട്ട, നിത്യഅംഗശുദ്ധി തുടങ്ങിയവ അതിൽപ്പെടും. നടത്തത്തിലും ഇരുത്തത്തിലും ഉറക്കിലും ഉണർവിലുമെല്ലാം അദ്ദേഹത്തിന്റെ ചുണ്ടുകൾ സദാ ഖുർആൻ മന്ത്രിക്കുകയായിരിക്കും. സംസാരം വളരെ കുറവായിരുന്നു. മറ്റുള്ളവരുടെ സംസാരം കേൾക്കുമ്പോഴും അദ്ദേഹത്തിന്റെ ചുണ്ടുകൾ അനങ്ങുന്നത് കാണാം. വലിയവരോടും ചെറിയവരോടും സലാം പറഞ്ഞിരുന്നു. രോഗശാന്തിയും മനഃസമാധാനവും തേടിവരുന്നവർക്കെല്ലാം ഖുർആൻ കൊണ്ടായിരുന്നു ചികിത്സ. 29/11/1990-നാണ് ആ മഹാമനീഷി ഇഹലോകവാസം വെടിഞ്ഞത് ചെമ്മാണിയോട് പുത്തൻപള്ളി ഖബർസ്ഥാനിലാണ് മഹാന്റെ മഖാം സ്ഥിതി ചെയ്യുന്നത്. 2011 ജനുവരി 8,9,10 തിയ്യതികളിൽ മഖാമിൽ നേർച്ചയും അനുസ്മരണ പരിപാടികളും നടക്കുകയാണ്.



# തുഹ്ഫത്തുൽ മുജാഹിദീൻ
# കേരളചരിത്രത്തിന്റെ കനലും കാതലും

മലപ്പുറം കത്തി

▶▶മഹ്മൂദ് പനങ്ങാങ്ങര

**കേ**രളത്തിന്റെ പരിസരങ്ങളിൽ ചരിത്രം പഠിച്ചുതുടങ്ങുന്ന ഏതൊരു വിദ്യാർഥിയും തന്റെ കേരളീയ ചരിത്ര അറിവുമണ്ഡലങ്ങളെ വാർത്തെടുക്കുന്നത് പതിനാറാം നൂറ്റാണ്ടിൽ വിരചിതമായ ഒരു കൃതിയുടെ അടിത്തട്ടിലൂന്നിയാണ്. അധിനിവേശ വിരുദ്ധ പോരാട്ടത്തിന്റെയും മുസ്‌ലിം രാഷ്ട്രീയ ഇടപെടലുകളുടെയുമെല്ലാം അതിവിപുല തലങ്ങൾ പറയാനുണ്ടെങ്കിലും, ആത്യന്തികമായി കേരള ചരിത്രത്തെക്കുറിച്ച് ലഭ്യമായ ആദ്യത്തെ ചരിത്രരചനാ ഗ്രന്ഥമെന്ന നിലയിലാണത് പ്രസിദ്ധം.

'തുഹ്ഫത്തുൽ മുജാഹിദീൻ ഫീ ബഅ്ളി അഖ്ബാരിൽ ബുർതുഗാലിയ്യീൻ' എന്ന് പൂർണനാമം. ശൈഖ് സൈനുദ്ദീൻ മഖ്ദൂം ആണ് ഗ്രന്ഥകർത്താവ്-ശൈഖ് സൈനുദ്ദീൻ ഇബ്നു അബ്ദിൽ അസീസ് ഇബ്നു സൈനുദ്ദീൻ ഇബ്നു അലി ഇബ്നു അഹ്മദിൽ മഅ്ബരി. 1583-ലാണ് രചന പൂർത്തിയായത്-പതിനാറാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ.

കേരളത്തിന്റെ ആദ്യത്തെ ലക്ഷണമൊത്ത ചരിത്രഗ്രന്ഥമാണ് തുഹ്ഫത്തുൽ മുജാഹിദീൻ. അതിനുമുമ്പ് പാട്ടുകളായും ഐതിഹ്യങ്ങളായും കൈമാറിവന്നിരുന്ന 'കേരളോൽപത്തി'യും മറ്റു നാടൻ അറിവുകളുമാണ് കേരളത്തെക്കുറിച്ച് ഉണ്ടായിരുന്നത്. നാലഞ്ച് നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ഇന്നും വലിയൊരളവുവരെ, തുഹ്ഫ തരുന്ന അറിവുകളാണ് കേരളത്തിന്റെ പുരാതന-മധ്യകാലത്തെക്കുറിച്ച് കാര്യമായും ഉള്ളത്. തുഹ്ഫ ചർച്ച ചെയ്ത ഭാഗങ്ങൾ അറിയപ്പെട്ട ചരിത്രമായും, ചർച്ച ചെയ്യാത്തവ 'ഇരുളടഞ്ഞ അധ്യായങ്ങളായി' അറിയപ്പെടാത്ത ചരിത്രമായും

ഇന്നും ശേഷിക്കുന്നു. പുരാതനകാലത്തെ 'സംഘം കൃതികൾ'ക്ക് ശേഷം കേരളത്തെക്കുറിച്ച് പഠിക്കാൻ ഗവേഷകർ എന്നും ആശ്രയിക്കാറുള്ളത്, മധ്യകാലത്ത് എഴുതപ്പെട്ട തുഹ്ഫയെയാണ്. അതുകൊണ്ടുതന്നെ, തുഹ്ഫത്തുൽ മുജാഹിദീനെ മാറ്റിനിർത്തിയുള്ള കേരളചരിത്ര പഠനം ദുസ്സാധ്യമാണ്.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം തുഹ്ഫത്തുൽ മുജാഹിദീൻ എഴുതിയ സന്ദർഭവും സമയവും ഏറെ പ്രസിദ്ധമാണ്. പേരുതന്നെ സൂചിപ്പിക്കുന്നതു പോലെ, പോർച്ചുഗീസുകാരുടെ അധിനിവേശം മലബാറിനെ പിടിച്ചുകുലുക്കിക്കൊണ്ടിരുന്ന വേളയിൽ അവർക്കെതിരെ മുസ്‌ലിം സമൂഹത്തെ അണിനിരത്തി യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുകയാണ് കൃതിയുടെ ആത്യന്തിക ലക്ഷ്യം. 'വിശുദ്ധയുദ്ധ'ത്തിനു വേണ്ടിയുള്ള വിളിയാളമാണ് തുഹ്ഫത്തുൽ മുജാഹിദീൻ എന്ന 'വിശുദ്ധ യോദ്ധാക്കൾക്കുള്ള സമ്മാനം.' പോർച്ചുഗീസ് അധിനിവേശവും അവർക്കെതിരെയുള്ള പോരാട്ടവുമാണ് കൃതിയുടെ മൂലവിഷയമെങ്കിലും, കേരളത്തെയും കേരളീയരുടെ ആചാരാനുഷ്ഠാന സമ്പ്രദായങ്ങളെയും മുസ്‌ലിം ആവിർഭാവ ചരിത്രത്തെയും കുറിച്ചെല്ലാം ശൈഖ് സൈനുദ്ദീൻ വിശകലനം ചെയ്യുന്നുണ്ട്.

നാലു ഭാഗങ്ങളായി വിഭജിക്കപ്പെട്ട കൃതിയിൽ പതിനേഴ് അധ്യായങ്ങളുണ്ട്. ആമുഖത്തിൽ, പോർച്ചുഗീസുകാർ മലബാർ ജനതയോട് ചെയ്യുന്ന ക്രൂരകൃത്യങ്ങളും അനീതികളും വിശദമാക്കുന്നു. സത്യത്തിന്റെയും സന്മാർഗത്തിന്റെയും പാതയിൽനിന്ന് വ്യതിചലിച്ചതാണ് ഇത്തരം പൈശാചികമായ ക്രൂരകൃത്യങ്ങൾ അനുഭവിക്കാൻ ഇടവരുത്തിയത് എന്നാണ് ശൈഖ് സൈനുദ്ദീന്റെ വീക്ഷണം. ബിജാപൂർ സുൽത്താനായ അലി ആദിൽഷാക്ക് സമർപ്പിക്കുന്നു അദ്ദേഹം ഈ കൃതി. 1557 മുതൽ 1580 വരെ ഭരണം നടത്തിയ അലി ആദിൽ ഷാ, ആദിൽ ഷാ ഭരണകൂടത്തിലെ അഞ്ചാമത്തെ രാജാവായിരുന്നു. ഇറാനിൽനിന്നും വന്ന തികഞ്ഞ ശിയാ വിശ്വാസികളായിരുന്ന ഈ ഭരണകൂടത്തിലെ, പ്രഗൽഭനായ ഭരണാധികാരിയാണ് ആദിൽ ഷാ. പ്രമുഖ സുന്നി പണ്ഡിതനായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം, ഒരു ശിയാ രാജാവിന് തന്റെ കൃതി സമർപ്പിക്കുന്നതും അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിക്കുന്നതും അത്ഭുതാവഹമാണെന്നാണ്, മദ്രാസ് സർവകലാശാലയിലെ പ്രൊഫസറായിരുന്ന എസ്. മുഹമ്മദ് ഹുസൈൻ നൈനാർ 1942-ൽ രേഖപ്പെടുത്തിയിരിക്കുന്നത്.

കൃതിയുടെ ഘടനയും ഭാഗീകരണവും അധ്യായങ്ങളും ആമുഖത്തിൽ തന്നെ ശൈഖ് സൈനുദ്ദീൻ വിശദമാക്കുന്നുണ്ട്. ആദ്യഭാഗത്ത് 'വിശുദ്ധയുദ്ധ'ത്തിന്റെ ആവശ്യകതയെക്കുറിച്ച് മുസ്‌ലിംകളെ ബോധവാന്മാരാക്കുകയും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഖുർആൻ സൂക്തങ്ങളും പ്രവാചക വചനങ്ങളും പണ്ഡിതവീക്ഷണങ്ങളും ഉദ്ധരിച്ചാണ് ജിഹാദിന്റെ മാഹാത്മ്യം ശൈഖ് സൈനുദ്ദീൻ സമർഥിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ എഴുതപ്പെട്ട മമ്പുറം തങ്ങളുടെ 'സൈഫുൽ ബത്താറും' സയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ ഉദ്ദത്തുൽ ഉമറാഉം തുഹ്ഫയുടെ ഇതേ ശൈലിയാണ് പിന്തുടർന്നിട്ടുള്ളത്. കേരളീയ ഇസ്

നാലഞ്ച് നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ഇന്നും വലിയൊരളവു വരെ, തുഹ്ഫ തരുന്ന അറിവുകളാണ് കേരളത്തിന്റെ പുരാതന-മധ്യകാലത്തെക്കുറിച്ച് കാര്യമായും ഉള്ളത്. തുഹ്ഫ ചർച്ച ചെയ്ത ഭാഗങ്ങൾ അറിയപ്പെട്ട ചരിത്രമായും, ചർച്ച ചെയ്യാത്തവ 'ഇരുളടഞ്ഞ അധ്യായങ്ങളായി' അറിയപ്പെടാത്ത ചരിത്രമായും ഇന്നും ശേഷിക്കുന്നു. പുരാതനകാലത്തെ 'സംഘം കൃതികൾ'ക്ക് ശേഷം കേരളത്തെക്കുറിച്ച് പഠിക്കാൻ ഗവേഷകർ എന്നും ആശ്രയിക്കാറുള്ളത്, മധ്യകാലത്ത് എഴുതപ്പെട്ട തുഹ്ഫയെയാണ്. അതുകൊണ്ടുതന്നെ, തുഹ്ഫത്തുൽ മുജാഹിദീനെ മാറ്റിനിർത്തിയുള്ള കേരളചരിത്ര പഠനം ദുസ്സാധ്യമാണ്



ലാമിക രചനാലോകത്തും പണ്ഡിത ലോകത്തും ശൈഖ് സൈനുദ്ദീന്റെ സ്വാധീനം എത്രത്തോളം ഉണ്ടായിരുന്നുവെന്ന് നമുക്ക് ഈ ഒരൊറ്റ സമീകരണത്തിലൂടെ മനസ്സിലാക്കാം.

മലബാറിലെ ഇസ്‌ലാമിന്റെ ആഗമന-വ്യാപനത്തെ കുറിച്ചാണ് രണ്ടാം ഭാഗം. ചന്ദ്രൻ പിളർന്ന സംഭവം കണ്ട ചേരമാൻ പെരുമാൾ, സിലോണിലേക്ക് ആദം മല സന്ദർശിക്കാൻ പോയ അറബി സംഘം, ഇസ്‌ലാം സ്വീകരിക്കാൻ മക്കത്ത് പോകുന്ന രാജാവ്, പ്രബോധനാവശ്യാർഥം രാജാവിന്റെ കത്തുമായി എത്തുന്ന മാലിക് ബ്നുദീനാറും സംഘവും, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അവർ നടത്തിയ യാത്രകൾ, സ്ഥാപിച്ച പള്ളികൾ തുടങ്ങി കേരള ഇസ്‌ലാമിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ട കഥകളെല്ലാം ശൈഖ് സൈനുദ്ദീൻ ഇവിടെ ചേർക്കുന്നു. ശേഷം അദ്ദേഹം പറയുന്നു: "ഇതൊക്കെയാണ് മലബാറിൽ ഇസ്‌ലാം എത്തിയതിന്റെയും വ്യാപിച്ചതിന്റെയും ചരിത്രം. ഏതു കാലത്താണ് ഇതു സംഭവിച്ചതെന്ന് ഉറപ്പിച്ചുപറയാൻ നമുക്ക് യാതൊരു തെളിവുമില്ല. ഹിജ്റ 200-ലാണെന്നാണ് ഭൂരിപക്ഷാഭിപ്രായം. എന്തായിരുന്നാലും, മേൽപറഞ്ഞ രാജാവിന്റെ ഇസ്‌ലാമിലേക്കുള്ള മതപരിവർത്തനം പ്രവാചകന്റെ കാലത്താണ് നടന്നതെന്നാണ് മലബാർ മുസ്‌ലിംകളുടെ പൊതുവിശ്വാസം." മാലിക്ബ്നു ദീനാർ കഥയുമായി ബന്ധപ്പെട്ട മറ്റുപല വൈരുധ്യങ്ങളും സൈനുദ്ദീൻ മഖ്ദൂം തുടർന്ന് വ്യക്തമാക്കുന്നുണ്ട്. മലബാറിലെ ഭരണവ്യവസ്ഥകളെക്കുറിച്ചാണ് ഈ ഭാഗത്തിന്റെ അവസാനത്തിൽ ചർച്ച ചെയ്യുന്നത്.

മലബാറിലെ ഹിന്ദുക്കളുടെ ഏതാനും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചാണ് മൂന്നാം ഭാഗത്ത് വിശദമാക്കുന്നത്. സാമൂതിരിയുടെ പ്രജകളെന്നും കൊച്ചിരാജാവിന്റെ പ്രജകളെന്നും മലബാറിലെ ജനങ്ങളെ രണ്ടായി തരംതിരിക്കുന്ന ശൈഖ് സൈനുദ്ദീന്റെ നിരീക്ഷണത്തിൽ തിരുവിതാംകൂർ മലബാറിന്റെ ഭാഗമായി വരുന്നില്ലെന്നു വേണം കരുതാൻ. ബ്രാഹ്മണ, നായർ സമുദായങ്ങളിലെ ആചാരങ്ങളെക്കുറിച്ചും അവരുടെ മതാനുഷ്ഠാനങ്ങളെക്കുറിച്ചും ചെറിയ തോതിൽ ശൈഖ് സൈനുദ്ദീൻ ചർച്ച ചെയ്യുന്നു. ഹിന്ദു സമുദായത്തിൽ നിന്നും പല അനാചാരങ്ങളും ഇസ്‌ലാമിക സമുദായത്തിലേക്ക് കടന്നുവന്നത് സംബന്ധിച്ച് വളരെ ഗൗരവത്തോടെത്തന്നെ വിശകലനവിധേയമാക്കുന്നുണ്ട്. മലബാറിൽ, വിശിഷ്യാ കോഴിക്കോട്ട് മുസ്‌ലിംകൾക്കുള്ള ശക്തിയെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമെല്ലാം സൈനുദ്ദീൻ മഖ്ദൂം എഴുതുന്നു.

കൃതിയുടെ ഏറ്റവും ദൈർഘ്യമേറിയ നാലാം ഭാഗം പോർച്ചുഗീസുകാരുടെ ആഗമനം, അവർ മലബാറിൽ ചെയ്തുകൂട്ടുന്ന ക്രൂരകൃത്യങ്ങൾ, തദ്ദേശീയർ പ്രത്യേകിച്ചും മുസ്‌ലിംകൾ അവർക്കെതിരെ തീർക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ വിശദമായി രേഖപ്പെടുത്തുന്നു. പതിനാല് അധ്യായങ്ങളിലായി 1498 മുതൽ 1580 വരെയുള്ള പോർച്ചുഗീസ് അധിനിവേശ ചരിത്രം വളരെ വിപുലമായി എഴുതപ്പെട്ടിട്ടുണ്ട്. സാമൂതിരി രാജാക്കന്മാരുമായി പോർച്ചുഗീസുകാർ ഉണ്ടാക്കിയ അഞ്ചു ഉടമ്പടികളും ഓരോ അധ്യായങ്ങളിലായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ചാലിയം കോട്ടക്ക് വേണ്ടിയുള്ള യുദ്ധവും അതിൽ പോർച്ചുഗീസുകാരുടെ ദയനീയമായ പരാജയവും തുടർന്നുള്ള അവരുടെ ദീനസ്ഥിതിയുമാണ് കൃതിയുടെ അവസാന അധ്യായങ്ങളിൽ.

അധ്യായങ്ങൾ യഥാക്രമം മലബാറിലെ പോർച്ചുഗീസുകാരുടെ ആഗമനവും ദുഷ്ചെയ്തികളും, പോർച്ചുഗീസുകാരുടെ ഏതാനും ക്രൂരകൃത്യങ്ങൾ, സാമൂതിരി-പോർച്ചുഗീസ് ഉടമ്പടിയും കോഴിക്കോട്ടെ പോർച്ചുഗീസ് കോട്ട നിർമാണവും, സാമൂതിരിമാരും പോർച്ചുഗീസുകാരും തമ്മിലുള്ള വൈരാഗ്യവും കോഴിക്കോട് കോട്ട പിടിച്ചെടുക്കലും, രണ്ടാം സാമൂതിരി- പോർച്ചുഗീസ് ഉടമ്പടിയും ചാലിയത്തെ പോർച്ചുഗീസ് കോട്ട നിർമാണവും, മൂന്നാം സാമൂതിരി-പോർച്ചുഗീസ് ഉടമ്പടി, സുൽത്താൻ ബഹദൂർഷായും പോർച്ചുഗീസുകാരും തമ്മിലുള്ള സമാധാനാന്തരീക്ഷത്തിന്റെ വിരാമം, സുലൈമാൻ ബാഷയുടെ ദിയു സന്ദർശനം, നാലാം സാമൂതിരി-പോർച്ചുഗീസ് ഉടമ്പടി, സാമൂതിരിയും പോർച്ചുഗീസും തമ്മിലുള്ള ശത്രുത, അഞ്ചാം സാമൂതിരി-പോർച്ചുഗീസ് ഉടമ്പടി, സാമൂതിരി- പോർച്ചുഗീസ് വൈരാഗ്യത്തിന്റെ കാരണം, ചാലിയം കോട്ടയുടെ പതനത്തിലേക്ക് നയിച്ച യുദ്ധം, ചാലിയം കോട്ട നഷ്ടപ്പെട്ടതിനു ശേഷമുള്ള പോർച്ചുഗീസുകാരുടെ അവസ്ഥ എന്നിവയാണ്.

കേരള മധ്യകാല ചരിത്രത്തിന്റെ ഈടുറ്റ പകർത്തിയെഴുത്തായ തുഹ്ഫത്തുൽ മുജാഹിദീൻ, അതിന്റെ പല തലങ്ങളിലൂടെ ഇന്നും ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.


ഫലപ്രദമായ ചികിത്സ



സ്ത്രീപുരുഷൻമാർ പുറത്തുപറയാൻ മടിക്കുന്ന രഹസ്യ രോഗങ്ങൾ, ലൈംഗിക ക്ഷീണം, ബലക്കുറവ്, വലിപ്പക്കുറവ്, ശ്രീഘ്രസ്ഖലനം, സന്താനമില്ലായ്മ (വന്ധ്യത), സ്ത്രീകളുടെ വെള്ളപോക്ക്, മെലിച്ചിൽ, സ്തനരോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, മൂലക്കുരു, വെള്ളപ്പാ ്, സോറിയാസിസ് എന്നിവയ്ക്ക് ഫലപ്രദമായ യൂനാനി ചികിത്സ. 35 വർഷത്തെചികിത്സാ പരിജ മുള്ള **ഹക്കീം കെ.ഇ. ഇബ്രാഹിമി**നെ നേരിൽ കാണുക. വിദേശത വർ രോഗവിവരം കത്ത് മുഖേനഅറിയിക്കുക. പ്രവർത്തനം ബ വ്യാഴം, വെള്ളി മാത്രം.

**അൽ - അമീൻ** കാട്ടുങ്ങൽ കോംപ്ലക്സ്, ജുമാമസ്ജിദിന് മുൻവശം, ഊട്ടി റോഡ്, പെരിന്തൽമണ്ണ. Ph: 04933 227984, 9847103

**ശനി മുതൽ ചൊവ്വ വരെ എറണാകുളം P.N.**
ഹോസ്പിറ്റലിൽ രോഗികളെ പരിശോധിക്കുന്നു. Ph: 0484 239

വളരെ സംക്ഷിപ്തമെങ്കിലും അതിന്റെ ഉള്ളടക്കവിവരം നമുക്ക് ദക്ഷിണേന്ത്യയുടെ ഭൂമിശാസ്ത്രത്തെക്കുറിച്ചും പോർച്ചുഗീസുകാരുടെ ഇന്ത്യയിലെ ആദ്യകാലങ്ങളെക്കുറിച്ചും വ്യക്തമായ അറിവ് തരുന്നു. മലബാറിൽ അവർ ചെയ്തുകൂട്ടിയ കൃത്യങ്ങളുടെ യഥാർഥ ചിത്രം പറഞ്ഞുതരുന്നു 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്നാണ് 1942-ൽ, തുഹ്ഫക്ക് ഇംഗ്ലീഷ് പരിഭാഷ തയ്യാറാക്കിയ എസ്. മുഹമ്മദ് ഹുസൈൻ നൈനാർ എഴുതിയത്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ സഞ്ജയ് സുബ്രഹ്മണ്യം 'എക്സ്പ്ലൊറേഷൻസ് ഇൻ കണക്റ്റഡ് ഹിസ്റ്ററി' എന്ന തന്റെ കൃതിയിലും തുഹ്ഫത്തുൽ മുജാഹിദീനെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്.

സാമുദായിക സൗഹാർദത്തിന്റെ ചരിത്രസാക്ഷ്യമാണ് ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ തുഹ്ഫത്തുൽ മുജാഹിദീൻ എന്നാണ് പ്രൊഫ. എം.ജി.എസ് നാരായണൻ തുഹ്ഫയെക്കുറിച്ച് പറയുന്നത്. മാനവികതക്കും സാമുദായിക സൗഹാർദത്തിനും വേണ്ടി നിലകൊണ്ട ശൈഖ് സൈനുദ്ദീൻ, പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ കേരളത്തിൽ നിലനിന്നിരുന്ന മതസൗഹാർദത്തിന്റെ നേർച്ചിത്രമാണ് തുഹ്ഫയിലൂടെ വരച്ചിടുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

ഡോ. കെ.കെ.എൻ. കുറുപ്പ് അടിവരയിടുന്നത്, തുഹ്ഫതുൽ മുജാഹിദീനിലൂടെ ശൈഖ് സൈനുദ്ദീൻ പോർച്ചുഗീസുകാർക്കെതിരെ കെട്ടിപ്പടുക്കാൻ ശ്രമിച്ച ഇസ്‌ലാമിക രാജ്യങ്ങളുടെ പ്രതിരോധ നിരക്കുവേണ്ടിയുള്ള ശ്രമമാണ്: ഈജിപ്തിലെയും ഗുജറാത്തിലെയും ബിജാപൂരിലെയും സുൽത്താന്മാരെ കോഴിക്കോട്ടെ സാമൂതിരിക്കൊപ്പം ഒറ്റക്കെട്ടായി നിർത്തി പോർച്ചുഗീസുകാർക്കെതിരെ മുസ്‌ലിം രാജാക്കന്മാരുടെ ഒരു കോൺഫെഡറസി സൃഷ്ടിക്കാനായിരുന്നു സൈനുദ്ദീന്റെ ശ്രമമെന്ന് കരുതപ്പെടുന്നു. ഒരു ചരിത്രകാരനെന്ന നിലയിലും ഇസ്‌ലാമിന്റെ സംരക്ഷകനെന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ നയതന്ത്രപരമായ സ്ഥാനമാണ്, കാലങ്ങളോളം നീണ്ടുനിന്ന കുഞ്ഞാലി മരക്കാർമാരുടെ പോരാട്ടങ്ങൾക്ക് കരുത്ത് പകർന്നിരുന്നത്. 'ആഗോള മുസ്‌ലിം സമൂഹത്തിനു തന്നെ അഭിമാനവും പ്രാധാന്യവും പ്രദാനംചെയ്യുന്നതാണ് തുഹ്ഫതുൽ മുജാഹിദീൻ' എന്ന് ഡോ. എ.ഐ. വിലായത്തുല്ല നിരീക്ഷിക്കുന്നു. 'സൗത്ത് ഏഷ്യൻ ഇസ്‌ലാമിന്റെ ചരിത്രസഞ്ചാരങ്ങളെക്കുറിച്ച് ഗവേഷണം ചെയ്യുന്ന ആർക്കും ഒഴിച്ചുകൂടാനാകാത്ത ഗ്രന്ഥമാണ് ഇതെന്ന്' സാക്ഷ്യപ്പെടുത്തുന്ന യോഗീന്ദർ സിക്കന്ത്, തുഹ്ഫതുൽ മുജാഹിദീനെ സമകാലീന സാമ്രാജ്യത്വപോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുന്നുണ്ട്.

നിരവധി ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട തുഹ്ഫത്തുൽ മുജാഹിദീന് 1833-ലാണ് ആദ്യമായി ഇംഗ്ലീഷിൽ ഭാഷാന്തരമുണ്ടാകുന്നത്. എം.ജെ. റോളണ്ട്സന്റെ ഈ പരിഭാഷ ലണ്ടനിലെ റോയൽ ട്രാൻസ്‌ലേഷൻ ഫണ്ട് ഓഫ് ഗ്രേറ്റ് ബ്രിട്ടൺ ആന്റ് അയർലന്റിനു വേണ്ടി ജെ.എൽ. കോക്സ് ആന്റ് സൺ ആണ് പ്രസിദ്ധീകരിച്ചത്. 1899-ൽ ഡേവിഡ് ലോപസും 1942-ൽ ഹുസൈൻ നൈനാറും തുഹ്ഫത്തുൽ മുജാഹിദീന് വീണ്ടും ഇംഗ്ലീഷ് പരിഭാഷകൾ തയ്യാറാക്കുകയുണ്ടായി. പോർച്ചുഗീസിലുള്ള തുഹ്ഫയുടെ പരിഭാഷ, പോർച്ചുഗീസ് അധിനിവേശ കാലത്തുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. മലയാളത്തിൽ മൂന്നു പരിഭാഷകളാണ് തുഹ്ഫത്തുൽ മുജാഹിദീനുള്ളത്: വേലായുധൻ പണിക്കശ്ശേരി, നെല്ലിക്കുത്ത് മുഹമ്മദലി മുസ്‌ലിയാർ, സി. ഹംസ സാഹിബ് എന്നിവരുടെ പരിഭാഷകൾ.




സാമുദായിക സൗഹാർദത്തിന്റെ ചരിത്രസാക്ഷ്യമാണ് ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ തുഹ്ഫത്തുൽ മുജാഹിദീൻ എന്നാണ് പ്രൊഫ. എം.ജി.എസ് നാരായണൻ തുഹ്ഫയെക്കുറിച്ച് പറയുന്നത്. മാനവികതക്കും സാമുദായിക സൗഹാർദത്തിനും വേണ്ടി നിലകൊണ്ട ശൈഖ് സൈനുദ്ദീൻ, പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ കേരളത്തിൽ നിലനിന്നിരുന്ന മതസൗഹാർദത്തിന്റെ നേർച്ചിത്രമാണ് തുഹ്ഫയിലൂടെ വരച്ചിടുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു



ജസ്റ്റിസ് മുഹമ്മദ് തഖി ഉസ്മാനിയുടെ
കുറിപ്പുകൾ-പതിനൊന്ന്

# ഖാസി ഇയാളി(റ)ന്റെ ബുദ്ധിശക്തി

**ഖാ**സി ഇയാളി(റ)ന്റെ ബുദ്ധിശക്തി വളരെ പ്രസിദ്ധമാണ്. ഇതു സംബന്ധമായി പല സംഭവങ്ങളും കാണാം. ഒരാൾ ഖാസി ഇയാളി(റ)ന്റെ അടത്തു വന്ന് പറഞ്ഞു: “ഞാൻ കുറച്ച് പണം ഒരാൾക്ക് സൂക്ഷിക്കാൻ കൊടുത്തിരുന്നു. ഇപ്പോൾ അത് തിരിച്ചാവശ്യപ്പെടുമ്പോൾ അയാൾ എന്നെ പരിഹസിക്കുന്നു.” ഖാസി പ്രതിയെ വിളിച്ചു ചോദിച്ചപ്പോൾ നിഷേധിക്കുകയും തന്റെ പക്കൽ വാദി ഒന്നും ഏൽപ്പിച്ചിട്ടില്ലെന്നും പറഞ്ഞു. ഖാസി വാദിയോട് ചോദിച്ചു: “താങ്കൾ ഈ പണം എവിടെ വച്ചാണ് ഇയാൾക്ക് കൈമാറിയത്?”

വാദി: “കാട്ടിൽ ഒരിടത്ത് വച്ച്.”

ഖാസി: “അവിടെ വല്ല അടയാളവുമുണ്ടോ?”

വാദി: “ഉണ്ട്; ഒരു മരമാണ്, അതിന് ചുവട്ടിൽ വച്ചാണ് ഞാൻ പണമയാൾക്ക് കൈമാറിയത്.”

ഖാസി: “ശരി, എന്നാൽ ആ മരത്തിന്റെ ചുവട്ടിൽ പോയി നോക്കൂ! അവിടെ താങ്കൾ കുഴിച്ചിട്ടിട്ട് മറന്നു പോയതായിരിക്കാം.”

വാദി പോയ ശേഷം പ്രതിയോട് ഖാസി പറഞ്ഞു: “അദ്ദേഹം വരുന്നത് വരെ നീ ഇവിടെ ഇരിക്കുക.”

ഖാസി മറ്റു കേസുകളിൽ തീരുമാനമെടുക്കാൻ പോയി. അൽപം കഴിഞ്ഞ് ഖാസി(റ) പെടുന്നനെ പ്രതിയോട് ചോദിച്ചു: “എന്താ, അയാൾ ആ മരത്തിന്റെ അടുത്ത്



എത്തിയിട്ടുണ്ടാകുമോ?"

"ഇല്ല, ഇപ്പോൾ എത്തിയിട്ടുണ്ടാവില്ല"-പ്രതിയുടെ മറുപടിയും പെട്ടെന്നായിരുന്നു.

അതോടെ ഖാസി കള്ളനെ കണ്ടെത്തി. അയാൾക്ക് ആ മരം പരിചയമുണ്ടെന്നു വ്യക്തമായി. അതിന്നർത്ഥം അവിടെ വച്ച് അയാൾ വാദിയുമായി എന്തോ ഒരു ഇടപാട് നടത്തിയെന്നാണ്. ഒടുവിൽ തെറ്റു സമ്മതിക്കേണ്ടിവന്നു.

മറ്റൊരു സംഭവം കൂടിയുണ്ട്. ഇതേ പരാതിയുമായി തന്റെയടുക്കൽ വന്ന ഒരാളോട് ഖാസി പറഞ്ഞു: "ഇപ്പോൾ നിങ്ങൾ പോയിക്കൊള്ളൂ. നിങ്ങൾ ഇവിടെ വന്നു പറഞ്ഞത് പ്രതി അറിയരുത്. രണ്ടു ദിവസം കഴിഞ്ഞ് ഇവിടെ തിരിച്ചുവരുക."

അയാൾ സ്ഥലംവിട്ടപ്പോൾ പ്രതിയെ വിളിച്ച് അദ്ദേഹം പറഞ്ഞു: "എന്റെയടുത്ത് ധാരാളം പണം വന്നിട്ടുണ്ട്. നിങ്ങളുടെ വീട് സുരക്ഷിതമാണെങ്കിൽ അതവിടെ സൂക്ഷിച്ചുവക്കണം."

പ്രതി: "അതെ, എന്റെ വീട് പൂർണ്ണ സുരക്ഷിതമാണ്."

ഖാസി: "ശരി, എന്നാൽ നിങ്ങൾ അതിനുള്ള സ്ഥലം സജ്ജീകരിച്ചു വക്കുക."

പ്രതി വളരെ സന്തോഷത്തോടെ വീട്ടിലേക്ക് പോയി. ശേഷം പരാതിക്കാരൻ വന്നു. അദ്ദേഹത്തോട് ഖാസി പറഞ്ഞു: "ഇനി നിങ്ങളുടെ സുഹൃത്തിന്റെയടുക്കൽ ചെന്ന് പണം ചോദിക്കുക. തരുന്നുവെങ്കിൽ പ്രശ്നമില്ല. ഇല്ലെങ്കിൽ പണം തിരിച്ചുതരണമെന്നും തരാത്ത പക്ഷം ഖാസിയോട് പരാതി പറയുമെന്നും പറയുക."

അയാൾ സുഹൃത്തിന്റെയടുക്കൽ പോയി. ഖാസി(റ) പറഞ്ഞ പ്രകാരം ആവശ്യപ്പെട്ടു. സുഹൃത്ത് പണം തിരിച്ചു നൽകി. പിന്നീട് അയാൾ ഖാസിയുടെ അടുക്കൽ വന്നപ്പോൾ അദ്ദേഹം അയാളെ ശകാരിക്കുകയും മാപ്പു കൊടുക്കുകയും ചെയ്തു. (അത്വുറുഖുൽ ഹികമിയ്യസ്സിയാസിയ്യ, ഇബ്നു ഖയ്യിം പേജ്: 22,23-അൽ ഇത്തിഹാദ് പ്രസ്സ്, ദമസ്കസ്. ഹി. 1375)

ഇബ്റാഹീമുബ്നു മർസൂഖ് ബസ്വരീ പറയുന്നു:

" ഖാസി ഇയാള്(റ) ഖാസിയാകുന്നതിനു മുമ്പാണ്. ഞങ്ങൾ അദ്ദേഹത്തിന്റെ മുമ്പിൽ ഇരിക്കുകയാണ്. ഒരാൾ വന്ന് മുമ്പിലുള്ള ഉയർന്ന സ്ഥലത്തിരുന്ന് വഴിയാത്രക്കാരെ വീക്ഷിച്ചുകൊണ്ടിരുന്നു. അൽപം കഴിഞ്ഞപ്പോൾ അയാൾ അവിടെ നിന്ന് എഴുന്നേറ്റ് ഒരു വഴിയാത്രക്കാരന്റെ പിന്നാലെ കൂടി മുഖം നോക്കി തിരിച്ചു വന്നു അതേ സ്ഥലത്ത് തന്നെ ഇരിക്കുകയും ചെയ്തു. അദ്ദേഹത്തെ നോക്കി ഇയാള്(റ) ചോദിച്ചു: "പറയൂ, അദ്ദേഹത്തിന് എന്താണ് വേണ്ടത്?"

"താങ്കൾ തന്നെ പറഞ്ഞാലും"-എല്ലാവരും മറുപടി പറഞ്ഞ.

ഇയാള്: "അദ്ദേഹം അധ്യാപകനാണ്. അദ്ദേഹത്തിന്റെ ഒറ്റ കണ്ണുള്ള ഒരു ഭൃത്യനെ കാണാതായിട്ടുണ്ട്. അവനെ തിരയുകയാണ്."

ഉടനെ ഞങ്ങളിൽനിന്ന് ഒരാൾ ആ വ്യക്തിയുടെ അടുക്കൽ ചെന്ന് ചോദിച്ചു: "താങ്കൾ എന്താണ് അന്വേഷിക്കുന്നത്."

അദ്ദേഹം: "എന്റെ ഒരു ഭൃത്യനെ കാണാനില്ല. അവനെ അന്വേഷിക്കുകയാണ്."

ചെന്നയാൾ: "ഭൃത്യൻ എങ്ങനെയുള്ളയാളാണ്?"

അദ്ദേഹം: (പല വിശേഷണങ്ങളും പറഞ്ഞ ശേഷം) "അവന് ഒരു കണ്ണില്ല."

ചെന്നയാൾ: "നിങ്ങൾക്ക് എന്താണ് ജോലി?"

അദ്ദേഹം: "കുട്ടികളെ പഠിപ്പിക്കുകയാണ്."

അത്ഭുതസ്തബ്ധരായി ഞങ്ങൾ ഇയാളിനോട് ചോദിച്ചു: "ഇതെല്ലാം താങ്കൾക്ക് എങ്ങനെയാണ് അറിയാൻ കഴിഞ്ഞത്?"

ഖാസി(റ) പറഞ്ഞു: "അദ്ദേഹം ഇവിടെ വരുമ്പോഴേ ഞാൻ അദ്ദേഹത്തെ ശ്രദ്ധിക്കുന്നുണ്ട്. തനിക്ക് ഇരിക്കാൻ അനുയോജ്യമായ ഒരിടം

**ആരോടാണ് ഇതു ചോദിച്ചതെന്ന് ചിന്തിച്ചുനോക്കൂ? പരിശുദ്ധ പ്രവാചകരോട്. മാലാഖ പോലും തങ്ങളുടെ പരിപാവനതയുടെ കാര്യത്തിൽ മുമ്പിൽ വരില്ല. ചോദിച്ചതോ, അത്ര നിസാര തെറ്റുമല്ല-വ്യഭിചാരം. മാന്യൻ നാവിൽ ഈ വാക്ക് വരുന്നതു പോലും നാണിക്കും. മറ്റൊരാളോടാണ് ഇതു പറഞ്ഞതെങ്കിൽ പറഞ്ഞയാളെ തള്ളിപ്പുറത്താക്കും. അതുകൊണ്ട് തന്നെ സദസ്യർ ഈ യുവാവോട് കോപിച്ചു**



അദ്ദേഹം തെരയുന്നത് ഞാൻ കണ്ടു. അവസാനം ഇവിടെ ഏറ്റവും ഉയർന്ന സ്ഥലമാണ് അദ്ദേഹം തെരഞ്ഞെടുത്തത്. ഞാൻ അദ്ദേഹത്തെ ആപാദ ചൂഢം നോക്കിയപ്പോൾ ഒരു രാജ കുടുംബത്തിലെ അംഗമല്ലെന്ന് മനസ്സിലായി. എനിക്ക് ബോധ്യമായത് രാജാക്കന്മാരെ പോലെ ഇരിക്കാൻ താൽപര്യപ്പെടുന്നയാളാണ് അദ്ദേഹമെന്നാണ്. അങ്ങനെ ചിന്തിച്ചപ്പോൾ കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകരാണ് ഈ സ്വഭാവക്കാരെന്ന് മനസ്സിലായി. അതുകൊണ്ട് അദ്ദേഹം ഒരു അധ്യാപകനാണെന്ന് എനിക്ക് പിടികിട്ടി.

"പിന്നെ, ഭൃത്യന്റെ കഥയോ?"-ഞങ്ങൾ ചോദിച്ചു:

"ഈ സാഹചര്യത്തിൽ അയാൾ ഒരു കണ്ണേ സാധാരണ വഴിയാത്രക്കാരന്റെ മുഖം നോക്കി പോന്നിരുന്നു. ആ യാത്രക്കാരന് ഒരു ഉണ്ടായിരുന്നുള്ളൂ. അതിനാൽ അയാൾ തന്റെ ഭൃത്യനെ അന്വേഷിക്കുകയാണെന്നും ഭൃത്യൻ ഒറ്റക്കണ്ണനാണെന്നും എനിക്ക് ബോധ്യമായി.

## രസകരമായ പരാതി യുക്തമായ പരിഹാരം

ഇമാം ശഅ്ബീ(റ) പറയുന്നു: "ഒരിക്കൽ ഉമർ(റ)ന്റെ സന്നിധിയിൽ ഒരു സ്ത്രീ വന്നു പറഞ്ഞു: "അമീറേ, എന്റെ ഭർത്താവിനെപ്പോലെ നല്ല ഒരാൾ ലോകത്ത് ഒരുപക്ഷേ, വേറെയുണ്ടാകില്ല; അദ്ദേഹം പകൽ മുഴുവൻ നോമ്പും രാത്രി മുഴുവൻ നിസ്കാരവും നിർവഹിക്കുന്നു." ഇത്രയും പറഞ്ഞ് സ്ത്രീ നിശ്ശബ്ദയായി. ഉമർ(റ)ന് സ്ത്രീ പറഞ്ഞതിന്റെ നിജസ്ഥിതി മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു: "അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ, നിങ്ങൾക്ക് പൊറുത്ത് തരട്ടെ. നല്ല സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ കുറിച്ച് ഇങ്ങനെ തന്നെയാണ് പുകഴ്ത്തിപ്പറയുക."

ഇതു കേട്ട സ്ത്രീ ഒന്നു സ്തംഭിച്ചുനിന്നു. എഴുന്നേറ്റു മടങ്ങിപ്പോവാനൊരുങ്ങി. അടുത്ത് കഅ്ബ്ബ്നു സിവാർ(റ) ഉണ്ടായിരുന്നു. തിരിച്ചുപോകാനൊരുങ്ങുന്ന സ്ത്രീയെ കണ്ട അദ്ദേഹം ഉമർ(റ)നോട് പറഞ്ഞു: "അമീറേ, താങ്കൾക്ക് അവർ പറഞ്ഞത് മനസ്സിലായിട്ടില്ല. അവർ തന്റെ ഭർത്താവിനെ പുകഴ്ത്തിയതല്ല, പരാതി പറഞ്ഞതാണ്. അവരുടെ ഭർത്താവ് ആരാധനാതൽപരനായി തന്റെ ബാധ്യതകൾ നിർവഹിക്കുന്നില്ലെന്നാണ് പറഞ്ഞത്?"

"അത് ശരി, അതാണോ കാര്യം, അവരെ വിളിക്കൂ." ഉമർ(റ) ആജ്ഞാപിച്ചു.

അവർ തിരിച്ചുവന്നു. അന്വേഷണത്തിൽ കഅ്ബ്(റ) പറഞ്ഞതു തന്നെയാണ് കാര്യമെന്ന് ബോധ്യമായി. അതിനാൽ കഅ്ബിനോട് തന്നെ ഒരു തീരുമാനം പറയാൻ ഉമർ(റ) ആവശ്യപ്പെട്ടു. കഅ്ബ്(റ) പറഞ്ഞു: "നേതാവേ, നിങ്ങൾ ഉണ്ടായിരിക്കെ ഞാൻ എങ്ങനെ തീരുമാനമെടുക്കാനാണ്?"

"നിങ്ങൾക്കാണ് അവരുടെ പരാതി മനസ്സിലായത്. അതിനാൽ നിങ്ങൾ തന്നെ അത് പരിഹരിച്ചു കൊടുക്കുക"-ഉമർ(റ) പറഞ്ഞു.

കഅ്ബ്(റ) പറഞ്ഞു: "വിശ്വാസികളുടെ നേതാവേ, ഏറിവന്നാൽ നാലു സ്ത്രീകളെ  വിവാഹം കഴിക്കാനുള്ള അനുമതി ഓരോ പുരുഷനും അല്ലാഹു നൽകിയിട്ടുണ്ട്. ആരെങ്കിലും ഈ അനുമതിപ്രകാരം നാലു പേരെ കല്ല്യാണം കഴിച്ചാൽ നാലു ദിനരാത്രങ്ങളിൽ ഒന്ന് ഒരു ഭാര്യക്ക് അവകാശപ്പെട്ടതാണ്. അതിനാൽ അവരുടെ ഭർത്താവ് മൂന്നു ദിവസം ആരാധനയിൽ മുഴുകാനും നാലാം നാൾ നിർബന്ധമായും തന്റെ ഭാര്യയോടൊപ്പം കഴിയാനും താങ്കൾ കൽപന കൊടുക്കുക."

കഅ്ബിന്റെ തീരുമാനം കേട്ടയുടനെ ഉമർ(റ) എഴുന്നേറ്റ് നിന്നു പറഞ്ഞു: "ഈ തീരുമാനം താങ്കളുടെ ആദ്യത്തെ ഗ്രഹണ ശക്തിയെക്കാൾ അത്ഭുതകരം തന്നെ." പിന്നീട് കഅ്ബി(റ)നെ ഉമർ ബസ്വറയുടെ ഖാസിയായി അവരോധിച്ചു. (അൽ ഇസ്തീആബ്..., ഇബ്നു അബ്ദുൽ ബർറ്/286/3. മുസ്തഫ മുഹമ്മദ് പ്രസ്സ് -ഈജിപ്ത്: ഹി. 1358)

## വ്യഭിചരിക്കാൻ അനുവദിക്കണം

പ്രബോധന രംഗത്ത് യുക്തിയും ബുദ്ധിയും ആവശ്യമാണ്. പക്ഷേ, സംശയരോഗമുള്ള ചില ആളുകളുണ്ടാവും. അവരെ ചികിത്സിക്കുന്നത് ഭാരിച്ച ചുമതലയാണ്. സത്യപ്രബോധകന് ഇവിടെ അത്യധികം ക്ഷമയും സഹനതയും വാത്സല്യത്തോടെയുള്ള സംബോധന കഴിവും യുക്തിയും ബുദ്ധിയും കാര്യങ്ങൾ ഹൃദയത്തിൽ സന്നിവേഷിപ്പിക്കാനുള്ളത്ര ഗാംഭീര്യവും അത്യാവശ്യമാണ്. പ്രവാചകൻ സംശയരോഗികളെ എങ്ങനെയാണ് കൈകാര്യം ചെയ്തതെന്ന് വ്യക്തമാക്കുന്ന ഒരു ഹദീസ് ഇന്ന് എന്റെ ശ്രദ്ധയിൽപ്പെട്ടു.

അബൂ ഉമാമയുടെ നിവേദനം, ഖുറൈശിയായ ഒരു യുവാവ് നബിയുടെ ചാരത്ത് വന്നു വിചിത്രമായ കാര്യം ചോദിച്ചു: പ്രവാചകരേ, എനിക്ക് വ്യഭിചരിക്കാൻ അനുമതി തരണം."

ആരോടാണ് ഇതു ചോദിച്ചതെന്ന് ചിന്തിച്ചുനോക്കൂ? പരിശുദ്ധ പ്രവാചകരോട്. മാലാഖ പോലും തങ്ങളുടെ പരി


ഫലപ്രദമായ ചികിത്സ

ശക്തിക്കുറവ്, ശ്രീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, മറ്റു ലൈംഗിക രോഗങ്ങൾ, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, മൂത്രാശയരോഗങ്ങൾ, ചർമ്മരോഗങ്ങൾ, മൂലക്കുരു എന്നിവക്ക് ഫലപ്രദമായ ചികിത്സ.



ഫിസിഷ്യൻ: എം.ആർ. കൃഷ്ണൻ

R.K. ക്ലിനിക്ക്

റൂം നമ്പർ –3, മനഴി ബസ്സ്റ്റന്റ്, ഹോസ്പിറ്റൽ റോഡ്,
പെരിന്തൽമണ്ണ. Mob: 9447769061

(വൈദ്യരത്ന പ്രഭ ഏജൻസി) സമയം 9.30 മുതൽ 6.30 വരെ

പാവനതയുടെ കാര്യത്തിൽ മുമ്പിൽ വരില്ല. ചോദിച്ചതോ, അത്ര നിസാര തെറ്റുമല്ല-വ്യഭിചാരം. മാന്യൻ നാവിൽ ഈ വാക്ക് വരുന്നതു പോലും നാണിക്കും. മറ്റൊരാളോടാണ് ഇതു പറഞ്ഞതെങ്കിൽ പറഞ്ഞയാളെ തള്ളിപ്പുറത്താക്കും. അതുകൊണ്ട് തന്നെ സദസ്യർ ഈ യുവാവോട് കോപിച്ചു. അയാളെ ശകാരിച്ചു ഭയപ്പെടുത്തി. പക്ഷേ, അനുഗ്രഹിയായ പ്രവാചകൻ അവരെ സമാധാനപ്പെടുത്തി. അയാൾ ശത്രുതയോ എതിർപ്പോ ഒന്നും കൊണ്ടല്ല; പ്രത്യുത സംശയരോഗിയായതുകൊണ്ടാണെന്നും അവൻ വാത്സല്യവും സ്നേഹവും ആഗ്രഹിക്കുന്നുവെന്നും നബി(സ) അവരെ ധരിപ്പിച്ചു. നബി അയാളോട് പറഞ്ഞു: എന്റെ അടുത്ത് വരൂ. അടുത്ത് വന്ന അയാളോട് നബി(സ) ചോദിച്ചു: "ഇത് നിങ്ങളുടെ ഉമ്മയോടാണെങ്കിൽ നിങ്ങൾക്കത് ഇഷ്ടപ്പെടുമോ?"

യുവാവ്: "ഇല്ല, ഒരിക്കലുമില്ല"

നബി: "നീയും മറ്റു ആളുകളും അത് തങ്ങളുടെ ഉമ്മയോട് ഇഷ്ടപ്പെടുന്നില്ല. നിന്റെ മകളോടാണെങ്കിലോ?"

യുവാവ്: "ഇല്ല പ്രവാചകരേ, സത്യമായും ഇല്ല."

നബി: "നിന്റെ സഹോദരിയെയാണെങ്കിലോ?"

യുവാവ്: "ഇല്ല ദൈവദൂതരേ, സത്യമായും ഇല്ല."

നബി: "ആരും തന്റെ സഹോദരിയെ അങ്ങനെ ചെയ്യാനിഷ്ടപ്പെടുന്നില്ല. നിങ്ങളുടെ അമ്മായിയോടാണെങ്കിലോ?"

യുവാവ്: "ഇല്ല, നബിയേ, സത്യമായും."

നബി: "അതെ, ആരും അത് അമ്മായിയോട് ആഗ്രഹിക്കുന്നില്ല."

ഇത്രയും പറഞ്ഞ് പ്രവാചകൻ തന്റെ വാത്സല്യകരം യുവാവിന്റെ മേൽ വച്ചു പറഞ്ഞു: "അല്ലാഹുവേ! ഇയാളുടെ ഹൃദയത്തെ പവിത്രമാക്കൂ"

ഇതിനുശേഷം യുവാവ് വളരെ നന്നായെന്നും ഒരു ഭാഗത്തേക്കും തിരിഞ്ഞുനോക്കുക പോലും ചെയ്യാറില്ലെന്നും ഉമാമ(റ) പറയുന്നു. ഈ നിവേദനപരമ്പര പ്രബലമാണെന്ന് ഇമാം ഹൈശമീ(റ) പറയുന്നുണ്ട്.

(മജ്മഉസ്സവാഇദ്. 129/11 ദാറുൽ കിതാബ്-ബൈറൂത്ത് 1967)

കവിത

▸▸**അബൂ മിശ്അൽ വൈലത്തൂർ**

# തൗബ

മനസ്സ് മൂടിവെച്ചത്
പുറത്തെടുത്ത് കണ്ണീരു ചേർത്തു...

തല കനത്തത്
ഇറക്കി സുജൂദിൽ വെച്ചു...

കൈ പകുത്തത്
വിടർത്തി ദുആയിൽ നീട്ടി...

കയ്യും കാലും കണ്ണും മൂക്കും
നിരത്തിവെച്ച് ഇഹ്തിസാബ് ചെയ്തു...

അറഫയിൽ നിന്നുള്ള കാൽപ്പാട്
മാഞ്ഞ് തുടങ്ങുന്നു..

പിറന്നുവീണ കുഞ്ഞിന്റെ
ഖൽബ് ഉള്ളിൽ പിടക്കുന്നു...

ഇനി
ചുമടും ഭാണ്ഡവും
സൂക്ഷ്മമായി നിറക്കണം
സ്വഫ തിരിച്ചു വിളിച്ചില്ലെങ്കിലോ...!



പ്രസിദ്ധമായ 'ഉക്കാള്' ചന്തയുടെ മാതൃകാരൂപവും ഉക്കാളയുടെ ഇന്നത്തെ ഫോട്ടോയും പുസ്തകത്തിൽ നൽകിയിട്ടുണ്ട്. ജാഹിലിയ്യാ കാലത്തെ അറേബ്യൻ ഉപദ്വീപിന്റെ പൂർണ്ണരൂപം കൃത്യമായി വിവരിക്കുന്നുണ്ട്

# അത്്ലസു സീറത്തുന്നബവിയ്യ

വായന

▶▶പി മുഹമ്മദ് റഹ്മാനി മഞ്ചേരി

**വാ**യനയിൽ വ്യത്യസ്ത അനുഭവം നൽകുന്നതാണ് ഡോ. ശൗഖീ അബൂ ഖലീൽ രചിച്ച 'അത്്ലസുസ്സീറത്തുന്നബവിയ്യ' എന്ന ചരിത്രഗ്രന്ഥം. ചരിത്രപശ്ചാത്തലങ്ങളെ അടയാളപ്പെടുത്തുന്ന ഭൂപടങ്ങളും ചിത്രങ്ങളും കൃതിയുടെ മാറ്റു കൂട്ടുന്നു.

ശൗഖിയുടെ തന്നെ മറ്റൊരു ഗ്രന്ഥമായ 'അത്്ലസ്സുൽ ഖുർആനും' ഗഹനമായ പഠനമാണ്. രണ്ടും ചരിത്രവിദ്യാർത്ഥികൾക്കും പണ്ഡിതൻമാർക്കും ഏറെ ഉപകാരപ്രദവും സ്ഥല-കാല സംഭവങ്ങളെ കുറിച്ചുള്ള വിശദമായ അവതരണവും ഉൾക്കൊള്ളുന്നതുമാണ്.

'അത്്ലസുസ്സീറത്തിന്നബവിയ്യ' പ്രവാചക ചരിത്രഭൂമികയുടെ വിശദീകരണമാണെങ്കിൽ 'അത്്ലസ്സുൽ ഖുർആൻ' കിടയറ്റ ഖുർആൻ പഠനമാണ്.

പ്രവാചകരുടെ പിതൃ-മാതൃ പരമ്പരകളും സന്താനപരമ്പരകളും വിവരിക്കുന്നതിന് ഡോ. ശൗഖീ സ്വീകരിച്ച ശൈലി ആശ്ചര്യകരമാണ്. പ്രവാചക കുടുംബത്തെ പൂത്തുനിൽക്കുന്ന മരത്തോടുപമിച്ച് ചില്ലകളിൽ പേരു രേഖപ്പെടുത്തിയ അവതരണരീതി വ്യത്യസ്തത പുലർത്തുന്നു.

'അത്്ലസുസ്സീറത്തിന്നബവിയ്യ' യുടെ അവസാന ഭാഗമെത്തുമ്പോഴേക്കും 160-ൽ പരം ഭൂപടങ്ങളും ചിത്രങ്ങളും അനുബന്ധരേഖകളും കടന്നുവരുന്നു. വിവരണം ഹ്രസ്വവും എന്നാൽ സമഗ്രവും സരളവുമാണ്. ചരിത്രവിവരണത്തിന്റെയും പഠനാവതരണത്തിന്റെയും സാഹചര്യത്തിൽ പൊതുവെയുണ്ടാകുന്ന മടുപ്പിൽ

നിന്നും വായനക്കാരന് ഉൻമേശം നൽകുന്നവയാണ് അത്‌ലസ്സിലെ കൃത്യമായ ഭൂപടങ്ങൾ.

ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് അനുബന്ധ വിവരണമാണ് നൽകിയിട്ടുള്ളത്. 'കഅ്ബ'യെ കുറിച്ചുള്ള വിശദമായ ചർച്ചയാണ് ഈ ഭാഗത്ത്. കഅ്ബയുടെ കൃത്യമായ നീളവും വീതിയും ചരിത്ര നാൾവഴികൾക്കനുസരിച്ചുവന്ന മാറ്റങ്ങളും വ്യക്തമായി അടയാളപ്പെടുത്തുന്ന പ്ലാനുകളും ചിത്രങ്ങളും ഈ ഭാഗത്തുണ്ട്. കഅ്ബയിൽ നിന്ന് മീഖാത്തുകളിലേക്കുള്ള ദൂരവും കഅ്ബ വികസനം, അതുമായി ബന്ധപ്പെട്ട വ്യക്തികൾ എന്നിവരെ കുറിച്ചൊക്കെ അതിൽ വിവരിക്കുന്നുണ്ട്.

സഫാ മർവ്വാ പോക്കുവരവുകൾ പ്രത്യേകം അടയാളപ്പെടുത്തി അതിന്റെ പാർശങ്ങളിലെ കവാടങ്ങൾ വരെ രേഖപ്പെടുത്തിയ രേഖാചിത്രവും ഈ ഭാഗത്തുണ്ട്. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ വിസ്തീർണവും ചുറ്റളവും രേഖപ്പെടുത്തുന്ന മാപ്പിൽ നിന്നാണ് ആരംഭം. രണ്ടാം അധ്യായത്തിൽ നബിയുടെ പിതാമഹനായ ഇബ്‌റാഹീം നബിയെ പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ പ്രബോധന മാർഗങ്ങൾ അടയാളപ്പെടുത്തുകയും ചെയ്യുന്നു.

ചരിത്രത്തിൽ കേട്ടുകേൾവി മാത്രമുള്ള സുവാഅ്, ലാത്ത തുടങ്ങിയ ബിംബമൂർത്തികളടക്കം ഖുർആൻ പേരെടുത്തു പറഞ്ഞതും അല്ലാത്തതുമായ 14 ബിംബങ്ങൾ സ്ഥിതി ചെയ്തിരുന്ന സ്ഥലങ്ങളും പ്രദേശങ്ങളും കൃത്യമായി അടയാളപ്പെടുത്തിയ ഭൂപടം ചരിത്രാന്വേഷകർക്ക് ഉപകാരപ്പെടും.

പ്രസിദ്ധമായ 'ഉക്കാള' ചന്തയുടെ മാതൃകാരൂപവും ഉക്കാളയുടെ ഇന്നത്തെ ഫോട്ടോയും പുസ്തകത്തിൽ നൽകിയിട്ടുണ്ട്. ജാഹിലിയ്യാ കാലത്തെ അറേബ്യൻ ഉപദ്വീപിന്റെ പൂർണ്ണരൂപം കൃത്യമായി വിവരിക്കുന്നുണ്ട്. മറ്റു കൃതികളെപ്പോലെ കേവല സ്ഥലമടയാളപ്പെടുത്തലിൽ ഒതുങ്ങുന്നതല്ല ഈ ചിത്രം. അക്കാലത്ത് ജീവിച്ചിരുന്ന ക്രിസ്ത്യാനികൾ, ജൂതർ, മജൂസികൾ, ബിംബാരാധകർ എന്നിവരുടെ വാസസ്ഥലങ്ങളും അവരുടെമേൽ ആധിപത്യമുണ്ടായിരുന്ന ഭരണകൂടങ്ങളെയും പ്രത്യേക ചിഹ്നങ്ങൾ നൽകി അടയാളപ്പെടുത്തുന്നു.



*അത്‌ലസുസ്സീറത്തുന്നബവിയ്യ'യുടെ ഉർദു വേർഷൻ*

മാത്രം മതി ഇത്രയുംകാലം പലരും ധരിച്ചുവച്ചിരുന്ന തെറ്റായ ബോധം തിരുത്തിവായിക്കാൻ. പലപ്പോഴും നാം കാണുന്ന 'ഉഹ്ദ് മലയും 'ജബലുറുമാത്തും' കൃത്യമായി അടയാളപ്പെടുത്തുന്നതോടൊപ്പം ഖാലിദ്(റ) അമ്പയ്ത്തുകാരുടെ അടുക്കലേക്ക് കയറിവന്ന വഴിയും ഇന്നത്തെ ഉഹ്ദ് ഭൂമിയും ജബലുറുമാത്തും വേറിട്ടു വേറിട്ടു അടയാളപ്പെടുത്തി പരിചയപ്പെടുത്തുന്നു.

കൃതിയുടെ ആധികാരികത ബോധ്യപ്പെടുത്താൻ ചില ഉദാഹരണങ്ങൾ മാത്രം എടുത്തുകാട്ടിയതാണിവിടെ. സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഓരോ സ്ഥലത്തും അതിന്റേതായ ഗൗരവത്തോടെയും ആധികാരികമായും വിഷയങ്ങൾ പ്രതിപാദിക്കുന്നു.

**അലസമായ പഠനമല്ല ഈ കൃതിയുടെ അവതരണമെന്നു വായനക്കാരനു ബോധ്യപ്പെടും. ഗഹനമായ ചരിത്രപഠനം നടത്തിയും ചരിത്ര സ്ഥലങ്ങൾ നേരിട്ടു സന്ദർശിച്ചും കൃത്യമായി യഥാർത്ഥ ചരിത്ര വസ്തുതകൾ ഉറപ്പുവരുത്തിയുമാണ് ഓരോ പേജും തുന്നിച്ചേർക്കുന്നതെന്നു ബോധ്യപ്പെടാൻ അധികമൊന്നും വായിക്കേണ്ടിവരില്ല.**

വിവരണാകൃഷ്ടതയിൽ വലിയ മികവ് പുലർത്തുന്നതാണ് അബാബീൽ പക്ഷികളെയും ആനക്കലഹ സംഭവവും ചിത്രീകരിക്കുന്ന ഭാഗം. സ്വൻആഈലിൽ നിന്നും മക്കയിലേക്കുള്ള പ്രയാണ വഴി കൃത്യമായി രേഖപ്പെടുത്തുകയും വഴി മധ്യേയുള്ള പട്ടണങ്ങളെ പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

അലസമായ പഠനമല്ല ഈ കൃതിയുടെ അവതരണമെന്നു വായനക്കാരനു ബോധ്യപ്പെടും. ഗഹനമായ ചരിത്രപഠനം നടത്തിയും ചരിത്ര സ്ഥലങ്ങൾ നേരിട്ടു സന്ദർശിച്ചും കൃത്യമായി യഥാർത്ഥ ചരിത്ര വസ്തുതകൾ ഉറപ്പുവരുത്തിയുമാണ് ഓരോ പേജും തുന്നിച്ചേർക്കുന്നതെന്നു ബോധ്യപ്പെടാൻ അധികമൊന്നും വായിക്കേണ്ടിവരില്ല.

ഉദ്ധൃത കൃതിയിലെ ഉഹ്ദ്മല

യാത്രാവഴികൾ അടയാളപ്പെടുത്തുന്നതും ഒളിഞ്ഞു സഞ്ചരിച്ച ഭാഗങ്ങളിൽ യഥാർത്ഥ വഴിക്കൊപ്പം അന്നവർ യാത്രക്കവലംബിച്ച വഴികളും വേർതിരിച്ചു വരച്ചുകാണിക്കുന്നത് ഡോ. ശൗഖീ അബൂഖലീൽ ഈ പഠനത്തിൽ നടത്തിയ കഠിനാധ്വാനം ബോധ്യപ്പെടുത്തുന്നു.

യുദ്ധഭൂമി കടൽതീരങ്ങളിൽ നിന്നും എത്ര അകലത്തിലാണെന്നും യുദ്ധഭൂമിയുടെ അയൽപ്രദേശങ്ങളെയും രാജ്യങ്ങളെയും യുദ്ധത്തിലെ പങ്കാളികളെയും ഭൂപടത്തിലൂടെ വ്യക്തമാക്കുന്നുണ്ട്. വായനക്കാരന് പൂർണ്ണസംതൃപ്തി നൽകാനുള്ള കഠിനശ്രമം ശൗഖീ ഈ കൃതിയിൽ നടത്തിയിട്ടുണ്ടെന്നു പറയാതെ വയ്യ. ദാറുൽ ഫിഖർ, സിറിയയാണ് പുസ്തകത്തിന്റെ പ്രസാധകർ.

# വേണ്ടാത്തതിനു പോകരുത് മകളേ...



അകത്തെ വായനക്ക്
**ബഷീർ കാട്ടുമുണ്ട**

**ക**ൽക്കത്തയിലൊരു വിക്ടോറിയ ടെർമിനലുണ്ട്. ബ്രിട്ടീഷുകാരുടെ പ്രതാപം വിളിച്ചോതുന്ന കലാചാരുതയോടെ നിർമിച്ച അതിമനോഹര തൂവെള്ള കൊട്ടാരം. അതിനു ചുറ്റും പാർക്കാണ്. സായാഹ്നങ്ങൾ ആസ്വാദ്യകരമാക്കാൻ പറ്റിയ ഇടം. നമ്മുടെ കോഴിക്കോട്ടെ മാനാഞ്ചിറ സ്ക്വയറിന്റെയും മലപ്പുറത്തെ കോട്ടക്കുന്നിന്റെയുമൊക്കെ വലിയ രൂപമായി ഇതിനെ വിശേഷിപ്പിക്കാം. കാണാനും കറങ്ങാനും ആനന്ദിക്കാനും പറ്റിയ ഇടങ്ങൾ. രാത്രി എട്ടു മണിയോടെ ഇവിടെ അടയ്ക്കും. പിന്നെ അങ്ങോട്ട് പ്രവേശനമില്ല. വിശാലമായ ഉദ്യാനം നിറയെ തണൽ മരങ്ങൾ, ഭംഗിയായി വെട്ടിയൊതുക്കിയ പുൽത്തകിടുകൾ, അരുവികൾ തുടങ്ങി നയനാനന്ദകരമായ കാഴ്ച്ച തന്നെ. സമയം പോകുന്നതേ അറിയില്ല. ഞങ്ങൾ സാമൂഹ്യ പ്രവർത്തകരുടെ ഒരു പഠനസംഘം ചുറ്റിത്തിരിഞ്ഞ് സായാഹ്നം ചെലവഴിക്കാൻ എത്തിയതായിരുന്നു അവിടെ. കുറേ വിദേശികൾ, തദ്ദേശീയർ, ദമ്പതിമാർ, അവരുടെ മക്കൾ, വൃദ്ധർ, വ്യായാമത്തിനായി നടക്കാനിറങ്ങിയവർ, ചെറുപ്പക്കാരുടെ ചെറിയ സംഘങ്ങൾ, കമിതാക്കൾ എന്നു തോന്നിക്കുന്നവർ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾ തുടങ്ങി പല കാറ്റഗറികളിലും പെടുത്താവുന്ന അനേകമാളുകൾ അവിടെ എത്തിയിട്ടുണ്ട്. പിന്നെ ഞങ്ങളും. ഇരുട്ടാവുന്നത് വരെ ഞങ്ങൾ അവിടെ ചുറ്റിക്കറങ്ങി. കുറേ പേർ ഇരുന്നും കൈകോർത്തു പിടിച്ചു നടന്നും ഒക്കെ സമയം ചെലവഴിക്കുന്നു.

ചിലർ പാട്ടുപാടുന്നുണ്ട്. ചിലർ ഫോട്ടോയ്ക്കു പോസ് ചെയ്യുന്നു. അങ്ങനെയങ്ങനെ...

ഏതാണ്ട് ഇരുട്ടായപ്പോഴേക്കും വൈദ്യുതിദീപങ്ങളുടെ മങ്ങിയ പ്രഭ ഉദ്യാനമാകെ പരന്നു. തെളിഞ്ഞ വെളിച്ചം പലയിടത്തേക്കും എത്തുന്നില്ല. മിക്ക സ്ഥലങ്ങളിലും പാൽനിലാവിന്റെ പ്രതീതിയാണ്. ഒരുമിച്ചിരുന്ന കമിതാക്കൾ എന്നു തോന്നിപ്പിക്കുന്ന കുറേയാളുകൾ ഒരുമിച്ചു കിടക്കലായി. അടുത്തിരുന്നവർ പലരും ഒന്നാകാൻ തുടങ്ങി. ചിലർ നീണ്ടുനിൽക്കുന്ന പരിരംഭണത്തിലേർപ്പെടുന്നു. ചിലർ അധരകൈമാറ്റം നടത്തുന്നു. ഇവിടെ എഴുതാൻ കൊള്ളാത്തത്രയും മോശമായ കാമലീലകളിൽ അവർ പരസ്യമായി മുഴുകിക്കൊണ്ടിരിക്കുന്നു. നടന്നുപോകുന്ന, കണ്ണുള്ള ആരും ഇതു കണ്ടുപോകും. ഇതു കാണാൻ വേണ്ടി ആരും ഒളിഞ്ഞുനോക്കേണ്ട ആവശ്യമില്ല. ഇതു ചെയ്യുന്ന ചിലർക്കൊക്കെ മാനവും മര്യാദയുമുണ്ട് കെട്ടോ! അവർ കുട നിവർത്തി വെച്ച് ആ മറവിലിരുന്നാണ് ഇപ്പണി ചെയ്യുന്നത്.

വെറുതെ ചിരിച്ചുതള്ളാൻ വേണ്ടി പങ്കുവെച്ചതല്ല. ഇതു കൽക്കത്തയിലെ സ്ഥിതി! നമ്മുടെ നാടും ഇതിൽ നിന്നും വിഭിന്നമല്ല. ഇത്ര ലൈവായി നാമിത് തുടങ്ങിയിട്ടില്ലെങ്കിലും തിരുവനന്തപുരം ശംഖുമുഖവും കോവളം കടപ്പുറവും എറണാകുളം ശുഭാഷ് പാർക്കും മറൈൻ ഡ്രൈവും കോഴിക്കോട് മാനാഞ്ചിറ സ്ക്വയറുമൊക്കെ ഇത്തരം പരസ്യവ്യഭിചാരകേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളുമായി മാറിത്തുടങ്ങിയിട്ടുണ്ട്. യൂണിവേഴ്സിറ്റി ക്യാമ്പസുകളിലും ചില കോളേജ് ക്യാമ്പസുകളിലുമൊക്കെ ഇത്തരം 'പാഞ്ചാര മൂല'കളുണ്ട്പോലും.

ജോലി, പഠനം തുടങ്ങി പല ആവശ്യങ്ങൾക്കായി രാവിലെ തന്നെ വീടുവിട്ടിറങ്ങുന്ന കുമാരീ കുമാരൻമാരും യുവതീ യുവാക്കളുമൊക്കെ വൈകുന്നേരം 'എൻജോയ്' ചെയ്യാൻ ഇവിടങ്ങളിലേക്കാണ് ഒഴുകുന്നത്. തുറന്ന ജീവിതത്തിന്റെ വക്താക്കളായിരിക്കും ഇവർ. ശരീരം പങ്കുവെയ്ക്കാനും ജീവിതം ആസ്വദിക്കാനും ഉള്ളതാണെന്നാണ് ഇവരുടെ 'ലൈൻ.'

ഇനി സമ്മതിച്ചാൽതന്നെ പരസ്യമായി വേണോ? ഒരിലയുടെ മറവെങ്കിലും ആയിക്കൂടെ? വഴിയാത്രക്കാരുടെ തൊലി ഉരിയണോ? അവരെ മാനം കെടുത്തണോ?

ഇതൊക്കെ പാശ്ചാത്യ സംസ്കാരത്തിന്റെ ബാക്കിപത്രങ്ങളാണ്. സംസ്കാരത്തിനു ചേരുന്ന കാര്യങ്ങൾ മാത്രം അനുകരിച്ചാൽ പോരേ?

ഇനി ഇതിന്റെ മൂല്യവശത്തിലേക്കു പോയാലോ? നമ്മുടെയൊക്കെ അനിയനും അനിയത്തിയുമൊക്കെയാണ് ഇവിടെ പങ്കുവെക്കാനെത്തുന്നത്. രാവിലെ മദ്റസയിലേക്ക് പറഞ്ഞുവിട്ടിരുന്ന, യാസീൻ മനഃപാഠം പഠിച്ചിരുന്ന നമ്മുടെ കുട്ടികൾ തന്നെയാണ് ഇവരൊക്കെ!? കണ്ണും കാതും തുറന്നുവെച്ച് പുറംലോകത്തെ നോക്കിക്കാണാനും നല്ലതു തെരഞ്ഞെടുക്കാനും കുട്ടികൾക്ക് കഴിയാതെപോകുകയാണോ? ഉന്നത വിദ്യാഭ്യാസവും പട്ടണത്തിൽ ജോലിയും കിട്ടുമ്പോൾ സൽവഴി മറക്കുന്നു നമ്മുടെ ചെറുപ്പക്കാർ! ഇതൊക്കെ കണ്ട് വളരാൻ കുറേ 'നല്ല' അനിയന്മാരുമുണ്ട് നമുക്ക്.

ഇത്തരം 'അനാശാസ്യ കേന്ദ്രങ്ങൾ' അടച്ചുപൂട്ടാൻ നമുക്കാവില്ല. കാരണം, വിനോദം മനുഷ്യന്റെ മാനസിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ ഇത്തരം സാമൂഹിക-സാംസ്കാരിക-വിനോദ കേന്ദ്രങ്ങൾക്കു വേണ്ടി മുറവിളി കൂട്ടാൻ ഇവിടെ ആളുകളുണ്ട്.

അധികൃതർ ഈ കാമലീലകൾ കാണാതെ കാണുന്നുമുണ്ട്. ഇവരെ ഓടിച്ചുപിടിച്ചിട്ട് നാലാളുടെ മുമ്പിൽ നിർത്തി പൊതിരെ തല്ലി നിയമകൂടത്തിന്റെ മുമ്പിൽ കൊണ്ടുവരുകയാണു വേണ്ടത്. അതിനും നിയമം അനുവദിച്ചെന്നുവരില്ല. 18 വയസ് കഴിഞ്ഞാൽ പിന്നെ ഒന്നിനും പ്രശ്നമില്ലല്ലോ! പൊതുസ്ഥലം ഇത്തരം വേണ്ടാത്തരങ്ങൾക്കു ഉപയോഗിക്കുന്നവരെ മാതൃകാപരമായി നിയമത്തിനു മുന്നിൽ കൊണ്ടുവന്നേ മതിയാകൂ. അതിന്നായി അധികൃതരും നിയമപാലകരും ഉണർന്നു പ്രവർത്തിക്കണം. വല്ലപ്പോഴെങ്കിലും പട്രോളിംഗ് നടത്തി വിരട്ടി വിട്ടതുകൊണ്ടായില്ല; കർശന നിലപാടു തന്നെ സ്വീകരിക്കണം. ഏറ്റവും പ്രഥമവും പ്രധാനവുമായി വേണ്ടത് അവനവന്റെ ശ്രദ്ധ തന്നെയാണ്. നമുക്ക് നമ്മുടെ പരിധിയിൽ വരുന്നവരെയെങ്കിലും ഉപദേശിച്ചു വഴി നടത്താനാകണം. വെറുതെ വീട്ടുകാരെയും ഗുരുനാഥൻമാരെയും ധിക്കരിച്ച് വേണ്ടാത്തതിനു പോകേണ്ട മക്കളേ... കുടുങ്ങിപ്പോകും..!

വെറുതെ ചിരിച്ചുതള്ളാൻ വേണ്ടി പങ്കുവെച്ചതല്ല. ഇതു കൽക്കത്തയിലെ സ്ഥിതി! നമ്മുടെ നാടും ഇതിൽ നിന്നും വിഭിന്നമല്ല. ഇത്ര ലൈവായി നാമിത് തുടങ്ങിയിട്ടില്ലെങ്കിലും തിരുവനന്തപുരം ശംഖുമുഖവും കോവളം കടപ്പുറവും എറണാകുളം ശുഭാഷ് പാർക്കും മറൈൻ ഡ്രൈവും കോഴിക്കോട് മാനാഞ്ചിറ സ്ക്വയറുമൊക്കെ ഇത്തരം പരസ്യവ്യഭിചാരകേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളുമായി മാറിത്തുടങ്ങിയിട്ടുണ്ട്. യൂണിവേഴ്സിറ്റി ക്യാമ്പസുകളിലും ചില കോളേജ് ക്യാമ്പസുകളിലുമൊക്കെ ഇത്തരം 'പാഞ്ചാര മൂല'കളുണ്ട്പോലും.

# പ്രതിഫലങ്ങളുടെ അനന്ത സാധ്യതകൾ

തിരുമൊഴി

▶▶ജലീൽ ഫൈസി പുല്ലങ്കോട്

അബൂദർറ്(റ) പറയുന്നു: നബി(സ) എന്നോട് പറഞ്ഞു: "നല്ല കാര്യങ്ങളിൽ ഒന്നിനെയും നീ നിസ്സാരമായി കാണരുത്. പ്രസന്നവദനനായി നിന്റെ സഹോദരനെ അഭിമുഖീകരിക്കുന്നതു പോലും."(മുസ്‌ലിം)

പരലോകത്ത് പ്രതിഫലം ലഭിക്കുന്ന പുണ്യകർമ്മങ്ങളുടെ മേഖല അതിവിശാലമാണ്. ആരാധനാരൂപത്തിലുള്ളവ മാത്രമല്ല പുണ്യകർമ്മങ്ങൾ. മനുഷ്യജീവിതത്തിന്റെ എല്ലാ ചലനങ്ങളും മനനങ്ങളും പുണ്യങ്ങളാണ്; തിന്മയുമായി ബന്ധപ്പെട്ടതല്ലെങ്കിൽ. അതിനാൽ നല്ല കാര്യം അതെത്ര ചെറുതായിതോന്നുന്നുവെങ്കിലും നിസ്സാരവൽക്കരിക്കപ്പെടേണ്ടതോ അവഗണിച്ച് തള്ളേണ്ടതോ അല്ല. ഒരു മനുഷ്യന്റെ മുഖത്തേക്ക് തെളിഞ്ഞ മുഖവുമായി നോക്കുന്നത് അത്രവലിയ കാര്യമൊന്നുമല്ല. എന്നാൽ അതുപോലും ഇസ്‌ലാമിക ദൃഷ്ട്യാ കനപ്പെട്ടതും പരലോകത്ത് പ്രതിഫലാർഹവുമാണെന്ന് തന്റെ അനുയായികളെ തെര്യപ്പെടുത്തുകയാണ് തിരുനബി(സ) ചെയ്യുന്നത്.

ഏതാനും ചില ആരാധനാ മുറകൾ നിർദേശിക്കുകയും അവ പ്രതിഫലാർഹമായ പുണ്യകർമ്മങ്ങളായി പരിഗണിക്കുകയും ജീവിതത്തിന്റെ മറ്റു മേഖലകളെക്കുറിച്ച് മൗനം ദീക്ഷിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഇസ്‌ലാമിലില്ല. മനുഷ്യപ്രകൃതിക്കും സംസ്കാരത്തിനും അനുയോജ്യമായ എല്ലാ നല്ല കാര്യങ്ങളും പുണ്യങ്ങൾ തന്നെ. അതിനാൽ, സുകൃതങ്ങൾ ചെയ്ത് പ്രതിഫലം നേടാൻ സത്യവി



ശ്വാസികൾക്ക് ധാരാളം അവസരങ്ങൾ തുറന്നുകിട്ടുന്നു.

ദാനധർമ്മങ്ങൾ വളരെ പ്രാധാന്യമുള്ള പുണ്യകർമമാണ്. എന്നാൽ, സമ്പത്തുള്ളവർക്കേ പ്രസ്തുത പുണ്യം നേടാൻ കഴിയൂ. ഈ ചിന്ത പാവപ്പെട്ട സ്വഹാബികളിൽ ചിലരെ അലോസരപ്പെടുത്തി. ധനികന്മാരെ പോലെ ദാനം ചെയ്ത് പ്രതിഫലം കരസ്ഥമാക്കാൻ കഴിയാതെ പോയല്ലോ എന്നതായിരുന്നു അവരെ അലട്ടിയ മനോവ്യഥ. ഒരിക്കൽ പ്രവാചക തിരുമേനി(സ)യോട് ഈ വിഷമം അവർ തുറന്നു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ! ധനമുള്ളവർ ധാരാളം പ്രതിഫലം കരസ്ഥമാക്കുന്നു. ഞങ്ങളെ പോലെ അവരും നിസ്കരിക്കുന്നു. ഞങ്ങളെ പോലെ അവരും നോമ്പ് അനുഷ്ഠിക്കുന്നു.( അതിനെല്ലാം പുറമെ) അവരുടെ ധനത്തിൽ മിച്ചം വരുന്നതു കൊണ്ട് അവർ ദാനധർമ്മങ്ങൾ ചെയ്യുന്നു (ഞങ്ങൾക്ക് അതിന്ന് കഴിയില്ലല്ലോ)." പ്രവാചകർ(സ) ചോദിച്ചു: "നിങ്ങൾക്കും ദാനം നൽകാൻ ചിലത് അല്ലാഹു നിശ്ചയിച്ചു തന്നിട്ടില്ലേ? എല്ലാ തസ്ബീഹുകളും സ്വദഖയാണ്. എല്ലാ തക്ബീറുകളും സ്തുതിവചനങ്ങളും തഹ്ലീലുകളും സ്വദഖയാണ്. നന്മകൽപ്പിക്കലും തിന്മ തടയലും സ്വദഖയാണ്. നിങ്ങളുടെ ഭാര്യമാരുടെ അടുത്ത് ചെല്ലുന്നതു പോലും സ്വദഖയാണ്. (ഇതൊക്കെ നിങ്ങൾക്ക് ചെയ്യാവുന്ന കാര്യങ്ങളാണ്.) " അപ്പോൾ ശ്രോതാക്കൾ ചോദിച്ചു: "ഞങ്ങളിലൊരുത്തൻ വികാരശമനത്തിനു വേണ്ടി ഭാര്യമാരെ സമീപിക്കുന്നതിലും പ്രതിഫലമുണ്ടോ?" നബി(സ) പ്രതികരിച്ചു: "ഒരാൾ നിഷിദ്ധമായ മാർഗത്തിൽ അത് നിർവഹിക്കുകയാണെങ്കിൽ അവൻ കുറ്റക്കാരനാവുകയില്ലേ? എന്നാൽ, അനുവദനീയമായ വഴിയിൽ അത് നിർവഹിച്ചാൽ അവന്ന് പ്രതിഫലവുമുണ്ട്." (മുസ്ലിം)

നല്ല കാര്യങ്ങൾ ഒന്നിനെയും നിസ്സാരമായി കാണരുതെന്നാണല്ലോ തിരുവാക്യത്തിലെ ഉപദേശം! ജനങ്ങളുടെ ദൃഷ്ടിയിൽ നിസ്സാര കാര്യമായതുപോലും അല്ലാഹുവിന്റെയടുക്കൽ അത് ഗണനീയമായിരിക്കും. അതിനാൽ കാര്യങ്ങളെയൊന്നും അവഗണിക്കരുതെന്നാണ് ഉപദേശത്തിന്റെ പൊരുൾ. "രണ്ടു പേർക്കിടയിൽ പ്രശ്നം പരിഹരിച്ചുകൊടുക്കൽ, ഒരു വ്യക്തിയെ വാഹനത്തിൽ കയറാൻ സഹായിക്കൽ, ചുമട് കയറ്റാനും ഇറക്കാനും സഹകരിച്ചുകൊടുക്കൽ, മനുഷ്യരോട് നല്ല വാക്ക് പറയൽ, നിസ്കാരത്തിനു വേണ്ടി പള്ളിയിലേക്ക് ഓരോ ചവിട്ടടി വെക്കൽ, വഴിയിൽ കാണുന്ന ശല്യങ്ങൾ എടുത്തുമാറ്റൽ എല്ലാം പുണ്യകർമ്മങ്ങളാണ്." (ബുഖാരി, മുസ്ലിം)

സാധാരണയിൽ ലാഘവതരത്തിൽ ഗണിക്കപ്പെടുന്ന ചില കാര്യങ്ങളാണ് ഇതൊക്കെ. പക്ഷേ, വിശാലമായ മനുഷ്യസേവനത്തിന്റെ ഭാഗങ്ങളാണിതെല്ലാം. അതിനാൽ വളരെ വിലപ്പെട്ടതായി ഇസ്ലാം അവയെ കാണുന്നു.

നനവോടെ സ്പർശിച്ചാൽ ഗൗരവതരമായ മാലിന്യമുള്ളതും നീചജീവിയുമായി ഇസ്ലാം കണക്കാക്കുന്ന നായക്ക് ദാഹജലം നൽകിയ വ്യക്തിക്ക് അല്ലാഹു പാപമോചനം നൽകി സ്വർഗപ്രവേശം അനുവദിച്ചുകൊടുത്തതായി ഇമാം ബുഖാരി നിവേദനം ചെയ്ത ഹദീസിൽ കാണാം. നബി(സ) പറഞ്ഞു: "ഒരാൾ ഒരു വഴിയെ സഞ്ചരിച്ചുകൊണ്ടിരിക്കെ അദ്ദേഹത്തിന് കഠിനമായ ദാഹം നേരിട്ടു. അദ്ദേഹം ഒരു കിണർ കണ്ടു. അതിൽ ഇറങ്ങി ദാഹശമനം വരുത്തി. കയറിവന്നപ്പോൾ നാവും തൂക്കിയിട്ട് ഒരു നായ നിൽക്കുന്നു. ദാഹത്താൽ, നനഞ്ഞ മണ്ണിൽ (ഇടക്കിടെ) നാവിട്ട് നക്കുന്നു. എന്നെപ്പോലെ ഈ നായയും ദാഹത്താൽ വലയുന്നുണ്ടാവാം എന്നു പറഞ്ഞ് അയാൾ കിണറ്റിലേക്ക് വീണ്ടും ഇറങ്ങി. തന്റെ കാലുറ അഴിച്ച് അതിൽ വെള്ളം നിറച്ചു. വായ കൊണ്ട് കടിച്ചുപിടിച്ച് കിണറ്റിൽനിന്നു കയറി. നായയെ വെള്ളം കുടിപ്പിച്ചു. അക്കാരണത്താൽ അല്ലാഹു അദ്ദേഹത്തോട് നന്ദി കാണിച്ചു. അദ്ദേഹത്തിന് പാപമോചനം നൽകി." ഇതു കേട്ട സ്വഹാബികൾ ചോദിച്ചു: "മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമോ നബിയേ?" പ്രവാചകർ(സ) പ്രതിവചിച്ചു: "അതെ, എല്ലാ ജീവികളിലും നിങ്ങൾക്ക് പ്രതിഫലമുണ്ട്."( ബുഖാരി, മുസ്ലിം)

ഇമാം ബുഖാരിയുടെ ഒരു റിപ്പോർട്ടിൽ അല്ലാഹു അദ്ദേഹത്തിനു പൊറുത്തുകൊടുത്തു സ്വർഗത്തിൽ പ്രവേശിപ്പിച്ചു എന്നുകൂടിയുണ്ട്.

പുണ്യങ്ങളുടെ അനന്തമായ സാധ്യതകളിൽ ചിലതാണ് ഉദ്ധരിക്കപ്പെട്ട കാര്യങ്ങളെല്ലാം. വളരെ ഗൗരവതരമായവ മാത്രമല്ല, എത്ര ചെറുതാണെങ്കിലും നല്ല കാര്യത്തിന്റെ മഹത്വം അല്ലാഹുവിന്റെയടുക്കൽ വലിയതാണ്. "നന്മയാൽ നിങ്ങൾ എന്തു ചെയ്താലും അല്ലാഹു അത് അറിയുന്നവനാണ്."(വി.ഖുർആൻ) "അണുമണി തൂക്കം നന്മ ഒരാൾ ചെയ്താൽ അതിനെ അവൻ കാണും."(വി.ഖുർആൻ)

സത്യവിശ്വാസികൾക്ക് അല്ലാഹു നൽകുന്ന അനുഗ്രഹമാണിതൊക്കെ. അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ച് ആത്മാർത്ഥമായി ചെയ്യുന്ന ഏത് നല്ല കർമ്മത്തിനും കണക്കറ്റ പ്രതിഫലങ്ങൾ അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു. സമ്പാദിക്കാൻ ശ്രമിക്കണമെന്നു മാത്രം.

"നിങ്ങൾക്കും ദാനം നൽകാൻ ചിലത് അല്ലാഹു നിശ്ചയിച്ചു തന്നിട്ടില്ലേ? എല്ലാ തസ്ബീഹുകളും സ്വദഖയാണ്. എല്ലാ തക്ബീറുകളും സ്തുതിവചനങ്ങളും തഹ്ലീലുകളും സ്വദഖയാണ്. നന്മകൽപ്പിക്കലും തിന്മ തടയലും സ്വദഖയാണ്. നിങ്ങളുടെ ഭാര്യമാരുടെ അടുത്ത് ചെല്ലുന്നതു പോലും സ്വദഖയാണ്.'

# സിവിൽ സർവ്വീസ് പരീക്ഷാ കോച്ചിംഗ് മാർഗ്ഗനിർദ്ദേശക ക്ലാസ്സുകൾ

**കോഴിക്കോട്:** ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്. എസ്., ഇന്ത്യൻ റെയിൽവെ, കംസ്റ്റംസ്, ഫോറസ്റ്റ് തുടങ്ങിയ ഉദ്യോഗ മേഖലയിലേക്ക് പഠിതാക്കളെ സജ്ജമാക്കുന്നതിന് പ്ലസ്ടു സ്ഥാപനങ്ങളിലും ഡിഗ്രി കോളേജുകളിലും മാർഗ്ഗ നിർദ്ദേശക പരിശീലന ക്ലാസുകൾ നടത്താൻ മസ്കത്ത് സുന്നി സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന ഹയർ എജു ക്കേഷണൽ പ്രോഗ്രാം കമ്മിറ്റി തീരുമാനിച്ചു. സിവിൽ പരീക്ഷ പരിശീലനങ്ങൾക്ക് തെരഞ്ഞെടുക്കുന്നവരുടെ മുഴു വൻ ചെലവുകളും കമ്മിറ്റി വഹിക്കും. കമ്മിറ്റിയുടെ ശ്രമ ഫലമായി ഇതിനകം രണ്ടുപേർക്ക് ഐ.എ.എസ്. ലഭിക്കു കയും കർണാടക, ഛത്തിസ്ഗഡ് സംസ്ഥാനങ്ങളിൽ ജില്ലാ കലക്ടർമാരായി സേവനമനുഷ്ഠിക്കുന്നുണ്ട്. ഡൽഹി കോച്ചിംഗ് സെന്ററിൽ ഇപ്പോൾ നാല് പേർ പരിശീലനം നേടി വരുന്നു.

പാണക്കാട് സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങൾ അദ്ധ്യക്ഷതവഹിച്ചു. സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ, മാന്നാർ ഇസ്മാഈൽ കുഞ്ഞുഹാജി, ഹാജി.കെ.മമ്മദ് ഫൈസി, പുറങ്ങ് അബ്ദുല്ല മുസ്‌ലിയാർ, ശാഹുൽഹമീദ് മാസ്റ്റർ, ശംസുദ്ദീൻ മാസ്റ്റർ, സലീം എടക്കര, ഡോ. എൻ. എ.എം.അബ്ദുൽഖാദിർ, പിണങ്ങോട് അബൂബക്കർ സംസാ രിച്ചു. അബ്ദുസ്സമദ് പൂക്കോട്ടൂർ സ്വാഗതം പറഞ്ഞു

# റെയ്ഞ്ച് വാർഷികം ആരംഭിച്ചു

**തിരുവനന്തപുരം:** വളർന്നുവരുന്ന തലമുറയിൽ ധർമ്മബോ ധവും മാനുഷിക മൂല്യവും നൽകുന്നതിന് മതപഠനം അനി വാര്യമാണെന്നും ഇതിന്നായി മതപഠന കേന്ദ്രങ്ങളും മദ്‌റ സാ പ്രസ്ഥാനങ്ങളും വഹിക്കുന്ന പങ്ക് നിസ്തുലമാണെന്നും കോഴിക്കോട് വലിയഖാസി പാണക്കാട് സയ്യിദ് നാസിർ ശിഹാബ് തങ്ങൾ പ്രസ്താവിച്ചു. ആലംകോട് റെയ്ഞ്ചിന്റെ നാൽപതാം വാർഷികത്തോടനുബന്ധിച്ച് ആറു മാസം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. കായംകുളം അബ്ദുല്ലത്തീഫ് മുസ്‌ലി യാർ പ്രാർത്ഥന നടത്തി.

വഹാബ് മുസ്‌ലിയാർ കരുനാ ഗപ്പള്ളി ഖിറാഅത്ത് നടത്തി. ഡി. ഇമാമുദ്ദീൻ സർ അധ്യക്ഷത വഹി ച്ചു. ശിഹാബുദ്ദീൻ ഫൈസി കൊല്ലം, അയ്യൂബ് ഖാൻ ഫൈസി, സിദ്ദീഖ് ഫൈസി അമ്മിനിക്കാട്, അഹ്മ്മദ് റശാദി, നസീർ ഖാൻ ഫൈസി, അസീം കാട്ട് മുറാക്കൽ, ശഫീഖ് ബാഖവി നരിക്കല്ല്മുക്ക്, നജീബ് മൗലവി, ഫാറൂഖ്, അബ്ദു റഹീം മൗലവി പേരുമല പ്രസംഗി ച്ചു. അബ്ദുറഹിമാൻ ബാഖവി വർക്കല സ്വാഗതവും കെ.അർശു ദ്ദീൻ മുസ്‌ലിയാർ നന്ദിയും പറഞ്ഞു.

## റെയ്ഞ്ച് ഭാരവാഹികൾ

**പൂക്കൊളത്തൂർ**

മുഹമ്മദ് ഫൈസി ആമയൂർ (പ്രസി), അബ്ദുൽ മജീദ് ദാരിമി പുല്ലാര, അബ്ദുൽ കരീം മുസ്‌ലിയാർ (വൈ.പ്ര സി.) സി.എ. അസീസ് പുൽപ്പറ്റ (ജ.സെക്രട്ടറി), നൂറു ദ്ദീൻ യമാനി (ജോ. സെക്രട്ടറി), വി.പി. ചെറി (ട്രഷറർ), പി.സി. അലവിക്കുട്ടി മുസ്‌ലിയാർ (പരീക്ഷാ ബോർഡ് ചെയർമാൻ).

**ചപ്പാരപ്പടവ്**

ശൗക്കത്തലി ഫൈസി നടുവിൽ (പ്രസി.) സൈതവി ഫൈസി, ഉമർ ഫൈസി (വൈ. പ്രസി.), അശ്റഫ് ഫൈസി അടിച്ചേരി (ജ.സെക്രട്ടറി), മുത്വലിബ് നൂറാനി അൽഹസനി, കോതേരി അബ്ദുല്ല ഫൈസി (ജോ.സെ ക്രട്ടറി), എം.എം. അജ്മൽ മാസ്റ്റർ (ട്രഷറർ), ഹൈദർ ഫൈസി (പരീക്ഷാ ബോർഡ് ചെയർമാൻ).

**ചാലിശ്ശേരി**

കെ.പി.എ.കബീർ റഹ്മാനി (പ്രസി.), സി.കെ.ഹംസ മൗലവി (ജ.സെക്രട്ടറി), പി.വൈ.കുഞ്ഞിമോൻ ഹാജി (ട്രഷറർ), പി.ടി.അബ്ബാസ് മൗലവി(പരീക്ഷാ ബോർഡ് ചെയർമാൻ), പി.ഖാലിദ് മദിനി, വി.പി.എം. അബൂഉ നൈസ് മൗലവി (വൈ. പ്രസി.), പി.എം.എ.കരീം ഫൈസി, കെ.എ.സഫറുദ്ദീൻ മുസ്‌ലിയാർ (ജോ.സെ ക്രട്ടറിമാർ).

**ഓമച്ചപ്പുഴ**

കെ.അശ്റഫ് ഫൈസി (പ്രസി.), സി.എ.നാസർ അശ്റ ഫി, കെ.പി.ഇബ്രാഹീം ഫൈസി (വൈ.പ്രസി.), പി. എ.സലാം മുസ്‌ലിയാർ (ജ.സെക്രട്ടറി), എം.ഹസൻ ഫൈസി, കെ.പി.അബ്ദുൽ ഗനിയ്യ് ഫൈസി(ജോ.സെ ക്രട്ടറി), കെ.പി.മുഹമ്മദ്കുട്ടി മുസ്‌ലിയാർ (ട്രഷറർ), സി. മുബാറക് ദാരിമി (ചെയർമാൻ പരീക്ഷാ ബോർഡ്).

**വെട്ടത്തൂർ**

എ.എം.അബ്ദു മുസ്‌ലിയാർ (പ്രസി), ബി.സൈനുദ്ദീൻ ഫൈസി, എം.കെ.ഹംസ ഫൈസി (വൈ.പ്രസി), പി. ശംസുദ്ദീൻ (ജ.സെക്രട്ടറി), വി.എ.സിദ്ദീഖ് ഫൈസി, എം.ഹനീഫ ഫൈസി (ജോ.സെക്രട്ടറി), പി.കെ.മുഹ മ്മദലി(ട്രഷറർ), എൻ.ടി.അബ്ദുന്നാസിർ ഫൈസി (പ രീക്ഷാ ബോർഡ് ചെയർമാൻ)



*ആലംകോട് റെയ്ഞ്ച് നാൽപതാം വാർഷികാഘോഷ പരിപാടികൾ കോഴിക്കോട് വലിയ ഖാസി പാണക്കാട് സയ്യിദ് നാസിർ ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു*

## എസ്.കെ.എസ്.എസ്.എഫ്. മേഖല കൗൺസിൽ

**എടവണ്ണപ്പാറ:** എസ്.കെ.എസ്.എസ്.എഫ്. എടവണ്ണപ്പാറ മേഖല കൗൺസിൽ ബി.എസ്.കെ. തങ്ങൾ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ബി.എസ്.കെ. തങ്ങൾ അധ്യക്ഷത വഹിച്ചു.

കെ.പി.സഈദ്, ടി.പി അലിഅക്ബർ, ശുക്കൂർ വെട്ടത്തൂർ, ഖാലിദ് മുസ്‌ലിയാർ ബാഖവി പ്രസംഗിച്ചു. ഭാരവാഹികളായി അഷ്‌റഫ് ദാരിമി വാഴയൂർ (പ്രസിഡന്റ്), മുഹമ്മദ് ശാഫി കോട്ടുപാടം, നാസിർ കീഴ്പറമ്പ്, അഷ്‌റഫ് വാഫി, അബ്ദുൽ കലാം ആസാദ് (വൈസ് പ്രസിഡന്റുമാർ), ടി.പി. അലിഅക്ബർ ഊർക്കടവ് ( ജനറൽ സെക്രട്ടറി), ഫൈസൽ മുതുപറമ്പ്(വർക്കിംഗ് സെക്രട്ടറി), യൂനുസ് മുസ്‌ലിയാർ, ജംശിദ് എടവണ്ണപ്പാറ അബ്ദുസലാം മൗലവി (ജോ. സെക്രട്ടറി), പി.കെ.ശുക്കൂർ വെട്ടത്തൂർ (ട്രഷറർ). എന്നിവരെ തെരഞ്ഞെടുത്തു.

## പ്രവാസി സംഗമം

**എടവണ്ണപ്പാറ:** റശീദിയ്യ അറബിക് കോളേജ് പ്രവാസി സംഗമം റശീദിയ്യ പ്രസിഡണ്ട് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ വി.പി. സൈതുമുഹമ്മദ് നിസാമി അധ്യക്ഷതവഹിച്ചു.

എം.പി.എം. അലി മൗലവി കൊണ്ടോട്ടി, വി. മുഹമ്മദ് മുസ്തഫ വട്ടപ്പാറ, കെ.സി.എ. നാസിർ വാവൂർ, സി.കെ. ശാക്കിർ ആക്കോട്, ഖാലിദ് ബാഖവി എടവണ്ണപ്പാറ, പി.എ. മൗലവി അച്ചനമ്പലം, എൻ. അബ്ദുൽഅസീസ് മൗലവി എടവണ്ണപ്പാറ, എം.കെ. മുജീബ്റഹ്മാൻ മുണ്ടുമുഴി, എ.കെ. മുഹമ്മദ് അശ്‌റഫ് വാവൂർ, വി.പി. അബ്ദുൽ അസീസ് മൗലവി പാഞ്ചീരി, മുഹമ്മദ് അശ്‌റഫ് ഓമാനൂർ, നൗഷാദ് കുനിത്തലക്കടവ്, കെ.കെ. അബ്ദുൽഅസീസ് വാവൂർ, എൻ.വി. അബ്ദുല്ലത്തീഫ് വട്ടപ്പാറ, റശീദിയ്യ വൈസ്പ്രസിഡണ്ട് കെ.പി. ബാപ്പു ഹാജി മുതുപറമ്പ്, കെ.ഇ. മുഹമ്മദ് ഹാജി നെല്ലാർ, അടുരപറമ്പ് ചെറിയാപ്പു ഹാജി, ബി.എസ്.കെ. തങ്ങൾ, എ.പി. അബ്ദുല്ലമൗലവി പങ്കെടുത്തു.

# പള്ളിദർസുകൾ ഊർജ്ജിതമാക്കാൻ രംഗത്തിറങ്ങണം: മുനവ്വറലി ശിഹാബ് തങ്ങൾ

**തിരൂർ:** മദ്രസകളെ എതിർക്കുന്നവർ മനുഷ്യത്വത്തെ എതിർക്കുന്നവരാണെന്ന് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു.

പള്ളിദർസുകളുടെ ശോഷണം മുസ്‌ലിം സമുദായം അനുഭവിക്കുന്ന പ്രശ്നങ്ങളുടെ പ്രധാന കാരണമാണ്. മദ്രസകൾ മാനവമോചനത്തിന് എന്ന പ്രമേയത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ സമ്മേളനം തിരൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു. പള്ളിദർസുകൾ ഊർജ്ജിതമാക്കാൻ രംഗത്തിറങ്ങണം.

കോട്ടുമല ടി.എം. ബാപ്പു മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. കെ.കെ.എസ്. തങ്ങൾ വെട്ടിച്ചിറ പതാക ഉയർത്തി. സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി പ്രാർത്ഥനക്ക് നേതൃത്വം നൽകി.

പിണങ്ങോട് അബൂബക്കർ, അബ്ദുസ്സമദ് പൂക്കോട്ടൂർ, എം.എ ചേളാരി, സ്വലാഹുദ്ദീൻ ഫൈസി വെന്നിയൂർ ക്ലാസെടുത്തു. എ. മരക്കാർ ഫൈസി, സയ്യിദ് ഹസീബ് സഖാഫ് തങ്ങൾ, റഹീം ചുഴലി, സയ്യിദ് മുഹമ്മദ് ജിഫ്‌രി തങ്ങൾ, കെ.പി. മുഹമ്മദ് മുസ്‌ലിയാർ, കെ.പി.എ റസാഖ് ഫൈസി, കെ. അലി മുസ്‌ലിയാർ, പി.എം. റഫീഖ് അഹമ്മദ്, ഇ. സാജിദ് മൗലവി പ്രസംഗിച്ചു. ടി. മൊയ്തീൻ മുസ്‌ലിയാർ പുറങ്ങ് സ്വാഗതവും പി.കെ. അബ്ദുൽ ഖാദർ ഖാസിമി നന്ദിയും പറഞ്ഞു.




*എസ്.കെ.ജെ.എം മലപ്പുറം ജില്ലാ പ്രതിനിധി സമ്മേളനം പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.*

# പുസ്തകം പ്രകാശനം ചെയ്തു

**കുവൈത്ത് സിറ്റി:** സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുശാവറ അംഗവും സുന്നി യുവജനസംഘം സംസ്ഥാന സെക്രട്ടറിയുമായ പി.പി. മുഹമ്മദ് ഫൈസി രചിച്ച് കുവൈത്ത് ഇസ്‌ലാമിക് സെന്റർ പ്രസിദ്ധീകരിച്ച 'സമസ്ത' ചരിത്ര പുസ്തകത്തിന്റെ പ്രകാശനം പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ നിർവഹിച്ചു.

പാണക്കാട് നടന്ന ലളിതമായ ചടങ്ങിൽ കാളാവ് സൈതലവി മുസ്‌ലിയാർ പുസ്തകം ഏറ്റുവാങ്ങി.

പി.പി.മുഹമ്മദ് ഫൈസി പുസ്തകം പരിചയപ്പെടുത്തി. പി.കെ.എ. ലത്തീഫ് ഫൈസി, ഹസൻ സഖാഫി പൂക്കോട്ടൂർ പങ്കെടുത്തു. കുവൈത്ത് ഇസ്‌ലാമിക് സെന്റർ മുൻ ചെയർമാൻ നെന്മിനി മുഹമ്മദ് ഫൈസി സ്വാഗതവും കോ-ഓഡിനേറ്റർ ഒ.അബ്ദുറഹ്മാൻ ഹാജി നന്ദിയും പറഞ്ഞു.

വിചാരപഥം

▸▸ പിണങ്ങോട്

# ഭീകരവാദ'പക്ഷം'

ഇന്ത്യയിലിപ്പോൾ മിക്ക മാധ്യമങ്ങളും നേതാക്കളും ഭീകരവാദികളെ തെരയുകയാണ്. ആരാണ് ഈ ഭീകരവാദികൾ എന്ന് കണ്ടുപിടിച്ച് അറസ്റ്റ് ചെയ്തു അകത്താക്കാൻ പോലീസും നടപടികൾ കൈക്കൊള്ളാൻ കോടതികളും ഉണ്ടായിരുന്നു എന്നാണ് നാമൊക്കെ കരുതിയിരുന്നത്.

എന്നാൽ, ആരാണ് ഭീകരർ എന്ന് ഇതുവരെ വ്യക്തത വന്നില്ലെന്നാണ് വാർത്തകൾ നൽകുന്ന ഗുണപാഠം. 'വിക്കിലീക്സ്' മേധാവി അസഞ്ചെയാണ് ഹൈടെക് ഭീകരൻ എന്ന് അമേരിക്ക പറഞ്ഞുകഴിഞ്ഞതിനാൽ ഇനി ആ രംഗത്ത് തർക്കത്തിന് സാധ്യത ഇല്ല. കാരണം, വലിയമ്മാവൻ പറയുന്നതാണല്ലോ അനുസരണയുള്ള മരുമക്കളുടെ നാട്ടുനടപ്പ്.

ഹിന്ദു ഭീകരവാദമാണ് പ്രശ്നമെന്ന് അമേരിക്കക്കാരനോട് രാഹുൽ ഗാന്ധി പറഞ്ഞത് 'രാഹുകാലം' കഴിയാതെയാണോ എന്നുവേണം സംശയിക്കാൻ. ആർ.എസ്.എസ്. നാസിസ്റ്റുകളെ പോലെയാണെന്ന ദിഗ്‌വിജയ് സിംഗ് നടത്തിയ പ്രസ്താവന ഒട്ടും ശരിയായില്ലെന്ന് ഇസ്രാഈൽ മന്ത്രി ഔദ്യോഗികമായി പ്രതികരിച്ചു.

ഹേമന്ത് കർക്കറെ എങ്ങനെ 'കാമാ' ആസ്പത്രി പരിസരത്തെത്തി? എത്താൻ സിറ്റി പോലീസ് സുപ്രണ്ട് അബ്ദുൽ ഗഫൂർ നിർദേശിച്ചത് ട്രഡന്റ് ഹോട്ടലിനടുത്തേക്കായിരുന്നുവല്ലോ, കർക്കരെയുടെ ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് എവിടെ, കാർക്കരെക്ക് ഏറ്റ വെടി ആരുടെ, ഏത് തോക്കിൽ നിന്ന് വന്ന ഉണ്ടയാണ്? ഇതിനൊന്നും ഇന്നോളം ഉത്തരം കിട്ടിയിട്ടില്ല.

ഇക്കാര്യം പാർലമെന്റിൽ പറഞ്ഞ അബ്ദുറഹിമാൻ ആന്തുലെയുടെ അഡ്രസ് പോലും ഇപ്പോഴില്ല. അദ്ദേഹം പ്ലീനറി സമ്മേളനത്തിലുണ്ടോ എന്നുപോലും ഒരു പത്രവും പറഞ്ഞുകണ്ടില്ല.

മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്ന നാഥൂറാം വിനായക് ഗോഡ്സെ വിശുദ്ധനോ ഭീകരനോ എന്ന് തർക്കംപിടിക്കുന്ന കാലമാണിത്.

ബാബ്‌രി പള്ളി പൊളിച്ചത് നികൃഷ്ടമോ ഉൽകൃഷ്ടമോ (പിണറായി മാപ്പാക്കണം വാക്ക് ഞാനും ഉപയോഗിക്കുകയാണ്) എന്ന് തർക്കംപിടിച്ചാണ് കോടതികളിൽ പോലും കോലാഹലം. ബഹുമാനപ്പെട്ട കോടതികളോട് അങ്ങേയറ്റം ആദരവുണ്ട്. ഇല്ലെങ്കിൽ വിവരമറിയുമെന്ന് ജയരാജൻ പോലും തിരിച്ചറിഞ്ഞുതുടങ്ങി. എന്നാലും ബാബ്‌രി പള്ളി സംബന്ധിച്ച് അലഹബാദ് ഹൈക്കോടതിയുടെ ലക്നോ ബെഞ്ചിന്റെ വിധി ഇടനെഞ്ച് ചേർത്തു വായിച്ചാൽ ജയരാജന്മാരെ കൊണ്ട് കോടതികൾതന്നെയാണ് ചിലതൊക്കെ പറയിപ്പിക്കുന്നതെന്നു തോന്നാതിരിക്കുമോ.

തീവ്രവാദത്തിന് പക്ഷം ഇല്ലെന്ന പക്ഷമാണ് നിഷ്പക്ഷം. ഈ പക്ഷം ആരുമത്ര ഗൗനിക്കുന്നില്ലെന്നുമാത്രം. മലേഗാവ് സ്ഫോടനം, വാരാണസി സ്ഫോടനം, വ്യാജ ഏറ്റുമുട്ടൽ, മക്ക മസ്ജിദ് സ്ഫോടനം, ലൗജിഹാദ് കോലാഹലം ഇതൊക്കെ നടന്ന നാടാണല്ലോ നമ്മുടെ നാട്. ഇതൊക്കെ തിരക്കഥയൊരുക്കി അവതരിപ്പിച്ചവരെ ഭീകരർ എന്നു വിളിച്ചുകൂടെന്നാണ് വാദമെങ്കിൽ പിന്നെ ആരാണാവോ ഭീകരർ?

വരുന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് വോട്ട് കിട്ടാനാണ് രാഹുൽഗാന്ധി ഇങ്ങനെ പറഞ്ഞതെന്നായിരുന്നു മുതിർന്ന ബി.ജെ.പി. നേതാവിന്റെ പ്രതികരണം. വേറൊരു ബി.ജെ.പി. നേതാവ് ചാനൽ ചർച്ചയിൽ പറഞ്ഞത് രാഹുൽ രാഷ്ട്രീയ കുട്ടിയാണെന്നും ഒന്നും വകതിരിവായില്ലെന്നുമാണ്. ഏത് നേതാവിന്റെ പ്രസ്താവനയാണ് ഒറിജിനൽ എന്നാരറിഞ്ഞു.

മതതീവ്രവാദം എന്നു പറയുന്നത് ഒരു തമാശയാണ്. എന്നാൽ എല്ലാ കൊലകളും അങ്ങനെ കണക്കാക്കേണ്ടിവരും. ചേകന്നൂർ അലിഹസൻ മൗലവിയെ വധിച്ചതാണെന്ന് കോടതിപോലും പറയുന്നു. ഒരു സഖാഫിയെ ശിക്ഷിക്കുന്നു. ഇതു മതഭീകരവാദമാണെന്നെങ്ങനെ പറയും? വകതിരിവില്ലാത്തവരുടെ മണ്ടത്തരം എന്നു പറയാം. ഗുരുത്തക്കേടെന്നും പറയാം. എന്നാൽ, അതു പോലെയാണോ ആർ.എസ്.എസും ഭജ്റംഗ്ദളും സംഘ്പരിവാർ സംഘടനകളും ഫാസിസ്റ്റുകളും അതുപോലുള്ളവരും. അവർ തീവ്രവാദത്തിനായി മതം ഉപയോഗിക്കുന്നവരാണ്. അവർക്ക് ഒരു ശത്രുവും ഒരു ലക്ഷ്യവും ഉണ്ട്. അത് ഹൈന്ദവ സംസ്കാരം മാത്രമുള്ള ഒരു രാജ്യമാണ്.

ഇതിന് സാംസ്കാരിക ഫാസിസം എന്നു പറഞ്ഞാൽ അത് കടന്നാക്രമണമാണെന്നു പറയുന്നതല്ലേ കടന്നാക്രമണം. ഹൈന്ദവഭീകരത ഒരു യാഥാർത്ഥ്യമാണ്. അതു തന്നെയാണ് ഏറ്റവുമധികം ഭയക്കേണ്ടതും.

ദിഗ്‌വിജയ്സിംഗ് പറയുന്നത് പോലീസിലും പട്ടാളത്തിലും സർക്കാർ ഉദ്യോഗത്തിലും ഈ ഭീകരർ നുഴഞ്ഞുകയറിയിട്ടുണ്ട് എന്നാണ്. ആകയാൽ തർക്കംപിടിച്ചു സമയം കളയുകയല്ല വേണ്ടത്, ശുദ്ധീകരണമാണ്.

ഭാരതം ആരുടെയും വകയല്ല, അത് ഭാരതീയർക്കുള്ളതാണ്. അതിന് ജാതി മത വർഗ ദേശ പരിഗണന പാടില്ല. അതുണ്ടാക്കാനുള്ള നീക്കം നുള്ളിക്കളഞ്ഞാൽ പോരാ പിഴുതുകളയണം.

ദേശീയ കാഴ്ചപ്പാടുള്ള പാർട്ടികളും നേതാക്കളും ഒരാശ്വാസമാണ്. മതേതരത്വം നിലനിർത്താൻ അവർക്കേ കഴിയൂ, പക്ഷേ, അഭിനയമാവരുത്. കാറ്റനുസരിച്ച് തൂറ്റുന്ന നിലപാടുകൾ കാന്തപുരത്തിന്റേതാണ്. അതാണദ്ദേഹം കരുണാകരനെ കാണാൻ ആസ്പത്രിയിൽ പോയി പടമെടുത്തു പത്രക്കാർക്ക് കൊടുത്തത്. സത്യസന്ധമാവണം നിലപാടുകൾ. അരുന്ധതി റോയിയുടെ വാക്ക് 2010-ലേതും ജവഹർലാൽ നെഹ്റുവിന്റേത് 1948-ലേതുമായതിനാൽ രണ്ടും ഫലത്തിലൊന്നാണെങ്കിലും തത്വത്തിൽ രണ്ടാണെന്ന് വ്യാഖ്യാനിച്ച സുകുമാർ അഴീക്കോട് മാഷും സാധ്യതകൾ നോക്കി സംസാരിക്കുകയാണ്. നമുക്കാവശ്യം നട്ടെല്ലുള്ള നേതാക്കളും നിലപാടുകളും നടപടികളുമാണ്.